# ഋതുമതിയാകുമ്പോൾ

ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് ഉസൈമീൻ

വിവ: എൻ.വി. മുഹമ്മദ് സകരിയ്യ അരീക്കോട്

*The Cooperative Offices for Call & Guidance at Al-Badiah & Industrial Area*
*Under the Supervision of the Ministry of Islamic Affairs Endowment Guidance & Propagation*
**P.O. Box: 24932 Riyadh 11456 - K.S.A. (Al-Badiah) Tel.: 4330888 (Four Lines)**
**(Industrial Area) Tel.: 4303572 - Fax: 4301122**

# ഋതുമതിയാകുമ്പോൾ

ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് ഉസൈമിൻ

വിവ: എൻ.വി. മുഹമ്മദ് സകരിയ്യ അരീക്കോട്

പ്രസാധകർ: മക്തബുൽ ജാലിയാത്ത് റൗദഃ, രിയാദ്
(മിനിസ്ട്രി ഓഫ് ഇസ്‌ലാമിക് അഫേഴ്സ്, സഊദി അറേബ്യ)

فضيلة الشيخ محمد بن صالح العثيمين

# ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉസൈമീൻ

ലോക മുസ്‌ലിം പണ്ഡിതരിൽ പ്രമുഖൻ. സഊദി അറേബ്യയിലെ ഉന്നത പണ്ഡിത സഭയിൽ അംഗം. അല്ലാമാ ശൈഖ് അബ്ദുൽ അസീസ് ബിൻ ബാസിനോടൊപ്പം അറിയപ്പെടുന്ന നാമം. ഇമാം മുഹമ്മദ് ബിൻ സുഊദ് ഇസ്‌ലാമിക് യൂനിവേഴ്സിറ്റി (ഖസീം) "ഖിസ്മുൽ അഖീദ" യുടെ തലവൻ. ഹി1414 ലെ ഫൈസൽ അവാർഡ് ജേതാവ്. ചെറുതും വലുതുമായ നൂറോളം കൃതികളുടെ കർത്താവ്.

ജനനം 1347ഹി റമദാൻ27. സ്വദേശമായ ഉനൈസയിൽ വെച്ച് പ്രാഥമിക പഠനം പൂർത്തിയാക്കി. റിയാദിലെ അൽ ഇമാം ഇസ്‌ലാമിക് യൂനിവേഴ്സിറ്റി യിൽ നിന്ന് ശരീഅ:യിൽ ബിരുദം നേടി. തന്റെ വന്ദ്യ ഗുരുനാഥൻ ശൈഖ് അബ്ദുറഹ്മാൻ സഅദി നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയായി. അതോടെ ഉനൈസയിലെ ഇമാമും മുഫ്തിയുമായി. മതവിധികൾക്ക് ഖുർആനും സുന്നത്തും ആധാരമാക്കണമെന്നും മദ്ഹബുകളെ അന്ധമായി അനുകരിക്കാൻ പാടില്ലെന്നും പഠിപ്പിക്കുന്ന ശൈഖ് ഉസൈമീന്റെ കൃതികൾ ഹൃദ്യവും തെളിവുകൾ കൊണ്ട് ധന്യവുമാണ്.

പുസ്തകത്തെപ്പറ്റി ,

ശൈഖ് ഉസൈമീൻ എഴുതിയ الدماء الطبيعية للنساء (സ്ത്രീകളിൽ പ്രകൃത്യാ കാണപ്പെടുന്ന രക്ത സാന്നിദ്ധ്യം) എന്ന ലഘു കൃതിയുടെ വിവർത്തനമാണ് " ഋതുമതിയാകുമ്പോൾ ". മുസ്ലിമായ ഓരോ സ്ത്രീയും അവശ്യം വായിച്ചിരിക്കേണ്ട കൃതിയാണിത്. സ്ത്രീകൾ പ്രത്യേകമായി അഭിമുഖീകരിക്കുന്ന ആർത്തവം, രക്തസ്രാവം, പ്രസവാശുദ്ധി എന്നീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട മതവിധികൾ ലളിതമായി ഇതിൽ വിവരിച്ചിരിക്കുന്നു. കർമ്മശാസ്ത്ര ഗ്രന്ഥങ്ങൾ ചർവ്വിത ചർവ്വണം നടത്തി സങ്കീർണമാക്കിയ പല പ്രശ്നങ്ങളും വിശുദ്ധ ഖുർആനിന്റെയും നബിചര്യയുടെയും വെളിച്ചത്തിൽ വിലയിരുത്തുകയാണിവിടെ. ഹമ്പലീ മദ്ഹബിനോട് ആഭിമുഖ്യം പുലർത്തുന്നവരാണ് ശൈഖിന്റെ അഭിസംബോധിതരിൽ പലരും. അതിനാൽ ഹമ്പലീ വീക്ഷണങ്ങളെ പ്രത്യേകം ചർച്ചാവിധേയമാക്കുന്നത് കാണാം.

അടിക്കുറിപ്പുകൾ പരിഭാഷകന്റേതാണ്. ബുഖാരിയും മുസ്ലിമും റിപ്പോർട്ട് ചെയ്യാത്ത ഹദീസുകളുടെ സ്വീകാര്യത ഗ്രഹിക്കുന്നതിൽ വിഖ്യാതനായ വിശ്വ ഹദീസ് പണ്ഡിതൻ ശൈഖ് നാസ്വിറുദ്ധീൻ അൽബാനിയുടെ കൃതികളാണ്

അവലംബം. സഊദി അറേബ്യയിലെ മതകാര്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന "മക്തബു തഅ്‌വുനീ ലിദ്ദഅ്‌വത്തി വൽ ഇർഷാദ്" വ തൗഇയതുൽ ജാലിയാത്ത്", റൗദ: (രിയാദ്) എന്ന സ്ഥാപനമാണ് ഈ കൃതിയുടെ പ്രസാധകർ.

അബദ്ധങ്ങളില്ലാതിരിക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. എന്നാലും തെറ്റുകൾ കണ്ടേക്കാം. ശ്രദ്ധയിൽ പെടുന്നവരോട് ഉണർത്തണമെന്ന് അപേക്ഷിക്കുന്നു. എം. ഐ. മുഹമ്മദലി സുല്ലമി, ഇ. അബ്ദുസ്സലാം ഫാറൂഖി, ഒയാസിസ് ജനറൽ സർവ്വീസ്, (റിയാദ്) തുടങ്ങി പുസ്തകത്തിന്റെ വിവിധ ഘട്ടങ്ങളിൽ സഹകരിച്ച എല്ലാവരോടും നന്ദി പറയുന്നു. പ്രതിഫലർഹമായ ഒരു കർമ്മമായി അല്ലാഹു ഇത് സ്വീകരിക്കട്ടെ .

- വിവർത്തകൻ.

## ഉള്ളടക്കം

# ആർത്തവം 11– 68


| | |
|---|---|
| ആർത്തവ പ്രായം | 15 |
| ആർത്തവ കാലം | 18 |
| ഗർഭിണിയും ആർത്തവവും | 27 |
| അവസ്ഥാഭേദങ്ങൾ | 32 |
| ആർത്തവം - വിധിവിലക്കുകൾ | 40 |
| നമസ്കാരം | 40 |
| ദിക്റും ദുആയും പാടുണ്ടോ? | 43 |
| ഖുർആൻ ഓതാമോ? | 44 |
| നോമ്പ് | 48 |
| കഅബാ പ്രദക്ഷിണം | 50 |
| ത്വവാഫുൽ വിദാഅ് | 51 |
| പള്ളിയിൽ കഴിച്ചുകൂട്ടൽ | 53 |
| ലൈംഗികവേഴ്ച | 53 |
| വിവാഹമോചനം | 56 |
| ദീക്ഷാകാലം | 61 |
| ഗർഭമില്ലെന്ന് സ്ഥിരീകരിക്കൽ | 64 |
| കുളിക്കൽ | 65 |

## രക്തസ്രാവം 68– 80


| | |
|---|---|
| മൂന്നു അവസ്ഥകൾ | 69 |
| സാദൃശ്യമുള്ള ചില അവസ്ഥകൾ | 74 |
| രക്തസ്രാവവും വിധിവിലക്കുകളും | 76 |
| ലൈംഗികവേഴ്ച | 79 |


## പ്രസവാശുദ്ധി 80 – 90


| | |
|---|---|
| പ്രസവാശുദ്ധിയും വിധിവിലക്കുകളും | 84 |
| ദീക്ഷാകാലം | 84 |
| ഈലാഇൻെറ സമയ പരിധി | 85 |
| പ്രായപൂർത്തി | 86 |
| ഇടയക്ക് നിന്നാൽ | 86 |
| ലൈംഗികവേഴ്ച. | 89 |


## ചില ആധുനിക പ്രശ്നങ്ങൾ 90–80


| | |
|---|---|
| ആർത്തവ ചക്രത്തിൽ മാറ്റമുണ്ടാക്കാമോ | 90 |
| ഗർഭനിരോധന മാർഗങ്ങൾ സ്വീകരിക്കാമോ? | 93 |
| ഗർഭം ഒഴിവാക്കാമോ? | 95 |
| ഗർഭച്ഛിദ്രം | 95 |
| ഗർഭം പ്രസവിപ്പിക്കൽ | 96 |
| ശസ്ത്രക്രിയ | 96 |
| മതവിധി നൽകുന്നവരോട് പ്രത്യേകം | 99 |

بسم الله الرحمن الرحيم

സർവ്വ സ്തുതിയും അല്ലാഹുവിനത്രെ. നാം അവനെ പ്രകീർത്തിക്കുന്നു, അവനോട് സഹായമർത്ഥിക്കുന്നു, പാപമുക്തി തേടുന്നു, അവനിലേക്ക് പശ്ചാതപിച്ചു മടങ്ങുന്നു. മനസ്സിലെ മാലിന്യങ്ങളിൽ നിന്നും ദുഷ്ചെയ്തികളിൽ നിന്നും അവനോട് ശരണം തേടുന്നു. അവൻ നേർവഴി നടത്തിയവനെ ദുർമാർഗിയാക്കാനും, അവൻ ദുർവഴി നടത്തിയവനെ സൻമാർഗിയാക്കാനും ഒരാൾക്കും സാധ്യമല്ല. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അവൻെറ ദൂതനും ദാസനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിലും, കടുംബത്തിലും, അനുചരൻമാരിലും, അന്ത്യനാൾ വരെ നൻമയിൽ അവരെ അനുഗമിച്ചവരിലും അല്ലാഹു അനുഗ്രഹം ചൊരിയട്ടെ. അദ്ദേഹത്തിന്നവൻ സമാധാനം നൽകട്ടെ.

സ്ത്രീകളിൽ പ്രത്യേകമായി കാണപ്പെടുന്ന രക്ത സാന്നിധ്യം മൂന്നു വിധമാണ് (1)ആർത്തവം الحيض (2)രക്തസ്രാവം الاستحاضة (3) പ്രസവരക്തം النفاس. ഇവയുമായി ബന്ധപ്പെട്ട മതവിധികൾ ഗ്രഹിക്കുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. പണ്ഡിതൻമാർ രേഖപ്പെടുത്തിയ ഭിന്നാഭിപ്രായങ്ങളിൽ തെറ്റും ശരിയും വേർതിരിച്ചു മനസ്സിലാക്കണം. അതിൽ ഖുർആനും സുന്നത്തും മാത്രമേ അവലംബമാക്കാൻ പാടുള്ളൂ. കാരണം: 1) ദൈവീകമായ വിധിവിലക്കുകളുടെ അടിസ്ഥാന നിദാനങ്ങൾ അവ രണ്ടുമാണ്. അവയുടെ നിർദേശങ്ങൾ ക്കനുസരിച്ചാണ് മനുഷ്യൻ അല്ലാഹുവെ ആരാധിക്കേണ്ടത്. അതിനാണവൻ കൽപിക്കപ്പെട്ടത്. 2) ഖുർആനും സുന്നത്തും അവലംബിക്കുമ്പോഴാണ് മന:സ്സമാധാനം ലഭിക്കുക. വിശാലമനസ്കതയും സംതൃപ്തിയുമുണ്ടാവുക ബാധ്യത നിറവേറ്റിയ ചാരിതാർത്ഥ്യം കൈവരിക.

കാരണം അല്ലാഹുവിൻെറ വചനവും റസൂലിൻെറ ചര്യയുമല്ലാത്ത മറ്റൊന്നും മതത്തിൽ പ്രമാണങ്ങളല്ല. പണ്ഡിതനായ സ്വഹാബിയുടെ അഭിപ്രായങ്ങൾ പോലും സ്വീകാര്യമാകാൻ നിബന്ധനകളുണ്ട്. 1) ഖുർആനിനും സുന്നത്തിനും എതിരാകരുത് 2) മറ്റൊരു സ്വഹാബി എതിരഭിപ്രായം പ്രകടിപ്പിക്കരുത്. ഖുർആനിലും സുന്നത്തിലും ഉള്ളതിനോട് എതിരാണെങ്കിൽ അത്

തള്ളപ്പെടും, മറ്റൊരു സ്വഹാബി വിയോജിപ്പ് പ്രകടിപ്പിച്ചാലാകട്ടെ രണ്ടഭിപ്രായങ്ങളിൽ ഖുർആനിനോടും സുന്നത്തിനോടും കൂടുതൽ യോജിക്കുന്നത് മാത്രം സ്വീകരിക്കപ്പെടും. അല്ലാഹു പറയുന്നത് കാണുക:

فَإِن تَنازَعتُم في شَيءٍ فَرُدّوهُ إِلى اللهِ وَالرَّسولِ إِن كُنتُم تُؤمِنونَ بِاللهِ

واليَومِ الاخِرِ ذلِكَ خَيرٌ و أَحسَنُ تاويلا النساء : ٥٩

നിങ്ങൾക്കിടയിൽ ഏതെങ്കിലും പ്രശ്നത്തിൽ അഭിപ്രായ ഭിന്നതയുണ്ടായാൽ അത് അല്ലാഹുവിലേക്കും റസൂലിലേക്കും നിങ്ങൾ മടക്കണം; നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ. അതാണ് ഉത്തമവും ഏറ്റവും നല്ല പര്യവസാനമുള്ളതും (നിസാഅ് 59)

# ആർത്തവം[1]

"ഹയ്ദ്" (الحيض) എന്ന അറബി പദത്തിൻെറ മലയാള വിവർത്തനമാണ് ആർത്തവം. ഒഴുകുക എന്നത്രെ "ഹയ്ദ്"ൻെറ ഭാഷാർത്ഥം. പ്രകൃതി താൽപര്യമെന്നോണം സമയബന്ധിതമായി സ്ത്രീകളിൽ കാണപ്പെടുന്ന

---

1 ദിവസേന ദശലക്ഷക്കണക്കിന് ബീജങ്ങളെ ഉൽപാദിപ്പിക്കുന്ന പുരുഷൻെറ പ്രത്യുൽപാദനാവയവങ്ങളിൽനിന്നു വ്യത്യസ്തമാണ് സ്ത്രീയുടെ പ്രത്യുൽപാദന വ്യവസ്ഥ. ഒരവസരത്തിൽ സാധാരണഗതിയിൽ ഒരു ബീജം മാത്രമെ അത് പുറത്തുവിടുകയുള്ളൂ. അതിനെ അണ്ഡം (ovum,egg) എന്നു വിളിക്കുന്നു. ശരാശരി ഇരുപത്തെട്ട് ദിവസം കൂടുമ്പോൾ ഒരണ്ഡം പുറത്തുവരുന്നു. 28ദിവസമെന്നത് കേവലം ശരാശരി കണക്കാണെന്ന് പ്രത്യേകം മനസ്സിലാക്കണം. കൃത്യമായ കാലയളവ് നിർണ്ണയിക്കപ്പെട്ടിട്ടില്ല. അത് വ്യത്യാസപ്പെട്ടു കൊണ്ടിരിക്കുന്നതിൻെറ കാരണം കണ്ടെത്തിയിട്ടുമില്ല. അതുപോലെ കൗമാരപ്രായത്തിലുള്ള യുവതികളിൽ മുതിർന്ന സ്ത്രീകളെക്കാൾ ആർത്തവം ക്രമരഹിതമാകാറുണ്ട്.

പുരുഷൻെറ രണ്ടു വൃഷ്ണങ്ങൾക്ക് സമാനമായി സ്ത്രീയുടെ ഗർഭാശയത്തിൻെറ ഇരുവശങ്ങളിലും ഓരോ അണ്ഡാശയമുണ്ട്. അതിൽ ഏതെങ്കിലുമൊന്നിൽ നിന്ന് ഒരണ്ഡം പുറത്തുവരികയും ഫലോപിയൻ ട്യൂബ് (Fallopian tube) വഴി ഗർഭാശയത്തിലേക്ക് പ്രയാണം നടത്തുകയും ചെയ്യുന്നു. ഈ പ്രയാണമദ്ധ്യേ അണ്ഡം പുരുഷബീജവുമായി സംഗമിച്ചാൽ ഗർഭധാരണ ത്തിനുള്ള സാധ്യതയായി അഥവാ പുരുഷബീജവും അണ്ഡവും തമ്മിലുള്ള സങ്കലനം നിമിത്തമാണ് ഗർഭധാരണമുണ്ടാകുന്നത്. സങ്കലനം

സ്വാഭാവിക രക്ത സാന്നിദ്ധ്യമെന്നാണ് അതിന്റെ മതപരമായ വിവക്ഷ. അതിനാൽ രോഗം മൂലമോ, മുറിവിനാലോ, ഗർഭച്ഛിദ്രം വഴിയോ, പ്രസവം നിമിത്തമോ ഉണ്ടാകുന്ന രക്തസാന്നിദ്ധ്യം ഇതിൽ പെടുകയില്ല. സ്വാഭാവികമായ രക്തസാന്നിദ്ധ്യ മായതുകൊണ്ട് സ്ത്രീയുടെ ശരീരപ്രകൃതി, ജീവിതമേഖല, പരിതസ്ഥിതി എന്നിവക്കനുസരിച്ച് രജസ്സ്വലയാകുന്നതിൽ പ്രകടമായ വ്യത്യാസങ്ങൾ ഉണ്ടാകും.

---

സിദ്ധിച്ച അണ്ഡത്തെ സിക്താണ്ഡം (zygot) എന്നു പറയുന്നു. സിക്താണ്ഡം താമസിയാതെ കോശവ്യൂഹമായി വിഭജിക്കപ്പെടുകയും തുടർന്ന് കുഞ്ഞിന്റെ ഭ്രൂണമായി രൂപാന്തരപ്പെടുകയും ചെയ്യും.

അണ്ഡാശയത്തിൽനിന്നു പാകമായ അണ്ഡം പുറത്തുവന്ന് ഗർഭാശയത്തിലേക്ക് പ്രയാണമാരംഭിക്കുന്നതോടെ ഗർഭാശയ പടലത്തിൽ രക്തവും പോഷകദ്രവ്യവും (nutrient) അടുക്കുകളായി കുമിഞ്ഞുകൂടുന്നു. തന്നിമിത്തം ഗർഭാശയ പടലം കട്ടിയുള്ളതായിത്തീരും. ബീജ സങ്കലനമുണ്ടായാൽ സിക്താണ്ഡം പ്രസ്തുത പടലത്തിൽ അള്ളിപ്പിടിക്കുകയും താമസിയാതെ ഭ്രൂണമായി മാറുകയും ചെയ്യുന്നു. തുടർന്ന് രക്തവും പോഷകദ്രവ്യവും (nutrient) കുമിഞ്ഞുകൂടിയ പ്രസ്തുത പടലത്തിൽ നിന്നു തന്നെ ഭ്രൂണത്തിന്റെ വളർച്ചക്കാവശ്യമായ പോഷകാഹാരം (nutrishment) സ്വീകരിക്കുകയും ചെയ്യുന്നു.

എന്നാൽ ബീജസങ്കലനം നടക്കാത്ത സാഹചര്യത്തിൽ അണ്ഡം ഗർഭാശയത്തിലെത്തുന്നതോടെ കുമിഞ്ഞുകൂടിയ രക്തപാളികളത്രയും അടർന്നുവീണ് പുറന്തള്ളപ്പെടുന്നു. ഇതത്രെ ആർത്തവം. രക്തവും ഏതാനും കോശങ്ങളുമാണതിലുണ്ടാവുക. ബീജസങ്കലനം സിദ്ധിക്കാത്ത അണ്ഡം സൂക്ഷ്മമായതിനാൽ തിരിച്ചറിയപ്പെടുന്നില്ല.

ഗർഭാശയത്തിൽവെച്ച് മറ്റുള്ളവരെപ്പോലെ പോഷകദ്രവ്യങ്ങൾ സ്വീകരിക്കാൻ കുഞ്ഞിന് നിവൃത്തിയില്ല. അതെത്തിച്ചു കൊടുക്കാൻ മാതാവിനും കഴിയില്ല. അതിനാൽ അല്ലാഹു മാതാവിൻെറ ഗർഭാശയത്തിൽ പ്രത്യേക രീതിയിൽ രക്തപാളി കളൊരുക്കുകയും, ശിശുവിൻെറ പോഷണത്തിനാവശ്യമായ ദ്രവ്യങ്ങൾ പൊക്കിൾകൊടി വഴി സ്വമേധയാ കുഞ്ഞിൻെറ ധമനികളിൽ എത്തിക്കുകയും ചെയ്യുന്നു. അതിനാൽ തിന്നുക, ദഹിക്കുക എന്ന പ്രശ്നമുദിക്കുന്നില്ല. ഇതത്രെ ആർത്തവത്തിലെ യുക്തി - ഏറ്റവും നന്നായി സൃഷ്ടി

---

ആർത്തവം ആരംഭിക്കുന്നതോടെ സ്ത്രീയുടെ പ്രത്യുൽപാദന പ്രക്രിയ പുനരാരംഭിക്കുകയായി. സിക്താണ്ഡത്തെ സ്വീകരിക്കുവാനായി ഗർഭാശയപടലത്തിൽ വീണ്ടും രക്തവും പോഷകദ്രവ്യവും (nutrient) കുമിഞ്ഞു കൂടാനാരംഭിക്കുന്നു. സാധാരണഗതിയിൽ ആർത്തവം ആരംഭിച്ച് പതിനാല് ദിവസങ്ങൾക്ക് ശേഷമാണ് അടുത്ത അണ്ഡം പുറത്തുവരുന്നത്. ഈ സമയത്ത് ലൈംഗികവേഴ്ച ഒഴിവാക്കുകയോ, നടക്കാതിരിക്കുകയോ, മറ്റെന്തെങ്കിലും മാർഗേണ പുരുഷബീജവുമായി സംഗമിക്കുന്നത് തടയപ്പെടുകയോ ചെയ്യുമ്പോൾ സ്ത്രീ ഗർഭിണിയാവുകയില്ല. പകരം ശരാശരി ഓരോ ഇരുപത്തെട്ട് ദിവസം കൂടുമ്പോഴും ആർത്തവമുണ്ടാകുന്നു. എന്നാൽ ഗർഭധാരണത്തോടെ ആർത്തവം നിലക്കുന്നു. പിന്നീട് ഗർഭത്തിൻെറ പരിണിതി നിർണയിക്കപ്പെടുന്നതു വരെ അണ്ഡോൽപാദനവും ഇല്ലാതാവുന്നു. അഥവാ കുഞ്ഞ് ജനിക്കുകയോ, ഗർഭം ഇല്ലാതാക്കപ്പെടുകയോ ചെയ്തശേഷമല്ലാതെ വീണ്ടും അണ്ഡോൽപാദനവും ആർത്തവചക്രവും ആരംഭിക്കുകയില്ല.(New Complete Medical and Health Encyclopedia Chicago, U.S.A.Vol.1 Ch.4. The beginning of family)

നടത്തുന്നവൻ; അല്ലാഹു അനുഗ്രഹപൂർണനത്രെ- അതിനാൽ ഗർഭിണി യാകുന്നതോടെ സാധാരണ ഗതിയിൽ ആർത്തവം നിലക്കുന്നു. വിരളമായി മാത്രമെ ഇതിന് അപവാദമുണ്ടാകാറുള്ളു. അതുപോലെ മുലയൂട്ടുന്ന മാതാക്കളിലും, പ്രത്യേകിച്ച് ആദ്യനാളുകളിൽ ആർത്തവ സാന്നിദ്ധ്യം കുറയാറുണ്ട്.

# ആർത്തവ പ്രായം[2]

പന്ത്രണ്ട് വയസ്സിന്റെയും അൻപത് വയസ്സിന്റെയും ഇടയിലുള്ള കാലമാണ് സാധാരണ ഗതിയിൽ സ്ത്രീയുടെ ആർത്തവകാലം. അവളുടെ ശരീര പ്രകൃതി, ജീവിത മേഖല, പരിതസ്ഥിതി എന്നിവക്കനുസരിച്ച് പന്ത്രണ്ട് വയസ്സിന് മുമ്പും അൻപത് വയസ്സിന് ശേഷവും ആർത്തവം

---

2 ആർത്തവമെന്ന പ്രക്രിയ നിർണിതമായ പ്രായ പരിധിക്ക് വിധേയമാണ് എന്ന് നാല് കർമ്മശാസ്ത്ര മദ്ഹബുകളും സംയുക്തമായി അഭിപ്രായപ്പെടുന്നു. ഒൻപത് വയസ്സ് മുതൽ അൻപത് വയസ്സ് വരെയാണ് ആർത്തവ പ്രായമെന്ന് ഹമ്പലീ മദ്ഹബും, ഏഴ് വയസ്സ് മുതൽ അൻപത്തി അഞ്ച് വയസ്സ് വരെയാണെന്ന് ഹനഫീ മദ്ഹബും പറയുന്നു. ചുരുങ്ങിയ പ്രായ പരിധി ഒൻപത് വയസ്സാണെങ്കിലും കൂടിയ പരിധി നിർണയിക്കാൻ തെളിവില്ലെന്ന് ഷാഫീ മദ്ഹബും, കൂടിയപരിധി അൻപതാണെങ്കിലും ചുരുങ്ങിയ പ്രായ പരിധി നിർണയിക്കാൻ തെളിവില്ലെന്ന് മാലിക്കീ മദ്ഹബും പറയുന്നു. അതിനാൽ നിർണ്ണിത പ്രായപരിധിക്കു ശേഷം ആർത്തവമുണ്ടാകുന്ന സ്ത്രീകൾക്ക് ഋതുമതികൾ പാലിക്കേണ്ട മതവിധികളൊന്നും ബാധകമല്ല, അവർ നമസ്കരിക്കുകയും നോമ്പനുഷ്ടിക്കുകയും വേണം, അവരുമായി ലൈംഗിക ബന്ധം അനുവദനീയമാണ്. ഇതത്രെ മദ്ഹബുകളുടെ വീക്ഷണം.

എന്നാൽ ഈ അഭിപ്രായങ്ങൾക്കൊന്നും പ്രബലമായ ഇസ്ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ നിലനിൽപില്ല, ഏത് പ്രായത്തിൽ ആർത്തവമുണ്ടായാലും ആർത്തവം തന്നെയാണ്, അതിനാൽ ആർത്തവ സംബന്ധമായ വിധിവിലക്കുകൾ പ്രായവ്യത്യാസമന്യേ എല്ലാ സ്ത്രീകൾക്കും ഒരുപോലെ ബാധകമാണ് എന്ന് സമർത്ഥിക്കുകയാണ് ഗ്രന്ഥകാരൻ.

ഉണ്ടായിക്കൂടെന്നില്ല.

ഒരു നിശ്ചിത പ്രായം മുതൽ മറ്റൊരു പ്രായംവരെ എന്ന് നിർണ്ണയിക്കാവുന്ന വല്ല പരിധിയും ആർത്തവത്തിനുണ്ടോ? ഉണ്ടെങ്കിൽ ആ പ്രായത്തിന് മുമ്പോ പിമ്പോ കാണപ്പെടുന്ന രക്തസാന്നിദ്ധ്യം ഏതിനത്തിൽ പെടും?

പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ ഭിന്നതയുള്ള വിഷയമാണിത്. എന്നാൽ എല്ലാ പണ്ഡിതാഭിപ്രായങ്ങളും ഉദ്ധരിച്ച ശേഷം ഇമാം ദാരിമി(റ) രേഖപ്പെടുത്തിയതിങ്ങനെയാണ്: "ഈ അഭിപ്രായങ്ങളെല്ലാം തെററാണ്. രക്ത സാന്നിദ്ധ്യമുണ്ടോ ഇല്ലേ എന്നതാണ് യഥാർത്ഥ മാനദണ്ഡം. ഉണ്ടെങ്കിൽ അതെത്രയായാലും ഏത് പ്രായത്തിലായാലും ആർത്തവം തന്നെയാണ്."3 ഇമാം ദാരിമി(റ) പറഞ്ഞതാണ് ശരി. ഇതേ അഭിപ്രായം തന്നെയാണ് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ:യും അംഗീകരിച്ചത്.

സ്ത്രീയിൽ എപ്പോൾ ഋതുരക്തം കാണുന്നുവോ അപ്പോൾ അവൾ ഋതുമതിയായി കണക്കാക്കപ്പെടും. അത് ഒൻപത് വയസ്സിന് മുമ്പായാലും ശരി അൻപത് വയസ്സിന്

3 മജ്മൂഅ് ശറഹുൽ മുഹദ്ദബ്. ഇമാം നവവി 1-386

ശേഷമായാലും ശരി. കാരണം അല്ലാഹുവും അവൻെറ ദൂതനും ആർത്തവ സംബന്ധമായ വിധിവിലക്കുകളെ രക്ത സാന്നിദ്ധ്യത്തോടാണ് ബന്ധപ്പെടുത്തിയത്. അതിന് പ്രത്യേക പ്രായപരിധി നിർണയിച്ചു തന്നിട്ടില്ല. അതിനാൽ രക്ത സാന്നിദ്ധ്യം തന്നെയാണ് മാനദണ്ഡമായി ഗണിക്കേണ്ടത്. അതിനപ്പുറം പ്രത്യേകമായ പ്രായപരിധി നിശ്ചയിക്കാൻ ഖുർആനിലോ ഹദീസിലോ രേഖ വേണം. അത്തരം യാതൊരു രേഖയും ഇവ്വിഷയകമായി സ്ഥിരപ്പെട്ടിട്ടില്ല.

# ആർത്തവ കാലം

എത്രയാണ് ആർത്തവ കാലം? അഥവാ ആർത്തവം എത്ര ദിവസം നീണ്ടുനിൽക്കും? ഇവ്വിഷയകമായി ആറോ ഏഴോ അഭിപ്രായങ്ങൾ പണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്.4 എന്നാൽ അതിൽ ഒരു വിഭാഗം പറഞ്ഞതിങ്ങനെയാണ്; ചുരുങ്ങിയത് ഇത്ര സമയമെന്നോ കൂടിയാൽ ഇത്ര സമയമെന്നോ ആർത്തവത്തിന്

---

4 ചുരുങ്ങിയത് മൂന്നുദിവസം നീണ്ടുനിൽക്കുന്ന അശുദ്ധാവസ്ഥയുണ്ടെങ്കിൽ മാത്രമെ ആർത്തവമായി പരിഗണിക്കപ്പെടുകയുള്ളു, അത്തന്നെ കൂടിയാൽ പത്ത് ദിവസം വരെ മാത്രം, പതിനൊന്നാം ദിവസവും രക്ത സാന്നിദ്ധ്യമുണ്ടെങ്കിൽ അത് രോഗമായി കണക്കാക്കി, കുളിച്ചു വൃത്തിയായി സാധാരണ പോലെ ആരാധനാ കർമ്മങ്ങൾ നിർവ്വഹിച്ചു തുടങ്ങണം . അഥവാ പതിനൊന്നാം ദിവസം മുതൽ ആർത്തവ സംബന്ധമായ വിധിവിലക്കുകളൊന്നും അവൾക്ക് ബാധകമല്ല; ഇതാണ് ഇമാം അബൂ ഹനീഫയുടെ അഭിപ്രായം. എന്നാൽ ചുരുങ്ങിയ പരിധി ഒരുരാവും ഒരുപകലുമാണ്, കൂടിയ പരിധി പതിനഞ്ചു ദിവസവും; ഇമാം അഹ്മദ് ബിൻ ഹമ്പലും ഇമാം ശാഫിയും അഭിപ്രായപ്പെട്ടതങ്ങനെയാണ്. ഒരുദിവസമെങ്കിലും രക്ത സാന്നിദ്ധ്യമില്ലാത്തവൾക്കും പതിനഞ്ചു ദിവസത്തിൽ കൂടുതലുള്ളവൾക്കും ആർത്തവത്തിൻെറ വിധിവിലക്കുകൾ ബാധകമല്ല എന്നർത്ഥം. ഇതല്ലാത്ത വേറെയും അഭിപ്രായങ്ങൾ കർമ്മശാസ്ത്ര പണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ വിശുദ്ധ ഖുർആനും തിരുസുന്നത്തും ഇത്തരം യാതൊരു സമയ പരിധിയും നിശ്ചയിക്കാത്തതിനാൽ അവയൊന്നും പരിഗണനീയമല്ല എന്ന വസ്തുത വിവരിക്കുകയാണ് ഗ്രന്ഥകാരൻ.

പരിധിയില്ല. ഈ അഭിപ്രായമാണ് ശരി. നേരത്തെ ഇമാം ദാരിമി (റ) പറഞ്ഞതിന് സമാനമാണിത്. ശൈഖുൽ ഇസ്‌ലാം ഇബ്‌നു തൈമിയ്യ: സ്വീകരിച്ചത് ഈ അഭിപ്രായമാണ്. ഖുർആനിനോടും സുന്നത്തിനോടും ബുദ്ധിയോടും യോജിക്കുന്ന അഭിപ്രായവും ഇതാണ്.. നോക്കുക:

(1) അല്ലാഹു പറയുന്നു:

وَ يَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ

فِي الْمَحِيضِ وَلَا تَقْرَبُوهُنَّ حَتَّى يَطْهُرْنَ (البقرة٢٢٢)

"ആർത്തവത്തെപ്പററി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാണ്. അതിനാൽ ആർത്തവ ഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്ന് നില്‌ക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കാൻ പാടില്ല."5

"അവർ ശുദ്ധിയാകുന്നത് വരെ" എന്നാണ് അല്ലാഹു നിശ്ചയിച്ച പരിധി. അല്ലാതെ ഒരു ദിവസമെന്നോ, മൂന്ന് ദിവസമെന്നോ, പതിനഞ്ച് ദിവസമെന്നോ അല്ല. ഇതിൽ നിന്നും ആർത്തവത്തിൻെറ സാന്നിദ്ധ്യവും

---

5 വിഖുർആൻ 2:255

അസാന്നിദ്ധ്യവുമാണ് ലൈംഗിക ബന്ധം വിലക്കികൊണ്ടുള്ള നിയമത്തിന്റെ ഹേതുവെന്ന് വ്യക്തമായി. അതിനാൽ എപ്പോൾ ആർത്തവമുണ്ടാകുന്നുവോ അപ്പോൾ വിധിവിലക്കുകൾ പ്രാബല്യത്തിൽ വരും. എപ്പോൾ ശുദ്ധി പ്രാപിക്കുന്നുവോ അപ്പോൾ നിയമം നീങ്ങുകയും ചെയ്യും.

(2) ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്നു: ആയിശാ (റ) ഉംറക്ക് വേണ്ടി ഇഹ്റാമിൽ പ്രവേശിച്ച ശേഷം ഋതുമതിയായി. അപ്പോൾ നബി (സ) പറഞ്ഞു. ശുദ്ധിയാകുന്നത് വരെ നീ കഅ്ബാലയം ത്വവാഫ് ചെയ്യരുത്. അതൊഴികെ ഹജ്ജ് തീർത്ഥാടകർ ചെയ്യുന്ന എല്ലാ കർമ്മങ്ങളും നീയും ചെയ്യുക. ആയിശാ(റ) പറയുകയാണ്: ബലിദിന മായപ്പോഴാണ് ഞാൻ ശുദ്ധി പ്രാപിച്ചത്. ഇമാം ബുഖാരി ഉദ്ധരിച്ച റിപ്പോർട്ടിൽ ഇങ്ങിനെയുണ്ട്; നബി (സ) അവരോട് പറഞ്ഞു: നീ കാത്തിരിക്കുക, ശുദ്ധിപ്രാപിച്ച ശേഷം തൻഈമിൽ6 ചെന്ന് ഇഹ്റാമിൽ പ്രവേശിക്കുക.7

ഇവിടെയും ശുദ്ധി കൈവരുന്നത് വരെയാണ് ത്വവാഫ് ചെയ്യുന്നത് നബി(സ) വിലക്കിയത്, അല്ലാതെ

6 മസ്ജിദുൽ ഹറമിൽ നിന്ന് ഏകദേശം 7 കി.മീ. ദൂരെയായി ഹറമിന്റെ പുറത്തുള്ള ഒരു സ്ഥലം.

7 ബുഖാരി 1787

നിശ്ചിതകാലം വരെ അല്ല. ഇതും ആർത്തവമുണ്ടോ ഇല്ലേ എന്നതാണ് അത് സംബന്ധമായ വിധിവിലക്കുകൾക്ക് നിദാനമെന്ന് മനസ്സിലാക്കിത്തരുന്നു..

(3) കർമ്മശാസ്ത്ര പണ്ഡിതന്മാർ ഇവ്വിഷയകമായി പറഞ്ഞ വിശദാംശങ്ങളും മാനദണ്ഡങ്ങളും വിശദീകരണ പ്രധാന്യമുള്ള പ്രശ്നങ്ങളായിട്ടു പോലും അല്ലാഹുവിൻെറ ഗ്രന്ഥത്തിലോ നബിചര്യയിലോ ഇല്ല. അവയെല്ലാം മനുഷ്യൻ നിർബന്ധമായി ഗ്രഹിക്കേണ്ടതും ആരാധനാകർമ്മങ്ങളിൽ പരിഗണിക്കേണ്ടതും ആയിരുന്നെങ്കിൽ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ അല്ലാഹുവും തിരുദൂതരും വിശദീകരിക്കുമായിരുന്നു. കാരണം നമസ്കാരം, നോമ്പ്, ഹജ്ജ്, വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങി നിരവധി മൗലിക പ്രശ്നങ്ങളുടെ മതവിധി ആർത്തവവുമായി ബന്ധപ്പെടുന്നുണ്ട്. അതിനാൽ ഏറെ പ്രാധാന്യമർഹിക്കുന്ന കാര്യമാണത്.

അതുപോലെ നമസ്കാരത്തിൻെറ എണ്ണം , സമയം, റുകൂഅ്, സുജൂദ്, സകാത്തിൻെറ തോത്, പരിധി, നിർബന്ധമാകുന്ന സമ്പത്ത്, വിനിയോഗ രീതി, നോമ്പിൻെറ സമയം, കാലം, ഹജ്ജിൻെറ രൂപം തുടങ്ങി തിന്നുക, കുടിക്കുക, ഉറങ്ങുക, ഇരിക്കുക, വീട്ടിൽ പ്രവേശിക്കുക, പുറത്തുപോവുക, ലൈംഗിക ബന്ധത്തിലേർപെടുക, മലവിസർജന മര്യാദകൾ

പാലിക്കുക, മുതൽ ശുദ്ധീകരിക്കുമ്പോൾ ഉപയോഗിക്കേണ്ട കല്ലുകളുടെ എണ്ണം വരെ, ചെറുതും വലുതുമായ ധാരാളം കാര്യങ്ങൾ അല്ലാഹുവും തിരുദൂതരും വിശദീകരിച്ചു തന്നിട്ടുണ്ട്. അതുവഴി ദൈവീകമതം പൂർത്തീകരിക്കുകയും സത്യവിശ്വാസികൾക്ക് അവന്റെ അനുഗ്രഹം നിവർത്തിച്ചു തരികയുമാണ് അവൻ ചെയ്തത്. അല്ലാഹു പറയുന്നു:

وَ نَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْءٍ (النحل ٨٩)

....എല്ലാ കാര്യത്തിനും വിശദീകരണമായി കൊണ്ടുമാണ് നിനക്ക് നാം വേദ ഗ്രന്ഥം അവതരി പ്പിച്ചിരിക്കുന്നത്."8

مَا كَانَ حَدِيثًا يُفْتَرَى وَلَكِنْ تَصْدِيقَ الَّذِي بَيْنَ يَدَيْهِ وَ تَفْصِيلَ كُلِّ شَيْءٍ ( يوسف ١١١)

"ഇത് കെട്ടിയുണ്ടാക്കുന്ന ഒരു വർത്തമാനമല്ല. പ്രത്യുത; അതിന്റെ മുമ്പുള്ളതിനെ (വേദങ്ങളെ) ശരിവെക്കുന്നതും എല്ലാ കാര്യത്തെ സംബന്ധിച്ചുള്ള ഒരു വിശദീകരണവുമാണ്".9

ഈ രീതിയിൽ കാര്യങ്ങൾ വിശദീകരിച്ച അല്ലാഹുവിന്റെ ഗ്രന്ഥത്തിലും തിരുദൂതരുടെ ചര്യയിലും ആർത്തവ സംബന്ധമായി കർമ്മശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞ വിശദീകരണങ്ങളും മാനദണ്ഡങ്ങളും

8 വി.ഖുർആൻ 16:89

9 വി.ഖുർആൻ 12:111

കാണുന്നില്ലെങ്കിൽ അവയൊന്നും അവലംബിക്കേണ്ടതില്ല എന്നാണ് വ്യക്തമാവുന്നത്. മാത്രമല്ല വിധിവിലക്കുകൾക്ക് ആർത്തവത്തിന്റെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവുമാണ് നിദാനമെന്നും, അവ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ എന്നുകൂടി അതിൽനിന്നു മനസ്സിലാക്കാം.

വിശുദ്ധ ഖുർആനിലും സ്ഥിരപ്പെട്ട ഹദീസിലും ഇല്ലാത്തതിനാൽ തന്നെ ഒരുകാര്യം മതവിധിയായി പരിഗണിക്കേണ്ടതില്ല എന്ന തത്വം, ഈ വിഷയത്തിലെന്നല്ല ധാരാളം പ്രശ്നങ്ങളിൽ വായനക്കാരന് ഉപയോഗപ്പെടും. കാരണം മതത്തിന്റെ മൂലപ്രമാണങ്ങൾ ഖുർആനും നബിചര്യയുമാണ്. അവ മുഖേനയല്ലാതെ മതനിയമങ്ങൾ സ്ഥിരപ്പെടുകയില്ല. അല്ലെങ്കിൽ സുവിദിതമായ ഇജ്മാഓ[10] ശരിയായ ഖിയാസോ വേണം.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ: ഒരു തത്വം വിശദീകരിക്കവെ പറഞ്ഞു: "...ഇതിൽ പെട്ടതാണ് ആർത്തവം. ഖുർആനിലും ഹദീസിലുമുള്ള ധാരാളം വിധിവിലക്കുകളെ ഇതുമായി അല്ലാഹു ബന്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും മനസ്സിലാക്കേണ്ടതും

---

10 ഒറ്റപ്പെട്ട എതിരഭിപ്രായം പോലും ഉന്നയിക്കപ്പെടാത്ത രീതിയിൽ ഒരു കാലഘട്ടത്തിലെ മുഴുവൻ ഗവേഷണ പടുക്കളും ഏകോപിച്ച അഭിപ്രായം.

സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്നതുമാണ് ഈ വിഷയം. എന്നിട്ടും അതിന്റെ ചുരുങ്ങിയസമയം, കൂടിയസമയം, രണ്ട് ആർത്തവങ്ങൾക്കിടയിലെ ശുദ്ധികാലം എന്നിവയൊന്നും എത്രയാണെന്ന് അല്ലാഹു നിർണയിച്ചുതന്നിട്ടില്ല. ഭാഷാപ്രയോഗം മുഖേനയും അവ ലഭ്യമല്ല. അതിനാൽ ആർത്തവത്തിന് കാലപരിധി നിശ്ചയിക്കുന്നവൻ ഖുർആനിനും സുന്നത്തിനും വിരുദ്ധം പ്രവർത്തിക്കുകയാണ്."11

(4) ശരിയായ ഖിയാസ് പ്രകാരവും പരിധി നിർണയിക്കുന്നതിൽ അർഥമില്ല. കാരണം (اذى) മാലിന്യമെന്നാണ് ഋതുരക്തത്തെ അല്ലാഹു വിശേഷിപ്പിച്ചത്. ഋതുരക്തം ഉണ്ടാവുമ്പോഴൊക്കെ മാലിന്യവും ഉണ്ടാവുമല്ലോ. അതിൽ ഒന്നാം ദിവസമെന്നോ രണ്ടാം ദിവസമെന്നോ മൂന്നാം ദിവസമെന്നോ നാലാം ദിവസമെന്നോ വ്യത്യാസമില്ല. പതിനാറെന്നോ പതിനഞ്ചെന്നോ പതിനെട്ടെന്നോ പതിനേഴെന്നോ വ്യത്യാസമില്ല. ആർത്തവം എപ്പോഴും ആർത്തവം തന്നെ. മാലിന്യം മാലിന്യവും. വിധിവിലക്കുകൾക്കാധാരമായ ഹേതു (അശുദ്ധാവസ്ഥ) എല്ലാ ദിവസവും നിലനിൽക്കുന്നു എന്നർഥം. അതിനാൽ എന്തടിസ്ഥാനത്തിലാണ് ദിവസങ്ങൾക്കിടയിൽ വ്യത്യാസം കൽപിക്കുക?

---

11 رسالة في الاسماء التي علق الشارع الاحكام بها - ص ٣٥

വാസ്തവത്തിൽ "ഹേതു" എല്ലാഴ്പ്പോഴും നിലനിൽക്കുന്നുണ്ട്. അതിനാൽ അപ്പോഴെക്കെ വിധിവിലക്കുകളും ബാധകമാകണം; ഇതല്ലെ ശരിയായ ഖിയാസ്?

(5) കാലപരിധി നിർണ്ണയിച്ചവർക്കിടയിൽ കാണപ്പെടുന്ന രൂക്ഷമായ ഭിന്നതയും പരസ്പര വൈരുദ്ധ്യവും വ്യക്തമാക്കുന്നത് അവർക്കൊന്നും അവലംബനീയമായ രേഖയില്ലെന്നാണ്. തെററാനും ശരിയാവാനും സാദ്ധ്യതയുള്ള ഗവേഷണങ്ങൾ മാത്രമാണ് അവരുടെ അഭിപ്രായങ്ങൾക്കുള്ള നിദാനം. അതിൽ ഒന്ന് മറെറാന്നിനേക്കാൾ മെച്ചമെന്ന് പറയാനാവില്ല. ഇത്തരം അഭിപ്രായ ഭിന്നതയുണ്ടാവുമ്പോൾ ഖുർആനിലേക്കും സുന്നത്തിലേക്കും മടങ്ങുകയാണ് കരണീയം.

മേൽപറഞ്ഞ തെളിവുകളിൽ നിന്നെല്ലാം ആർത്തവത്തിന് ചുരുങ്ങിയതെന്നും കൂടിയതെന്നും നിർണ്ണയിക്കാവുന്ന കാലപരിധിയില്ല എന്ന അഭിപ്രായമാണ്ഏററവും പ്രബലവും പ്രാമാണികവുമെന്ന് മനസ്സിലായി. അതിനാൽ ശ്രദ്ധിക്കുക.

രോഗം, മുറിവ് പോലെയുള്ള പ്രത്യേക കാരണങ്ങൾ മൂലമല്ലാതെ സ്ത്രീകളിൽ പ്രകൃത്യാ കാണപ്പെടുന്ന രക്തസാന്നിദ്ധ്യം എത്ര ദിവസമായാലും, ഏത് പ്രായത്തിലായാലും അത് ഋതുരക്തം തന്നെയാണ്. പരിധിയില്ലാതെ തുടരുകയോ അല്ലെങ്കിൽ മാസാന്തം ഒന്നോ

രണ്ടോ ദിവസം മാത്രം ശുദ്ധിയായി വീണ്ടും അവിരാമമായി തുടരുകയോ ചെയ്യുന്ന പ്രത്യേക അവസ്ഥയിൽ ഒഴികെ. അത്തരം സന്ദർഭങ്ങളിൽ അത് ആർത്തവമല്ല, രക്തസ്രാവമായി ഗണിക്കപ്പെടും. (അതിനെപ്പറ്റി വഴിയെ വിശദീകരിക്കുന്നുണ്ട്)

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ: പറയുന്നു: "ഗർഭപാത്രത്തിൽ നിന്നുണ്ടാവുന്ന രക്തം മൗലികമായി ഋതുരക്തം തന്നെയാണ്. രക്തസ്രാവമായി ഗണിക്കണമെങ്കിൽ വ്യക്തമായ കാരണം വേണം. ....രോഗം മൂലമോ മുറിവ് നിമിത്തമോ ആണെന്ന് അറിയപ്പെടാത്ത അവസ്ഥയിലെല്ലാം അത് ഋതുരക്തമായി ഗണിക്കണം."12

ഈ അഭിപ്രായം പ്രമാണങ്ങളുടെ വെളിച്ചത്തിൽ പ്രബലമാണെന്ന് മാത്രമല്ല പരിധി നിർണ്ണയിക്കുന്നവർ പറയുന്നതിനേക്കാൾ ഗ്രാഹ്യവും പ്രാവർത്തികമാക്കാൻ എളുപ്പവുമാണ്. ഇത്തരം അഭിപ്രായങ്ങളാണ് നാം സ്വീകരിക്കേണ്ടത്. കാരണം ഇസ്ലാമിന്റെ ചൈതന്യത്തോടും സരളത, ലാളിത്യം എന്നീ മൗലിക തത്വങ്ങളോടും അനുയോജ്യമാണവ. അല്ലാഹു പറയുന്നു:

---

12 رسالة في الاسماء التي علق الشارع الاحكام عليها. ص ٣٨،٣٩

وَمَا جَعَلَ عَلَيْكُمْ فِي الدِّينِ مِنْ حَرَجٍ (حج٨٧)

"മതത്തിൽ നിങ്ങൾക്ക് അല്ലാഹു പ്രയാസമുണ്ടാക്കിയിട്ടില്ല"13

നബി (സ) പറഞ്ഞു: നിശ്ചയമായും മതം ലളിതമാണ്. ആർ അതിനെ കുടുസ്സാക്കുന്നുവോ അവനെയത് തോൽപിക്കും. അതിനാൽ നിങ്ങൾ മിതത്വവും പക്വതയും കൈകൊള്ളുക മറ്റുള്ളവർക്ക് സന്തോഷം പകരുക.14

"രണ്ട് കാര്യങ്ങളിൽ ഇഷ്ടമുള്ളത് സ്വീകരിക്കാൻ അവസരം ലഭിച്ചാൽ ഏററവും എളുപ്പമുള്ളതാണ് നബി (സ) സ്വീകരിച്ചിരുന്നത്; അത് പാപമല്ലെങ്കിൽ...." 15

# ഗർഭിണിയും ആർത്തവവും

സാധാരണ ഗതിയിൽ ഗർഭിണിയായാൽ ആർത്തവം നിലയ്ക്കുന്നു. ഇമാം അഹ്മദ് പറയുന്നു: ആർത്തവം നിലയ്ക്കുന്നത് മുഖേനയാണ് സ്ത്രീ ഗർഭിണിയാണെന്ന് മനസ്സിലാക്കാറുള്ളത്. എന്നാൽ ഗർഭിണിയായിരിക്കെ രക്ത സാന്നിദ്ധ്യം കണ്ടാൽ അതിൻെറ വിധി എന്താണ്? ഇത്

13 വി.ഖുർആൻ 22:87

14 ബുഖാരി 39

15 ബുഖാരി 3560, 6126, 6786

രണ്ട് രീതിയിലുണ്ടാവാം.

(1) പ്രസവവേദനയും അതോടൊപ്പം രക്തവും. പ്രസവം നടക്കുന്നതിന്റെ ഏതാനും ദിവസങ്ങൾ മുമ്പാണെങ്കിലും ഇത് "നിഫാസി"16ന്റെ ഗണത്തിൽ ഉൾപെടുന്നതാണ്.

(2) പ്രസവവേദനയില്ലാതെയോ, പ്രസവനാൾ എത്തുന്നതിന്റെ വളരെ മുമ്പോ കാണുന്ന രക്തം. ഇത് "നിഫാസ്"ായി ഗണിക്കുകയില്ല. പിന്നെ ഏതിനത്തിലാണത് ഉൾപെടുക? ഋതുരക്തത്തിന്റെ ഗണത്തിലോ രക്തസ്രാവത്തിന്റെ ഗണത്തിലോ? ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്.17

---

16 പ്രസവിക്കുന്നതിനോട് അനുബന്ധിച്ചുണ്ടാവുന്ന രക്തത്തിന് അറബിയിൽ "നിഫാസ്" എന്നു പറയുന്നു.

17 ഈ വിഷയകമായി രണ്ടു പ്രമുഖ വീക്ഷണങ്ങളാണുള്ളത് 1) ഗർഭിണി യായാൽ ഒരിക്കലും ആർത്തവമുണ്ടാവുകയില്ല. അതിനാൽ ഗർഭാവസ്ഥയിൽ രക്തം കണ്ടാൽ അത് ആർത്തവമായി കണക്കാക്കാൻ പാടില്ല. സാധാരണ പോലെ അവൾ നമസ്കരിക്കുകയും നോമ്പനുഷ്ടിക്കുകയും വേണം. ഹനഫീ-ഹമ്പലീ മദ്ഹബുകളുടെ വീക്ഷണമാണിത്. (2) ഗർഭിണിക്ക് ആർത്തവം ഉണ്ടായിക്കൂടെന്നില്ല. അതിനാൽ ഗർഭാവസ്ഥയിൽ കാണുന്ന രക്ത സാന്നിദ്ധ്യവും സ്വാഭാവികമായും ആർത്തവമായി ഗണിക്കണം . അഥവാ ഗർഭിണിയാണെങ്കിലും ആർത്തവത്തിന്റെ വിധിവിലക്കുകൾ പാലിക്കാൻ അവൾ കടപ്പെട്ടിരിക്കുന്നു. ഷാഫി-മാലിക്കീ മദ്ഹബുകളുടെ വീക്ഷണമാണിത്.

രണ്ടാമത് പറഞ്ഞ വീക്ഷണമാണ് ഇസ്ലാമിക തത്വങ്ങളോട് കൂടുതൽ യോജിക്കുന്നത് എന്ന് അഭിപ്രായപ്പെടുകയാണ്

അവയിൽ ഏററവും ശരിയായ അഭിപ്രായം, സാധാരണ മാസമുറ പോലെയാണെങ്കിൽ ഇത് ആർത്തവമായി ഗണിക്കാമെന്നതാണ്. കാരണം പ്രത്യേക നിമിത്തമില്ലാതെ സ്ത്രീകളിൽ കാണുന്നത് ഋതുരക്ത മാണ്. ഗർഭിണി ഒരിക്കലും രജസ്വലയായിക്കൂടെന്ന് ഖുർആനിൽ നിന്നോ സുന്നത്തിൽ നിന്നോ ഗ്രഹിക്കാവു ന്നതുമല്ല.

ഇതാണ് ഇമാം ഷാഫിയുടെയും ഇമാം മാലികിൻെറയും അഭിപ്രായം. ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ: അംഗീകരിച്ചതും ഇതു തന്നെയാണ്.

അതിനാൽ ഗർഭാവസ്ഥയിലെ രക്തസാന്നിദ്ധ്യവും സാധാരണ മാസമുറയും തമ്മിൽ വിധിവിലക്കുകളിൽ വ്യത്യാസമില്ല; രണ്ട് പ്രശ്നങ്ങളിൽ ഒഴികെ.

## (ഒന്ന്) വിവാഹ മോചനം.

"ഇദ്ദ" ആചരിക്കേണ്ട സ്ത്രീ[18] ഗർഭിണിയല്ലെങ്കിൽ ആർത്തവ സമയത്ത് വിവാഹമോചനം ചെയ്യാൻ പാടില്ല. (ലൈംഗിക ബന്ധത്തിലേർപെടാത്ത ശുദ്ധി കാലത്ത് മാത്രമേ അവളെ ത്വലാഖ് ചൊല്ലാൻ പാടുള്ളൂ.) ഗർഭിണിയാണെങ്കിൽ ഈ നിബന്ധന പാലിക്കേണ്ടതില്ല. കാരണം ഗർഭിണിയല്ലാതിരിക്കെ ആർത്തവ ഘട്ടത്തിൽ വിവാഹ മോചനം നടത്തുന്നത് " നിങ്ങൾ സ്ത്രീകളെ ത്വലാഖ് ചൊല്ലുമ്പോൾ ഇദ്ദ ആചരിക്കാൻ തക്കവണ്ണം അവരെ ത്വലാഖ് ചൊല്ലുക"[19]എന്ന ഖുർആനിന്റെ കൽപനക്ക് വിരുദ്ധമാണ്

എന്നാൽ ഗർഭിണിയാണെങ്കിൽ "ആർത്തവം" ഉണ്ടെങ്കിലും

---

18 വിവാഹമോചിതയായ സ്ത്രീ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നതിന് മുമ്പ് നിർബന്ധമായും കാത്തിരിക്കേണ്ട കാലയളവിനെയാണ് "ഇദ്ദ" എന്ന് പറയുന്നത്. ഗർഭിണി പ്രസവിക്കുന്നത് വരെയും, ഗർഭമില്ലാത്തവൾ മൂന്നു മാസമുറ വരെയും, ആർത്തവ മുണ്ടാകാത്തവൾ മൂന്നു മാസവുമാണ് ഇദ്ദ ആചരിക്കേണ്ടത്. (ഖുർആൻ 2:228, 65:4) ലൈംഗികബന്ധം ഉണ്ടാ കുന്നതിന് മുമ്പ് ത്വലാഖ് ചൊല്ലപ്പെടുന്നവൾക്ക് "ഇദ്ദ" ആചരിക്കേണ്ടതില്ല. (ഖുർആൻ 33:49)
അപ്പോൾ ലൈംഗിക ബന്ധം ഉണ്ടായതിന് ശേഷം ത്വലാഖ് ചൊല്ലപ്പെടുന്നവളാണ് "ഇദ്ദ" ആചരിക്കേണ്ട സ്ത്രീ എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്.

19 ഖുർആൻ 65:1

ത്വലാഖ് ചൊല്ലാം. അത് അവളുടെ ഇദ്ദയെ ബാധിക്കുകയില്ല, കാരണം അവളുടെ ഇദ്ദ ഗർഭം പ്രസവിക്കലാണ്, അല്ലാതെ നിശ്ചിത മാസമുറയല്ല. അതുപോലെ ലൈംഗികബന്ധം നടന്ന ശേഷം ത്വലാഖ് ചൊല്ലുന്നതിനും വിരോധമില്ല.

## (രണ്ട്) ദീക്ഷാകാലം അഥവാ ഇദ്ദ.

ഗർഭിണിയുടെ "ഇദ്ദ" പ്രസവിക്കുന്നത് മുഖേനയല്ലാതെ അവസാനിക്കുകയില്ല. ഗർഭകാലത്ത് അവൾക്ക് ആർത്തവമുണ്ടാകുന്നോ ഇല്ലേ എന്നത് പ്രശ്നമല്ല. കാരണം അല്ലാഹു പറയുന്നു:

وَ أُولاتُ الأَحْمالِ أَجَلُهُنَّ أَنْ يَضَعْنَ حَمْلَهُنَّ (الطلاق ٤)

"ഗർഭിണികൾക്ക് നിശ്ചയിച്ച അവധി അവർ അവരുടെ ഗർഭം പ്രസവിക്കലാണ്".[20]

---

20 വി.ഖുർആൻ 65:4

# അവസ്ഥാഭേദങ്ങൾ

പല രീതിയിലുള്ള അവസ്ഥാ ഭേദങ്ങൾ ഋതുമതിയിൽ കാണപ്പെടാറുണ്ട്. അവയിൽ പ്രധാനപ്പെട്ടവ പരിശോധിക്കാം.

(1) <u>സാധാരണ അവസ്ഥയെക്കാൾ നീണ്ടു നിൽക്കുകയോ ചുരുങ്ങുകയോ ചെയ്യുക</u>. ഉദാഹരണമായി സാധാരണ ആറ് ദിവസമുണ്ടാകാറുള്ള മാസമുറ ഏഴാം ദിവസവും തുടരുക. അല്ലെങ്കിൽ സാധാരണ ഏഴ് ദിവസമുണ്ടാകുന്നത് ആറാം ദിവസം തന്നെ അവസാനിക്കുക.

(2) <u>സാധാരണ മാസമുറ ഉണ്ടാകാറുള്ള സമയത്തിന് മുമ്പോ ശേഷമോ ആവുക</u>. ഉദാഹരണമായി സാധാരണ മാസാവസാനം കാണപ്പെടുന്ന രക്തസാന്നിദ്ധ്യം മാസത്തിന്റെ ആദ്യത്തിൽ കാണുക. അല്ലെങ്കിൽ മാസാരംഭത്തിൽ കാണുന്നത് മാസാവസാനം കാണുക.

ഈ രണ്ട് അവസ്ഥകളിലും സ്വീകരിക്കേണ്ട ഇസ്ലാമിക വിധി എന്താണ്? പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായ മുണ്ടെങ്കിലും, നേരത്തെ നാം ഉദ്ധരിച്ച

തെളിവുകളിൽ നിന്ന്[21] ആർത്തവത്തിന്റെ സാന്നിദ്ധ്യത്തോടാണ് അത് സംബന്ധമായ വിധിവിലക്കുകളെ അല്ലാഹു ബന്ധപ്പെടുത്തിയതെന്ന് വ്യക്തമായല്ലോ. അതിനാൽ എപ്പോൾ രക്തം കാണുന്നുവോ അപ്പോൾ ആർത്തവമായും എപ്പോൾ ശുദ്ധി കൈവരുന്നുവോ അപ്പോൾ ശുദ്ധിയുള്ളവളായും ഗണിക്കുക എന്നതത്രെ ശരിയായ കാഴ്ചപ്പാട്. സാധാരണ ഉണ്ടാകാറുള്ളതിനെക്കാൾ കൂടുതൽ സമയം നീണ്ടുനിന്നുവോ അല്ലെങ്കിൽ അതിനെക്കാൾ കുറവാണോ നേരത്തെയാണോ വൈകിയിട്ടുണ്ടോ എന്നൊന്നും പരിഗണിക്കേണ്ടതില്ല.

ഇമാം ഷാഫിയും ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ:യും ഈ അഭിപ്രായമാണ് ശരിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രമുഖ ഹമ്പലീ പണ്ഡിതനായ ഇമാം ഇബ്നു ഖുദാമ പ്രബലമെന്ന് വിധിയെഴുതിയതും ഈ കാഴ്ചപ്പാട് തന്നെയാണ്. അദ്ദേഹം പറഞ്ഞു: (ഹമ്പലീ) മദ്ഹബിൽ പറയുന്ന പോലെ "സാധാരണാ വസ്ഥ" പരിഗണിക്കൽ അനിവാര്യ മായിരുന്നെങ്കിൽ നബി (സ) തന്റെ സമുദായത്തെ അക്കാര്യം ഉണർത്തുമായിരുന്നു. ഒരു കാര്യം ഉണർത്തേണ്ട സമയത്ത് ഉണർത്താതിരിക്കുന്നത് ശരിയല്ല. അവിടുത്തെ പത്നിമാർക്കും ഇതര വനിതകൾക്കും ഏതുകാലത്തും വിശദീകരണം ആവശ്യമായ ഒരു

---

21 "ആർത്തവകാലം " എന്ന അദ്ധ്യായം നോക്കുക.

പ്രശ്നമാണിത്. എന്നിട്ടും തിരുനബി അത് വിശദീകരിക്കാതിരുന്നത് ശ്രദ്ധയിൽപെടാത്തത് കൊണ്ടല്ല. രക്തസ്രാവ മുണ്ടാകുന്നവളെ സംബന്ധിച്ചല്ലാതെ "സാധാരണാവസ്ഥ "എന്ന പരാമർശം തന്നെ അവിടുന്ന് നടത്തിയിട്ടില്ല.22

(3) <u>വർണ വ്യത്യാസം</u>. അതായത് "സുഫ്റ" "കുദ്റ"23 പോലെ ശുദ്ധരക്തത്തിന്റേതല്ലാത്ത നിറത്തിലുള്ള സ്രാവം കാണുക. ഇത്തരം സ്രാവം കാണുന്നത് ആർത്തവ വേളയിലോ, അതിനോട് ചേർന്നുള്ള ദിവസങ്ങളിലോ ആണെങ്കിൽ അത് ആർത്തവത്തിന്റെ വിധിവിലക്കുകൾക്ക് വിധേയമാണ്. ശുദ്ധിപ്രാപിച്ച ശേഷമാണെങ്കിൽ അത് ആർത്തവമായി പരിഗണിക്കേണ്ടതില്ല.

ഉമ്മു അത്വിയ്യ (റ) പറഞ്ഞു: "ശുദ്ധി കൈവരിച്ച ശേഷം കാണുന്ന "സുഫ്റയും കുദ്റയും" ഞങ്ങൾ പ്രശ്നമാക്കാറേ ഉണ്ടായിരുന്നില്ല."24 (ഇമാം ബുഖാരിയുടെ റിപ്പോർട്ടിൽ "ശുദ്ധി കൈവരിച്ച ശേഷം" എന്ന പരാമർശം ഇല്ല. പക്ഷെ ആർത്തവേതര ദിവസങ്ങളിൽ കാണുന്ന "സുഫ്റയും

---

22 മുഗ്നി. ഇബ്നു ഖുദാമ 1-353

23 ഇളം മഞ്ഞനിറമുള്ള സ്രവമാണ് "സുഫ്റ" കലങ്ങിയ വെള്ളത്തെ പോലെ ചുകപ്പും കറുപ്പും കലർന്ന സ്രവമാണ് "കുദ്റ".

24 അബൂദാവൂദ്307, നസാഈ368, ഇബ്നുമാജ:647.

കുദ്റയും' എന്ന് തന്നെയാണ് ഈ ഹദീസിന് അദ്ദേഹം നൽകിയ തലക്കെട്ട്.[25]

ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിൽ ഇങ്ങനെ കാണാം. "ഖസ്സ"[26] കാണുന്നത് വരെ ആർത്തവമായി കണക്കാക്കാം എന്ന് ആയിശ (റ) യിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അതും മുകളിൽ പറഞ്ഞ ഉമ്മു അത്വിയ്യ:(റ) യുടെ പ്രസ്താവനയും തമ്മിൽ വൈരുദ്ധ്യമില്ലേ? എന്ന സംശയത്തിനുള്ള ഉത്തരം കൂടിയാണ് ബുഖാരി നൽകിയ തലക്കെട്ട്. അതായത് ആയിശാ (റ)യുടെ പ്രസ്താവന ആർത്തവ സമയത്ത് വർണ്ണവ്യത്യാസത്തോടെ കാണുന്ന സ്രവത്തെക്കുറിച്ചും ഉമ്മു അത്വിയ്യ (റ) യുടെ പ്രസ്താവന ആർത്തവ സമയത്തല്ലാതെ കാണുന്ന അത്തരം സ്രാവത്തെ കറിച്ചുമാണ്.[27]

---

25 ബുഖാരി 326 باب الصفرة و الكدرة في غير ايام الحيض

26 ആർത്തവം അവസാനിച്ചതിൻെറ ലക്ഷണമായി ചില സ്ത്രീകളിൽ കാണുന്ന പ്രത്യേക സ്രവമാണ് "ഖസ്സ". ആർത്തവവേളയിൽ ഉപയോഗിക്കുന്ന "പാഡ്" അഥവാ പ്രത്യേക അടിവസ്ത്രത്തിന് നിറമാറ്റമില്ലാതാവുക എന്നാണ് വിവക്ഷ. (ഫത്ഹുൽബാരി 1/500 നോക്കുക)

27 ശുദ്ധിഘട്ടത്തിൽ ഇളംചുവപ്പോ മഞ്ഞയോ മറ്റെന്തെങ്കിലും നിറമുള്ള സ്രവം കണ്ടാൽ അത് ശ്രദ്ധിക്കേണ്ടതില്ല. സാധാരണ അവസ്ഥ പോലെ ഗണിച്ചാൽ മതി. ഇതാണ് ഉമ്മു അത്വിയ്യ (റ) യുടെ ഹദീസ് പഠിപ്പിക്കുന്നത്. എന്നാൽ ആർത്തവഘട്ടത്തിൽ ഇത്തരം സ്രവങ്ങളെല്ലാം ആർത്തവമായി തന്നെ കണക്കാക്കാം. അതിനാൽ ആർത്തവ സമയത്ത് ഉപയോഗിക്കുന്ന "പാഡിന്" നിറമാറ്റ മില്ലാതാകുമ്പോൾ മാത്രമേ ശുദ്ധിപ്രാപിച്ചതായി

ഇമാം ബുഖാരി പരമ്പര പറയാതെ ഉദ്ധരിച്ച പ്രബലമായ റിപ്പോർട്ടാണ് മുകളിൽ സൂചിപ്പിച്ച ആയിശ(റ) യുടെ ഹദീസ്. അത് ഇപ്രകാരമാണ്: (ചില സ്ത്രീകൾ ) മഞ്ഞ നിറത്തിലുള്ള സ്രവം പുരണ്ട പരുത്തിയുമായി ആയിഷാ (റ) യുടെ അടുത്ത് വരാറുണ്ടായിരുന്നു. അപ്പോൾ അവർ പറയും നിങ്ങൾ ധൃതികാണിക്കേണ്ടതില്ല. വെളുത്ത "ഖസ്സ" കാണട്ടെ.[28]

(4) <u>ആർത്തവം മുറിഞ്ഞു പോവുക</u>. അതായത് ഒരു ദിവസം രക്തമുണ്ടെങ്കിൽ പിറ്റേന്ന് വൃത്തിയായിരിക്കും. ഇത്തരം അവസ്ഥ രണ്ട് രീതിയിലാകാം.

(ഒന്ന്) എന്നെന്നും നിരന്തരമായി ഈ അവസ്ഥ തുടരുക. ഈ ഘട്ടത്തിൽ അത് ആർത്തവമല്ല. മറിച്ച്, രക്തസ്രാവമായി ഗണിക്കുകയും അതിന്റെ വിധിവിലക്കുകൾ പാലിക്കുകയും വേണം.

(രണ്ട്) എപ്പോഴും ഈ അവസ്ഥ തുടരുന്നില്ല. മറിച്ച്, കൃത്യമായ ശുദ്ധികാലമുള്ളവളായിരിക്കെ ചില സന്ദർഭങ്ങളിൽ ഈ അവസ്ഥ ഉണ്ടാകുന്നു. ഇത്തരം

---

ഗണിക്കേണ്ടതുള്ളു. ഇതത്രെ ആയിശ (റ) യുടെ ഹദീസിന്റെ പൊരുൾ.

28 باب اقبال الحيض و ادباره

സ്ത്രീകളെ സംബന്ധിച്ചിടത്തോളം വൃത്തിയോടെ കാണുന്ന ദിവസം ശുദ്ധിയായി ഗണിക്കുമോ? അതോ അതും ആർത്തവദിനങ്ങളിൽ ഉൾപ്പെടുമോ? ഇതിൽ പണ്ഡിതന്മാർക്ക് അഭിപ്രായ വ്യത്യാസമുണ്ട്.

(A) ഹനഫീ മദ്ഹബിലും ഇമാംശാഫിയുടെ പ്രബലമായ വീക്ഷണ പ്രകാരവും ആർത്തവവേളയിൽ ഇടക്കിടെ കാണപ്പെടുന്ന വൃത്തിയുള്ള നാളുകളും ആർത്തവ ദിനത്തിൽ തന്നെ ഉൾപ്പെടും അതിനാൽ അവ ആർത്തവത്തിന്റെ വിധിവിലക്കുകൾക്ക് വിധേയമാണ്. ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ:യും ഈ വീക്ഷണമാണ് അംഗീകരിച്ചത്. കാരണം;

1) ഇവിടെ ആർത്തവം അവസാനിക്കുന്നതിന്റെ ലക്ഷണമുണ്ടാകുന്നില്ല.

2) ഇടക്കിടെ കാണുന്ന വൃത്തിയുള്ള നാളുകൾ ശുദ്ധിയായി ഗണിച്ചാൽ അവയുടെ തൊട്ടു മുമ്പും ശേഷവും കാണുന്ന രക്തസാന്നിദ്ധ്യമുള്ള ദിവസങ്ങൾ ആർത്തവമായി ഗണിക്കേണ്ടിവരും. അപ്പോൾ ഒരു മാസം തന്നെ നിരവധി പ്രാവശ്യം ആർത്തവമുണ്ടായതായി വരും . അത് ശരിയാണെന്ന് ഒരാളും വാദിക്കുന്നില്ല.

3) അവ ശുദ്ധിയായി ഗണിക്കുമ്പോൾ മൂന്ന് മാസമുറ അവസാനിക്കുന്നത് വരെ ആചരിക്കേണ്ട വിവാഹ മോചിതയുടെ "ഇദ്ദ" നാലഞ്ചു ദിവസം കൊണ്ടു് തന്നെ

അവസാനിച്ചേക്കും.

4) ഇന്ന് കുളിക്കുക നാളെ അശുദ്ധയാവുക മറ്റെന്നാൾ വീണ്ടും കുളിക്കുക പിന്നെയും അശുദ്ധയാവുക ഇങ്ങനെ സ്ത്രീയെ സംബന്ധിച്ചിടത്തോളം ഏറെ പ്രയാസകരമായ ഒരവസ്ഥ ഇതുവഴി ഉണ്ടായിത്തീരുന്നു. അത്തരം പ്രയാസമൊന്നും ഈ മതത്തിന്റെ നിയമങ്ങളിൽ ഇല്ല.[29]

(B) ഹമ്പലീ മദ്ഹബിലെ പ്രസിദ്ധ വീക്ഷണം രക്തം കാണുന്ന ദിവസം ആർത്തവവും വൃത്തിയുള്ള ദിവസം ശുദ്ധിയുമായി ഗണിക്കുക എന്നാണ്. അത് തന്നെ പതിനഞ്ചു ദിവസം മാത്രം. അത് കഴിഞ്ഞാൽ പിന്നെ രക്തസ്രാവമായി.

(C) എന്നാൽ പ്രസിദ്ധ ഹമ്പലീ പണ്ഡിതനായ ഇബ്നു ഖുദാമ: പറയുന്നതിങ്ങനെയാണ്: വൃത്തിയുള്ള അവസ്ഥ ഒരു ദിവസത്തിന് താഴെയാണെങ്കിൽ അത് ശുദ്ധിയായി ഗണിക്കേണ്ടതില്ല. കാരണം ഋതുരക്തം സ്രവിക്കുകയും പിന്നീട് നിലയ്ക്കുകയും ചെയ്യാറുണ്ട്. അതിനനുസൃതമായി ഒരോ മണിക്കൂറിലും കുളിക്കണമെന്ന് വരുന്നത് "ഈ മതത്തിൽ പ്രയാസം ഉണ്ടാക്കിയിട്ടില്ല "[30] എന്ന പരിശുദ്ധ വചനത്തിന്റെ നിഷേധമാണ്. അതിനാൽ

---

29 ഈ അഭിപ്രായം കൂടുതൽ യുക്തവും പ്രായോഗികവും ലളിതവുമായി തോന്നുന്നു. (والله أعلم)

30 ഹജ്ജ്:78

ഒരു ദിവസമെങ്കിലും രക്തമില്ലാത്ത അവസ്ഥ നീണ്ടു നിൽക്കുന്നില്ലെങ്കിൽ അത് ശുദ്ധിയായി ഗണിക്കേണ്ടതില്ല. അല്ലെങ്കിൽ സാധാരണ ശുദ്ധിപ്രാപിക്കുമ്പോൾ ഉണ്ടാകാറുള്ള ലക്ഷണങ്ങളുണ്ടാവണം. അതെപ്പോഴായാലും ശുദ്ധി പ്രാപിച്ചതായി കണക്കാക്കാം.31

മൂന്നാമത് പറഞ്ഞ ഇബ്നു ഖുദാമയുടെ അഭിപ്രായം രണ്ട് വീക്ഷണങ്ങൾക്കും മദ്ധ്യെയുള്ള ഒരു വീക്ഷണമായി എനിക്ക് തോന്നുന്നു. (الله اعلم)

(5) <u>രക്ത വരൾചയുണ്ടാവുക</u>. അതായത് രക്തത്തിനു പകരം കേവലം നനവ് മാത്രം അവശേഷിക്കുക. നേരത്തെ പറഞ്ഞ വർണ്ണ വ്യത്യാസത്തോടെ കാണുന്ന സ്രാവ ത്തെപ്പോലെയാണിത്. അഥവാ ആർത്തവ കാലത്തോ, അതിനോട് ചേർന്നോ ആണെങ്കിൽ ഇതിനെ ആർത്തവത്തിലുൾപെടുത്താം. ശുദ്ധികൈവന്ന ശേഷമാണെങ്കിൽ പ്രശ്നമാക്കാതെ സാധാരണ പോലെ കണക്കാക്കുകയും ചെയ്യാം.

---

31 മുഗ്നി. ഇബ്നു ഖുദാമ 1-355

# ആർത്തവ സംബന്ധമായ വിധിവിലക്കുകൾ

മാസമുറയുമായി ബന്ധപ്പെട്ട ഇസ്‌ലാമിക വിധികൾ ധാരാളമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ശ്രദ്ധിക്കുക.

## (1) നമസ്കാരം.

ഋതുമതി നമസ്കരിക്കാൻ പാടില്ല. നിർബന്ധ മായതും ഐച്ഛികമായതും. നമസ്കരിച്ചാൽ അത് സ്വീകാര്യവുമല്ല. അതുപോലെ നമസ്കാര സമയത്തിൽനിന്ന് ഒരു റക്അത്ത് പൂർണ്ണമായി നിർവ്വഹിക്കാനുള്ള സാവകാശം ലഭിക്കുമ്പോൾ മാത്രമേ അവൾ നമസ്കരിക്കേണ്ടതുള്ളൂ. അങ്ങിനെ ലഭിക്കുന്നത് നിർണ്ണിത സമയത്തിന്റെ ആദ്യത്തിലായാലും അവസാനത്തിലായാലും അവൾ നമസ്കരിച്ചേ തീരൂ. ഉദാഹരണമായി:

(a) സൂര്യൻ അസ്തമിച്ചു. മഗ്‌രിബിന്റെ സമയമായി. ഒരു റക്അത്ത് നമസ്കരിക്കാനാവശ്യമുള്ള സമയം

കഴിഞ്ഞപ്പോൾ ഒരു സ്ത്രീ ഋതുമതിയായി എന്നു വെക്കുക. എങ്കിൽ പ്രസ്തുത മഗ്രിബ് നമസ്കാരം അവളുടെമേൽ ബാദ്ധ്യതയായി. ശുദ്ധിയായ ശേഷം ആ നമസ്കാരം അവൾ "ഖദാ"[32] വീട്ടണം. കാരണം ഋതുമതിയാകും മുമ്പ് ഒരു റക്അത്ത് നമസ്കരിക്കാനുള്ള സമയം അവൾക്ക് ലഭിച്ചിട്ടുണ്ട്.

(b) ഒരു സ്ത്രീ ശുദ്ധിയായി ഒരു റക്അത്ത് നമസ്കരിക്കാനുള്ള സമയം കഴിഞ്ഞ ശേഷമാണ് സൂര്യൻ ഉദിച്ചത്. എന്നാൽ പ്രസ്തുത സുബ്ഹി നമസ്കാരം മുതൽ അവളുടെ ബാദ്ധ്യത ആരംഭിച്ചു. കുളിച്ച ശേഷം - സമയം കഴിഞ്ഞാലും - അവൾ സുബ്ഹി നമസ്കരിക്കണം. കാരണം ശുദ്ധിപ്രാപിച്ച് ഒരു റക്അത്ത് നമസ്കരിക്കാനുള്ള സമയം കഴിഞ്ഞാണ് സുബ്ഹിയുടെ സമയം അവസാനിച്ചത്.

(c) സൂര്യൻ അസ്തമിച്ചു. ഒരു റക്അത്ത് നമസ്കരിക്കാനുള്ള സമയം ആയിട്ടില്ല. അപ്പോഴേക്കും ഒരു സ്ത്രീ ഋതുമതിയായി എന്നു കരുതുക. എന്നാൽ പ്രസ്തുത മഗ്രിബ് നമസ്കാരം അവൾ നിർവ്വഹിക്കേണ്ടതില്ല.

---

32 നിർണ്ണിത സമയം കഴിഞ്ഞ ശേഷം ആരാധനാ കർമ്മങ്ങൾ നിർവ്വഹിക്കുന്നതിന് "ഖദാഅ്" എന്നു പറയുന്നു. അനിവാര്യമായ കാരണങ്ങളില്ലാതെ "ഖദാ" ആക്കുന്ന സമ്പ്രദായം തെറ്റാണ്.

(d) ഒരു സ്ത്രീ ശുദ്ധി പ്രാപിച്ചു. ഒരു റക്അത്ത് നമസ്കരിക്കാനുള്ള സമയമാകുന്നതിനു മുമ്പ് സൂര്യൻ ഉദിച്ചു.എന്നാൽ അവൾ സുബ്ഹി നമസ്കാരം നിർവ്വഹിക്കേണ്ടതില്ല.

മേൽ പറഞ്ഞ കാര്യങ്ങൾക്കുള്ള തെളിവ് നബി (സ) യുടെ വചനമാണ്. അവിടുന്ന് പറഞ്ഞു: നമസ്കാരത്തിൽനിന്ന് "ഒരു റക്അത്ത് ലഭിച്ചവന് ആ നമസ്കാരം കിട്ടി.33 ഇതിൽ നിന്നും ഒരു റക്അത്ത് ലഭിച്ചില്ലെങ്കിൽ നമസ്കാരം ലഭിക്കുകയില്ല എന്നും ഗ്രഹിക്കാമല്ലോ.

## ഒരു പ്രശ്നം?

അസ്വറിന്റെ സമയത്തിൽ നിന്ന് ഒരു റക്അത്ത് നമസ്കരിക്കാനുള്ള സമയം ലഭിച്ചവൾ അസ്വറിനോടൊപ്പം ളുഹർ നമസ്കാരം കൂടി നമസ്കരിക്കേണ്ടതുണ്ടോ? അതുപോലെ ഇശാ നമസ്കാരത്തിന്റെ സമയത്തിൽ നിന്നു ഒരു റക്അത്ത് ലഭിച്ചവൾ ഇശായോടൊപ്പം മഗ്രിബ് നമസ്കാരം കൂടി നിർവ്വഹിക്കേണ്ടതുണ്ടോ?

ഈ വിഷയത്തിൽ പണ്ഢിതന്മാർക്കിടയിൽ

---

33 ബുഖാരി 580 മുസ്ലിം1370

അഭിപ്രായ വ്യത്യാസമുണ്ട്. എന്നാൽ ഏതിൻെറ സമയമാണോ ലഭിച്ചത് ആ നമസ്കാരം മാത്രമേ നിർവ്വഹിക്കേണ്ടതുള്ളു എന്ന അഭിപ്രായമാണ് ശരി. അഥവാ അസ്വറും ഇശായും മാത്രം നമസ്കരിച്ചാൽ മതി.

കാരണം നബി(സ) പറഞ്ഞു: "സൂര്യാസ്തമയത്തിന് മുമ്പ് അസ്വർ നമസ്കാരത്തിൽ നിന്നു ഒരു റക്അത്ത് ലഭിച്ചവന് അസ്വർ നമസ്കാരം ലഭിച്ചു.34

അസ്വറും ളുഹ്റും ലഭിച്ചുവെന്നോ, ളുഹ്ർ നിർബന്ധമാണെന്നോ തിരുമേനി പറഞ്ഞില്ല. കൽപനയില്ലാത്ത കാലത്തോളം മനുഷ്യൻെറമേൽ യാതൊരു ബാദ്ധ്യതയും വരുന്നില്ല. ഇമാം അബു ഹനീഫയും ഇമാം മാലിക്കും സ്വീകരിച്ച വീക്ഷണമതാണ്.35

## "ദിക്റും ദുആയും" പാടുണ്ടോ?

"അല്ലാഹു അക്ബർ, സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ്" എന്നിങ്ങനെയുള്ള കീർത്തനങ്ങളും പ്രാർത്ഥനകളും, "ബിസ്മി" ചൊല്ലുന്നതും "ആമീൻ" പറയുന്നതും, ഹദീസ് വായിക്കുന്നതും, മതഗ്രന്ഥങ്ങൾ പഠിക്കുന്നതും, ഖുർആൻ പാരായണം ശ്രവിക്കുന്നതും തുടങ്ങി യാതൊന്നും അവൾക്ക്

---

34 ബുഖാരി 579 മുസ്ലിം1373
35 ശറഹുൽ മുഹദ്ദബ്. ഇമാം നവവി. 3-70

നിഷിദ്ധമല്ല. ആയിഷ(റ) രജസ്സ്വലയായിരിക്കെ നബി(സ) അവരുടെ മടിയിൽ കിടന്ന് ഖുർആൻ ഓതാറുണ്ടായിരുന്നു എന്ന് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തിരിക്കുന്നു.[36]

അതുപോലെ ഉമ്മു അത്വിയ്യ: (റ) പറഞ്ഞു. നബി (സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് 'ഋതുമതികളും വീട്ടിൽ നിന്ന് പുറത്തിറങ്ങാത്ത തരുണികളും മറ്റെല്ലാവരും പെരുന്നാൾ നമസ്കാരത്തിന് പുറപ്പെടട്ടെ. സത്യവിശ്വാസികളുടെ സന്തോഷത്തിലും പ്രാർത്ഥനയിലും അവരൊക്കെ പങ്കുകൊള്ളട്ടെ. ഋതുമതി നമസ്കാര സ്ഥലത്തു നിന്ന് മാറി നിന്നാൽ മതി'.[37]

## ഖുർആൻ ഓതാമോ?

നാവ്കൊണ്ട് ഉരുവിടാതെ, മൗനമായി ഖുർആൻ നോക്കി വായിക്കുന്നതിനും ഹൃദിസ്ഥമാക്കിയത് മനസ്സുകൊണ്ട്

---

36 عن عائشة رضي الله عنها قالت : كان رسول الله صلى الله عليه وسلم يتكئ في حجري و انا حائض ثم يقرأ القرآن ـ البخاري (٢٩٧) مسلم(٣٠١) كان النبي صلى الله عليه و سلم يقرأ القرآن و رأسه في حجري و انا حائض البخاري (٧٥٤٩) قال ابن حجر فالمراد بالاتكاء وضع رأسه في حجرها . فتح الباري١-٤٧٩

37 ബുഖാരി 327

ഓതുന്നതിനും വിരോധമില്ല. മുസ്ഹഫ് ഒരു സ്ഥലത്ത് വെച്ച് അതിൽ നോക്കി മൗനമായി പാരായണം ചെയ്യാമെന്നർത്ഥം. ഇക്കാര്യം അനുവദനീയമാണെന്നതിൽ ഭിന്നതയില്ലെന്ന് ഇമാം നവവി ശറഹുൽ മുഹദ്ദബിൽ പറഞ്ഞിട്ടുണ്ട്.38

എന്നാൽ നാവുകൊണ്ട് ഉരുവിട്ട് പാരായണം ചെയ്യുന്നത് അനുവദനീയമല്ല എന്നത്രെ ഭൂരിപക്ഷ പണ്ഡിതൻമാരും പറഞ്ഞത്.

പക്ഷെ ഇമാം ബുഖാരി, ഇബ്നു ജരീർ ത്വബ്രി, ഇബ്നു മുൻദിർ, എന്നീ മഹാൻമാർ അതും അനുവദനീയമാണ് എന്ന പക്ഷക്കാരാണ്. ഇമാം മാലിക്കിന്റെയും, ഇമാം ഷാഫിയുടെ ആദ്യകാല അഭിപ്രായവും ഇതാണെന്ന് ഉദ്ധരിക്കപ്പെട്ടത് ഫത്ഹുൽ ബാരിയിൽ കാണാം.39 ഖുർആൻ സൂക്തം ഓതുന്നതിന് വിരോധമില്ല എന്ന് ഇബ്രാഹീം നഖഈ പറഞ്ഞതായി ബുഖാരി (റ) ഉദ്ധരിച്ചിട്ടുണ്ട്.40

---

38 فاما اجراء القراءة علي القلب من غير تحريك اللسان و النظر في المصحف و امرار مافيه في القلب فجائز بلا خلاف ـ ص. ٢:٣٥٧

39 വാള്യം 1.പേജ് 486. 305-ാം ഹദീസിന്റെ വ്യാഖ്യാനം നോക്കുക.

40 قاله تعليقا. باب تقضي الحائض المناسك كلها الا الطواف بالبيت. فتح الباري ١. ٤٨٥

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ: തന്റെ ഫതാവയിൽ പറയുന്നത് കാണുക.

وليس في منعها من القرآن سنة أصلا . فإن قوله:لاتقرأ الحائض ولاالجنب شيئا من القرآن حديث ضعيف باتفاق أهل المعرفة بالحديث .... وقد كان النساء يحضن على عهد رسول الله صلى الله عليه و سلم فلو كانت القراءة محرمة عليهن كالصلاة لكان هذا مما بينه النبي صلى الله عليه و سلم لأمته و تعلمه أمهات المؤمنين و كان ذلك مما ينقلونه الى الناس . فلما لم ينقل احد عن النبي صلى الله عليه وسلم في ذلك نهيا لم يجزان تجعل حراما مع العلم انه لم ينه عن ذلك فاذا لم ينه عنه مع كثرة الحيض في زمنه علم أنه ليس بمحرم 41

"ഋതുമതിയെ ഖുർആൻ ഓതുന്നതിൽ നിന്ന് തടയുന്ന യാതൊരു പ്രമാണവും നബി ചര്യയിലില്ല. 'ഇന്ദ്രിയ സ്ഖലനമുണ്ടായവനും ഋതുമതിയും ഖുർആൻ ഓതരുത്' എന്ന ഹദീസ് ദുർബലമാണെന്നതിൽ ഹദീസ് പണ്ഡിതൻമാർക്കിടയിൽ ഭിന്നിപ്പില്ല.42... നബി (സ) യുടെ കാലത്തും

---

41 مجموع فتاوى ابن تيمية ج ٢٢ ص ١٩١

42 عن ابن عمر رضي الله عنه عن النبي صلى الله عليه و سلم قال : لا

സ്ത്രീകൾ രജസ്സ്വലകൾ ആകാറുണ്ടായിരുന്നല്ലോ. നമസ്കാരം പോലെ ഖുർആൻ പാരായണവും അവൾക്ക് നിഷിദ്ധമായിരുന്നെങ്കിൽ മുസ്ലിം സമുദായത്തിന് അവിടുന്ന് വിവരിച്ചു കൊടുത്ത കാര്യങ്ങളിൽ അതും ഉൾപെടുമായിരുന്നു. തന്റെ പത്നിമാർ അത് മനസ്സിലാക്കുമായിരുന്നു. ജനങ്ങൾ ആ കാര്യം റിപ്പോർട്ട് ചെയ്യുമായിരുന്നു. എന്നാൽ അത്തരം യാതൊരു വിലക്കും ഒരാളും നബി(സ) യിൽ നിന്നും റിപ്പോർട്ട് ചെയ്യാത്ത സ്ഥിതിക്ക്, അഥവാ വിരോധിച്ചില്ലെന്ന് വ്യക്തമായി മനസ്സിലാകുന്ന സ്ഥിതിക്ക് അവൾ ഖുർആൻ ഓതുന്നത് നിഷിദ്ധമാക്കുവാൻ പാടില്ല. തന്റെ കാലത്ത് ധാരാളം ഋതുമതികൾ ഉണ്ടായിരിക്കെ അവർ ഖുർആൻ ഓതുന്നത് നബി (സ) വിരോധിച്ചില്ലെങ്കിൽ അത് ഹറാമല്ല എന്നു തന്നെയാണ് അർത്ഥം."

പണ്ഡിതൻമാർക്കിടയിലെ അഭിപ്രായ ഭിന്നത കണക്കിലെടുത്ത് നമുക്ക് പറയാനുള്ളത് ഇതാണ്; ക്ലാസ്സെടുക്കുന്ന അദ്ധ്യാപിക, പരീക്ഷക്ക് വായിക്കുന്ന വിദ്യാർത്ഥിനി, എന്നിവരെപ്പോലെ പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടിയല്ലാതെ ഋതുമതി നാവ്കൊണ്ട്

---

يقرء الجنب و الحائض شيئا من القرآن ( رواه أبو داود وابن ماجه والدارقطني.) ـ ضعيف قال به الشيخ الالباني انظر ارواء الغليل ج ١ رقم ١٩٥ الحـــــــــــــــــديـــــــــــــــــث

ഉരുവിട്ട് ഖുർആൻ ഓതാതിരിക്കുകയാണ് അഭികാമ്യം.

## (2) നോമ്പ്

ഋതുമതി നോമ്പ് നോൽക്കാൻ പാടില്ല. നിർബന്ധമായതും ഐച്ഛികമായതും. നോറ്റാൽ സ്വീകാര്യവുമല്ല. എന്നാൽ നിർബന്ധ നോമ്പ് മറ്റൊരവസരത്തിൽ നോറ്റ് വീട്ടണം. കാരണം ആയിഷ (റ) പറയുന്നു: ഞങ്ങൾ ഋതുമതികളാകാറുണ്ട്. തദവസരത്തിലെ നോമ്പ് നോറ്റ് വീട്ടാൻ കൽപിക്കപ്പെട്ടിരുന്നു. എന്നാൽ നമസ്കാരം 'ഖദാ' വീട്ടാൻ കൽപിക്കപ്പെട്ടിരുന്നില്ല.43

നോമ്പ് നോറ്റവളായിരിക്കെ ആർത്തവമുണ്ടായാൽ അവളുടെ നോമ്പ് അസാധുവായിത്തീരും. അത് സൂര്യാസ്തമയത്തിന്റെ തൊട്ട് മുമ്പാണെങ്കിലും ശരി. നിർബന്ധ നോമ്പായിരുന്നെങ്കിൽ പിന്നീടത് നോറ്റ് വീട്ടണം.

എന്നാൽ സൂര്യാസ്തമയത്തിന്റെ മുമ്പ് തന്നെ ഋതുമതി യാകുന്ന ലക്ഷണങ്ങൾ ആന്തരികമായി അനുഭവപ്പെട്ടെങ്കിലും അസ്തമയത്തിന് ശേഷമാണ് രക്തം പുറത്തു വന്നത് എന്ന് കരുതുക. എങ്കിൽ

---

43 മുസ്ലിം 761

അവളുടെ നോമ്പ് അസാധുവല്ല; പൂർണമായും ശരിയാണ്. കാരണം ശരീരത്തിനുള്ളിലെ രക്തവുമായി വിധിവിലക്കുകൾ ബന്ധപ്പെടുന്നില്ല. നോക്കുക : പുരുഷൻമാർക്ക് സ്വപ്ന സ്ഖലന മുണ്ടാകുന്നതിന് സമാനമായ അവസ്ഥ സ്ത്രീകൾക്കുണ്ടായാൽ അവൾ കുളിക്കേണ്ടതുണ്ടോ?' ഒരു സ്ത്രീ[44] നബി (സ) യോട് ചോദിച്ചു. തിരുമേനി പറഞ്ഞു: അതെ, തദ്ഫലമായി സ്രാവമുണ്ടായതായി കണ്ടാൽ.[45] ഇവിടെ കുളിക്കണം എന്ന വിധി ബാഹ്യമായി കാണുന്ന സ്ഖലിതത്തോടാണ് ബന്ധപ്പെടുന്നത്. അല്ലാതെ ആന്തരികമായി അനുഭവപ്പെടുന്ന അനുഭൂതിയോടല്ല. ആർത്തവവും ഇത്പോലെത്തന്നെയാണ്. രക്തം ബാഹ്യമായി കാണുമ്പോൾ മാത്രമേ വിധിവിലക്കുകൾ പാലിക്കേണ്ടതുള്ളൂ. ആന്തരികമായ അനുഭവം പ്രശ്നമല്ല.

ഋതുമതിയായിക്കൊണ്ട് പ്രഭാതം പ്രാപിക്കുന്നവൾ നോമ്പ് നോൽക്കാൻ പാടില്ല. നിമിഷങ്ങൾക്ക് ശേഷം ശുദ്ധി കൈവന്നാൽ പോലും. അതുപോലെ പ്രഭാതമാകുന്നതിന്റെ അൽപം മുമ്പ് ശുദ്ധിയായവൾ നേരം പുലർന്ന ശേഷമാണ് കുളിക്കുന്നതെങ്കിലും അവളുടെ നോമ്പ് ശരിയാകും. രാത്രിയിൽ ലൈംഗിക വേഴ്ചയിലേർപ്പെടുന്നവൻ

---

44 അബൂ ത്വൽഹയുടെ ഭാര്യ ഉമ്മു സുലൈമായിരുന്നു ആ സ്ത്രീ (ബുഖാരി282 നോക്കുക.)

45 ബുഖാരി 282. മുസ്‌ലിം 313 അദ്ധ്യായം ആർത്തവം 32

കുളിക്കുന്നത് പ്രഭാതം (സുബ്ഹി) ആയതിന് ശേഷ മാണെങ്കിലും അവൻെറ നോമ്പ് ശരിയാകുന്നത് പോലെ. ആയിഷ (റ) പറയുകയാണ്" നബി (സ) റമളാൻ മാസത്തിൽ അശുദ്ധനായി പ്രഭാതം പ്രാപിക്കാറുണ്ട്. സ്ഖലനം മൂലമല്ല, ലൈംഗിക വേഴ്ചയാൽ തന്നെ. എന്നിട്ട് നോമ്പനുഷ്ഠിക്കുകയും ചെയ്യും."46 (ഇതുപോലെ തന്നെയാണ് ആർത്തവവും.)

## (3) കഅ്ബാലയം ത്വവാഫ് ചെയ്യൽ.

ഋതുമതി കഅബാ പ്രദക്ഷിണം (ത്വവാഫ്) ചെയ്യാൻ പാടില്ല. നിർബന്ധമായതും ഐച്ഛികമായതും. ത്വവാഫ് ചെയ്താൽ അത് സ്വീകാര്യവുമല്ല. കാരണം ആയിഷ (റ) ഋതുമതിയായപ്പോൾ നബി (സ) അവരോട് പറഞ്ഞു: " ത്വവാഫ് ഒഴികെ തീർത്ഥാടകർ ചെയ്യുന്നതെല്ലാം നീയും ചെയ്യുക. ത്വവാഫ് ശുദ്ധിയായ ശേഷം ചെയ്താൽ മതി.47

സ്വഫാ-മർവക്കിടയിലെ നടത്തം, അറഫയിൽ നിൽക്കൽ, മുസ്ദലിഫയിൽ രാത്രി കഴിച്ചു കൂട്ടൽ, മിനായിൽ താമസിക്കൽ, കല്ലേറ് നടത്തൽ തുടങ്ങി ഹജ്ജിലെയും ഉംറയിലെയും ത്വവാഫല്ലാത്ത എല്ലാ

---

46 ബുഖാരി 1925, 1930, 1931

47 ബുഖാരി305 ഫത്ഹുൽബാരി 1/477 നോക്കുക.

കർമ്മങ്ങളും അവൾക്ക് നിർവ്വഹിക്കാം. അവയൊന്നും നിഷിദ്ധമല്ല. അതിനാൽ ത്വവാഫ് കഴിഞ്ഞയുടനെ അല്ലെങ്കിൽ സ്വഫാ-മർവക്കിടയിൽ വെച്ച് ഒരു സ്ത്രീ രജസ്സ്വലയായി എന്നു കരുതുക. എങ്കിൽ അതവൾ പ്രശ്നമാക്കേണ്ടതില്ല. (അവൾക്ക് തുടർന്നുള്ള കർമ്മങ്ങളെല്ലാം നിർവ്വഹിക്കാം)

## (4) ത്വവാഫുൽ വിദാഅ് 48

ഋതുമതിക്ക് "ത്വവാഫുൽ വിദാഅ്" ബാധകമല്ല. ഹജ്ജും ഉംറയും പൂർത്തിയാക്കിയ സ്ത്രീ മക്കയിൽ നിന്നു യാത്ര തിരിക്കും മുമ്പ് ഋതുമതിയായാൽ "ത്വവാഫുൽ വിദാഅ്" ചെയ്യാതെ തന്നെ അവൾക്ക് നാട്ടിലേക്ക് മടങ്ങാം. ഇബ്നു അബ്ബാസ് (റ) പറയുന്നു: തീർത്ഥാടനത്തിനെത്തിയ ജനങ്ങളുടെ ഏറ്റവും അവസാന സമയം കഅ്ബാലയത്തോടൊപ്പമാകണമെന്ന് കൽപിക്കപ്പെട്ടിരിക്കുന്നു. ഋതുമതിയായ സ്ത്രീ ഒഴികെ. അവൾക്കതിൽ വിട്ടുവിഴ്ചയുണ്ട്49

ഋതുമതിയാണെങ്കിൽ മസ്ജിദുൽ ഹറാമിൻെറ കവാടത്തിൽ വന്ന് പ്രാർത്ഥിച്ച് യാത്ര തിരിക്കുന്ന ഒരു

---

48 ഹജ്ജും ഉംറയും കഴിഞ്ഞ് മക്കയോട് വിടപറയുമ്പോൾ തീർത്ഥാടകർ നിർവ്വഹിക്കേണ്ട കഅബാ പ്രദക്ഷിണം.

49 ബുഖാരി മുസ്ലിം 1328

സമ്പ്രദായം കാണപ്പെടുന്നുണ്ട്. അത് തെറ്റാണ് അതിൽ യാതൊരു പുണ്യവുമില്ല. കാരണം നബി (സ) യിൽ നിന്നത് സ്ഥിരപ്പെട്ടിട്ടില്ല. ആരാധനാ കർമ്മങ്ങളെല്ലാം നബി (സ) യിൽ നിന്നു ലഭിച്ച പ്രബലമായ പ്രമാണങ്ങളിൽ അധിഷ്ഠിത മായിരിക്കണം. ഇവിടെയാകട്ടെ മേൽ സമ്പ്രദായ ത്തിനെതിരെയാണ് നബി(സ) യിൽ നിന്ന് സ്ഥിരപ്പെട്ട പ്രമാണങ്ങൾ വിരൽ ചൂണ്ടുന്നത്. അവിടുത്തെ പത്നി സ്വഫിയ്യ (റ) "ത്വവാഫുൽ ഇഫാദക്ക്"[50] ശേഷം ഋതുമതിയായി. അപ്പോൾ നബി (സ) അവരോട് പറഞ്ഞു: "എങ്കിൽ നീ യാത്ര തിരിച്ചോളൂ"[51] അവരോട് പള്ളി കവാടത്തിൽ ചെല്ലാൻ നബി (സ) അനുശാസിച്ചില്ല. ഒരു പുണ്യകർമ്മമായിരുന്നെങ്കിൽ അവിടുന്നത് വ്യക്തമാക്കുമായിരുന്നു.

എന്നാൽ ഹജ്ജിന്റെയും ഉംറയുടെയും അനിവാര്യ ഘടകങ്ങളായ ത്വവാഫുകൾ അവളും നിർവ്വഹിക്കണം. അത്, പക്ഷെ ശുദ്ധി പ്രാപിച്ച ശേഷം മാത്രം.

---

50 ഹജ്ജിലെ നിർബന്ധ കർമ്മങ്ങളിൽ ഉൾപ്പെടുന്ന ത്വവാഫ്

51 മുസ്‌ലിം 3207-3215 (അദ്ധ്യായം ഹജ്ജ് 382-387 )

## (5) പള്ളിയിൽ കഴിച്ചുകൂട്ടൽ

ആർത്തവമുള്ളവൾ പള്ളിയിൽ കഴിഞ്ഞുകൂടാൻ പാടില്ല. "ഈദ്ഗാഹിൽ" പോലും നമസ്കാരസ്ഥലത്തു നിന്ന് ഒഴിഞ്ഞു നിൽക്കാനാണല്ലോ അവൾ കൽപിക്കപ്പെട്ടത്. ഉമ്മു അത്വിയ്യ: (റ) പറയുകയാണ് "ഋതുമതികളും വീട്ടിൽ നിന്ന് പുറത്തിറങ്ങാത്ത സ്ത്രീകളും ഈദ്ഗാഹിലേക്ക് പുറപ്പെടട്ടെ., ഋതുമതി നമസ്കാര സ്ഥലത്തുനിന്ന് ഒഴിഞ്ഞു നിന്നാൽ മതി" എന്ന് നബി (സ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.[52]

## (6) ലൈംഗിക വേഴ്ച

ഋതുമതിയുമായി ഭർത്താവ് ലൈംഗിക വേഴ്ചയിലേർപ്പെടുന്നത് നിഷിദ്ധമാണ്. അദ്ദേഹത്തിൻെറ ആവശ്യത്തിന് അവൾ വഴങ്ങാനും പാടില്ല. കാരണം 1) അല്ലാഹു പറയുന്നത് കാണുക.

وَ يَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِسَاءَ

فِي الْمَحِيضِ وَلَا تَقْرَبُوهُنَّ حَتَّى يَطْهُرْنَ (البقرة٢٢٢)

ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു

52 ബുഖാരി 324,351

പറയുക അതൊരു മാലിന്യമാണ്. അതിനാൽ ആർത്തവ ഘട്ടത്തിൽ (മഹീദ്) നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കണം. അവർ ശുദ്ധിയാകുന്നത്‌വരെ അവരെ സമീപിക്കാൻ പാടില്ല.53

ഇവിടെ ആർത്തവ ഘട്ടം എന്നതിന് " മഹീദ് " എന്നാണ് ഖുർആൻ പ്രയോഗിച്ചത്. "മഹീദ്" എന്ന പദത്തിന് ആർത്തവകാലം എന്ന പോലെ ആർത്തവസ്ഥാനം എന്നും അർത്ഥം പറയാം. അതിനാൽ വെടിഞ്ഞു നിൽക്കേണ്ടത് ജനനേന്ദ്രിയത്തെയാണെന്ന് മനസ്സിലാക്കാം.

2) നബി (സ) അരുളിയതിങ്ങനെയാണ്: "ലൈംഗിക വേഴ്ചയല്ലാത്ത എല്ലാം നിങ്ങൾ ചെയ്തോളൂ"54 .

3) ആർത്തവഘട്ടത്തിൽ ലൈംഗിക വേഴ്ച നിഷിദ്ധമാണെന്ന കാര്യത്തിൽ മുസ്‌ലിം പണ്ഡിതർക്ക് ഏകാഭിപ്രായമുണ്ട് (ഇജ്മാഅ്).

അതിനാൽ അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്ന ഒരാൾക്കും വിശുദ്ധ ഖുർആനും തിരുസുന്നത്തും "ഇജ്മാഉം" വിലക്കിയ ഈ നിഷിദ്ധ

---

53 വി.ഖുർആൻ 2:222

54 മുസ്‌ലിം 302

വൃത്തിയിലേർപ്പെടാൻ പാടില്ല. ഇനിയും അതിന് തുനിയുന്നവൻ അല്ലാഹുവോടും തിരുദൂതരോടും ധിക്കാരം പ്രവർത്തിക്കുകയാണ്. സത്യവിശ്വാസം കൈകൊള്ളാത്തവരുടെ സരണി സ്വീകരിക്കുകയാണ്.

ആർത്തവഘട്ടത്തിൽ ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് വൻപാപമാണെന്നത്രെ ഇമാം ശാഫിഈ പറഞ്ഞത്. അത് അനുവദനീയമാണെന്ന് വാദിച്ചാൽ "കാഫിറായി" ഗണിക്കപ്പെടുമെന്നാണ് ശാഫിഈ പണ്ഡിതൻമാരും മറ്റും രേഖപ്പെടുത്തിയത്.55

അല്ലാഹുവിന് സ്തുതി. ലൈംഗിക വേഴ്ച പാടില്ലെങ്കിലും അവളുടെ ജനനേന്ദ്രിയമൊഴികെ ഏത് ഭാഗവും സ്പർശിക്കാം. ചുംബനം, ആലിംഗനം, തുടങ്ങി വൈകാരിക താൽപര്യങ്ങളെ തൃപ്തിപ്പെടുത്താവുന്നതൊക്കെ അവർക്ക് പരസ്പരം പങ്കുവെക്കാം.

എങ്കിലും അവളുടെ മുട്ട്- പൊക്കിളിന്നിടയിലുള്ള ഭാഗം നേരിട്ട് സ്പർശിക്കാതിരിക്കുന്നതാണുത്തമം. കാരണം ആയിശാ (റ) പറയുന്നു: ആർത്തവഘട്ടത്തിൽ "ഇസാർ"56 അണിയാൻ നബി (സ) എന്നോട് ആജ്ഞാപിക്കും

---

55 ശറഹുൽ മുഹദ്ദബ്. ഇമാം നവവി. 2:374.

56 തുണി, മുണ്ട് പോലെ അരയിൽ ചുറ്റിയുടുക്കുന്ന വസ്ത്രം.

പിന്നീടദ്ദേഹം എന്നെ സ്പർശിക്കുകയും ചെയ്യും.57

## (7) വിവാഹ മോചനം.

ആർത്തവ ഘട്ടത്തിൽ ഭാര്യയെ ത്വലാഖ് ചൊല്ലാൻ പാടില്ല. അല്ലാഹു പറയുന്നു:

يَا أَيُّهَا النَّبِيُّ إِذَا طَلَّقْتُمُ النِّسَاءَ فَطَلِّقُوهُنَّ لِعِدَّتِهِنَّ (الطلاق ١)

"നബിയേ നിങ്ങൾ (വിശ്വാസികൾ) നിങ്ങളുടെ സ്ത്രീകളെ വിവാഹ മോചനം നടത്തുമ്പോൾ അവരുടെ ഇദ്ദ കാലത്തിന് (കണക്കാക്കി) അവരെ നിങ്ങൾ വിവാഹ മോചനം നടത്തുക."58

അതായത് ത്വലാഖ് ചൊല്ലപ്പെടുമ്പോൾ മുതൽ നിശ്ചിത 'ഇദ്ദ' ആരംഭിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാകണമെന്നർത്ഥം. ഗർഭിണിയായിരിക്കുമ്പോഴും ലൈംഗിക ബന്ധം നടക്കാത്ത ശുദ്ധിഘട്ടത്തിലുമാണ് ആ അവസ്ഥയുണ്ടാവുക. കാരണം ആർത്തവഘട്ടത്തിൽ വിവാഹ മോചിതയായാൽ ആ നാളുകൾ ഇദ്ദയിൽ എണ്ണുകയില്ല. അതിനാൽ ഇദ്ദകാലം ആരംഭിക്കാൻ പിന്നെയും കാത്തിരിക്കേണ്ടിവരും, സംസർഗമുണ്ടായ ശുദ്ധി

---

57 ബുഖാരി: 300,302,2030 മുസ്ലിം: 293

58 ഖുർആൻ 65:1

ഘട്ടത്തിലാണെങ്കിൽ പ്രസ്തുത ബന്ധത്തിൽ ഗർഭമുണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ ദീക്ഷാകാലം ഏത് രീതിയിലാണെന്ന് തിട്ടപ്പെടുത്താനാവില്ല. അഥവാ മൂന്ന് ആർത്തവചക്രമാണോ അതോ ഗർഭം പ്രസവിക്കുന്നത് വരെയാണോ ഇദ്ദ ആചരിക്കേണ്ടത് എന്ന കാര്യത്തിൽ കണിശമായ ഒരവസ്ഥയുണ്ടാകുന്നില്ല എന്നർത്ഥം. അതിനാൽ ആ ഘട്ടത്തിൽ ത്വലാഖ് ചൊല്ലുന്നത് നിഷിദ്ധമാക്കപ്പെട്ടു.

അപ്പോൾ ഉപര്യുക്ത ഖുർആൻ സൂക്ത പ്രകാരം ആർത്തവ ഘട്ടത്തിൽ ത്വലാഖ് ചൊല്ലുന്നത് നിഷിദ്ധമാണെന്ന് വ്യക്തമായി. കൂടാതെ ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന ഒരു സംഭവം കാണുക:

ഉമർഖത്താബിൻെറ മകൻ അബ്ദുല്ല (റ) തൻെറ ഭാര്യയെ ആർത്തവ ഘട്ടത്തിൽ ത്വലാഖ് ചൊല്ലി. ആ കാര്യം ഉമർ (റ) നബി (സ) യോട് പറഞ്ഞു. അപ്പോൾ തിരുമേനി കോപാകുലനായി ഇങ്ങനെ പ്രതികരിച്ചു "അവനോട് വീണ്ടും അവളെ ഭാര്യയായി സ്വീകരിക്കാൻ പറയൂ. അവൾ ശുദ്ധിയായ ശേഷം വീണ്ടും മാസമുറയുണ്ടായി ശുദ്ധിയാവട്ടെ. എന്നിട്ട് വേണമെങ്കിൽ അവൻ വിവാഹമോചനം നടത്തട്ടെ. അത് പക്ഷ, ബന്ധപ്പെടുന്നതിന് മുമ്പാകണം. ഇതത്രെ "ഇദ്ദ കാലത്തിന് കണക്കാക്കി വേണം സ്ത്രീകളെ ത്വലാഖ് ചൊല്ലാൻ" എന്ന

അല്ലാഹുവിൻെറ കൽപന.[59]

അതിനാൽ ഋതുമതിയായിരിക്കെ തൻെറ ഭാര്യയെ ഒരാൾ ത്വലാഖ് ചൊല്ലിയാൽ അവൻ കുറ്റക്കാരനാണ്. വന്നുപോയ തെറ്റിന് പശ്ചാത്തപിക്കുന്നതോടൊപ്പം അവളെ വീണ്ടും ഭാര്യയായി തിരിച്ചെടുക്കണം. പിന്നീട് മുറപ്രകാരം അല്ലാഹുവും തിരുദൂതരും അനുശാസിച്ചപോലെ ത്വലാഖ് ചൊല്ലണം. അഥവാ അവൾ ശുദ്ധിപ്രാപിച്ച് വീണ്ടും മാസമുറയുണ്ടായി ശുദ്ധികൈവരുന്നത് വരെ കാത്തിരിക്കണം. ശേഷം വേണമെങ്കിൽ ത്വലാഖ് ചൊല്ലാം. അത് പക്ഷ, ബന്ധപ്പെടുന്നതിന് മുമ്പാകണം.

മൂന്നു സന്ദർഭങ്ങളിൽ ഈ നിയമം ബാധകമല്ല.

(1) വിവാഹം കഴിഞ്ഞു. പക്ഷെ മണിയറ പങ്കു വെക്കുന്നതിന് മുമ്പ് തന്നെ പരസ്പരം ത്വലാഖ് ചൊല്ലി പിരിയേണ്ടിവന്നു. ഈ സന്ദർഭത്തിൽ അവൾ ഋതുമതിയാണോ അല്ലേ എന്ന് ശ്രദ്ധിക്കേണ്ടതില്ല. കാരണം ലൈംഗിക വേഴ്ച നടക്കാത്ത സ്ഥിതിക്ക് അവൾ ഇദ്ദ ആചരിക്കേണ്ടി വരുന്നില്ല. അതിനാൽ ഇദ്ദ കാലത്തിന് കണക്കാക്കി വിവാഹം മോചനം നടത്തുക എന്ന അല്ലാഹുവിൻെറ കൽപനക്കത് വിരുദ്ധമാകുന്നില്ല.

---

59 ബുഖാരി 5251 അദ്ധ്യായം, വിവാഹമോചനം. 4908, 5252, 5253, 5258, 5264, 5332, 5333, 7160. മുസ്ലിം 1471

(2) ഗർഭിണിയെ ത്വലാഖ് ചൊല്ലുമ്പോൾ വിരളമായെങ്കിലും കാണാറുള്ള ആർത്തവം ഉണ്ടോ ഇല്ലേ എന്ന് ഗൗനിക്കേണ്ടതില്ല. (കാരണം ഗർഭിണിയുടെ ദീക്ഷാകാലം ആർത്തവ ചക്രവുമായി ബന്ധപ്പെട്ടതല്ല)

(3) സ്ത്രീയുടെ ആവശ്യ പ്രകാരമാണെങ്കിൽ ആർത്തവ ഘട്ടത്തിൽ ത്വലാഖ് ചൊല്ലുന്നതിന് വിരോധമില്ല. ഉദാഹരണമായി ദമ്പതികൾക്കിടയിൽ പരസ്പരം ഒരുമിച്ചു പോകാൻ കഴിയാത്ത അവസ്ഥയുണ്ടായി. തദ്ഫലമായി ബന്ധം വിഛേദിക്കണമെന്ന് ഭാര്യ ആവശ്യപ്പെട്ടു. പകരമായി ഭർത്താവിന് നൽകേണ്ടത് നൽകാമെന്ന് ഭാര്യ അംഗീകരിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ അവൾ ഋതുമതിയാണോ അല്ലേ എന്ന് ഭർത്താവ് നോക്കേണ്ടതില്ല.

ഇബ്നു അബ്ബാസ് (റ) റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ കാണാം, സാബിത് ബിൻ ഖൈസിന്റെ ഭാര്യ നബി (സ) യുടെ അരികിൽ വന്നു. അവൾ പറഞ്ഞു: "ദൈവദൂതരെ അദ്ദേഹത്തിന്റെ സ്വഭാവത്തിലോ മതനിഷ്ഠയിലോ എനിക്ക് പരാതിയില്ല. പക്ഷെ ഇസ്‌ലാമിൽ നിന്നുകൊണ്ട് ദൈവധിക്കാരം ചെയ്യരുതല്ലോ." നബി (സ) ചോദിച്ചു അദ്ദേഹത്തിന്റെ തോട്ടം അയാൾക്ക് തന്നെ നീ തിരിച്ചു കൊടുക്കുമോ? അവൾ പറഞ്ഞു അതെ. അങ്ങനെ അദ്ദേഹത്തോട് നബി (സ) പറഞ്ഞു: നീ തോട്ടം

സ്വീകരിച്ച് അവളെ വിവാഹ മോചിതയാക്കുക.60

ഇവിടെ അവൾ ഋതുമതിയാണോ എന്ന് നബി (സ) അന്വേഷിച്ചിട്ടില്ല. കാരണം അവളുടെ ആവശ്യ പ്രകാരമാണ് വിവാഹ മോചനം നടന്നത്. ( ഇങ്ങനെ ഭാര്യയുടെ ആവശ്യപ്രകാരം നടക്കുന്ന ത്വലാഖിന് സാങ്കേതികമായി "ഖുൽഅ്" എന്നു പറയുന്നു. വിവ: )

ഖുൽഇന്റെ സന്ദർഭത്തിൽ ഋതുമതിയാണോ അല്ലേ എന്ന് നോക്കേണ്ടതില്ല എന്നു പറഞ്ഞുവല്ലോ. എന്താണതിന്റെ കാരണം? ഇമാം ഇബ്നു ഖുദാമ പറയുന്നത് കാണുക. " ആർത്തവ ഘട്ടത്തിൽ ത്വലാഖ് നടന്നാൽ അവളുടെ ദീക്ഷാകാലം അൽപം ദീർഘിക്കും. അവൾക്കത് പ്രയാസകരമാണ്. എന്നാൽ അതിനെക്കാൾ ദുഷ്കരമാണ് താൻ വെറുക്കുകയും, സഹവാസം ഇഷ്ട്ടപ്പെടാതിരിക്കുകയും ചെയ്യുന്ന ഒരു പുരുഷനോടൊപ്പം കഴിച്ചുകൂട്ടൽ. അതിനാൽ കൂടുതൽ ദുഷ്കരമായതിനെ ഒഴിവാക്കാൻ വേണ്ടി അൽപം പ്രയാസകരമായത് മതം അനുവദിച്ചിരിക്കുകയാണ്. അതത്രെ നബി (സ) ബന്ധ വിച്ഛേദം ആവശ്യപ്പെട്ട സ്ത്രീയോട് അവളുടെ ശാരീരികാവസ്ഥ അന്വേഷിക്കാത്തതിന്റെ പൊരുൾ61.

---

60 ബുഖാരി5273-5276

61 മുഗ്നി 7/52

## വിവാഹം ചെയ്യാമോ?

ആർത്തവ ഘട്ടത്തിൽ വിവാഹം ചെയ്യുന്നതിന് വിരോധമുണ്ടോ? ഇല്ല. യാതൊരു വിരോധവുമില്ല. കാരണം ആ കാര്യം വിലക്കുന്ന ഒരു പ്രമാണവുമില്ല. പക്ഷേ, സഹശയനം ശ്രദ്ധിക്കണം. ആത്മനിയന്ത്രണം കൈകൊള്ളാൻ സാധിക്കുമെന്ന് ഉറപ്പുള്ളവന് സഹശയനമാകാം. എന്നാൽ ലൈംഗിക വേഴ്ചയിൽ നിന്ന് മാറിനിൽക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ളവൻ നിഷിദ്ധ വൃത്തിയിൽ അകപ്പെടാതിരിക്കാൻ വേണ്ടി ശുദ്ധികാലം വരെ സഹശയനം ഒഴിവാക്കണം.

## (8) ദീക്ഷാകാലം

ലൈംഗിക വേഴ്ച നടക്കുകയോ, അതില്ലാതെ മണിയറ പങ്കുവെക്കുകയോ ചെയ്ത ശേഷം വിവാഹ മോചിതയാകുന്ന സ്ത്രീ ഗർഭിണിയല്ലെങ്കിൽ മൂന്ന് ആർത്തവചക്രം വരെ ഇദ്ദയാചരിക്കണം. അല്ലാഹു പറയുന്നു:

وَ الْمُطَلَّقَاتُ يَتَرَبَّصْنَ بِأَنْفُسِهِنَّ ثَلَاثَةَ قُرُوءٍ (البقرة ٢٢٨)

വിവാഹ മോചിതയായ സ്ത്രീകൾ തങ്ങളുടെ സ്വന്തം കാര്യത്തിൽ മൂന്നു മാസമുറകൾ (കഴിയുന്നത്) വരെ കാത്തിരിക്കേണ്ടതാണ്.62

ഗർഭിണിയാണെങ്കിൽ ഗർഭം പ്രസവിക്കുന്നത് വരെയാണ് ഇദ്ദകാലം. അല്ലാഹു പറയുന്നു :

وَ أُولاتُ الأحْمالِ أجَلُهُنَّ أنْ يَضَعْنَ حَمْلَهُنَّ (الطلاق ٤)

"ഗർഭിണികളായ സ്ത്രീകളുടെ അവധി അവർ ഗർഭം പ്രസവിക്കലാകുന്നു."63

ആർത്തവമുണ്ടായിട്ടില്ലാത്ത ബാലികയോ, ആർത്തവ വിരാമം പ്രാപിച്ച പ്രായം ചെന്നവളോ, ഗർഭാശയം നീക്കം ചെയ്യപ്പെട്ടവളോ, മറ്റെന്തെങ്കിലും കാരണത്താൽ ആർത്തവമുണ്ടാകാൻ സാദ്ധ്യതയില്ലാത്തവളോ ആണെങ്കിൽ മൂന്നു മാസമാണ് ഇദ്ദ ആചരിക്കേണ്ടത്. അല്ലാഹു പറയുന്നു:

وَ اللّائي يَئِسْنَ مِنَ المَحِيضِ مِنْ نِسائِكُمْ اِنْ ارْتَبْتُمْ فَعِدَّتُهُنَّ ثَلاثَةُ أشْهُرٍ وَ اللّائي لَمْ يَحِضْنَ (الطلاق ٤)

---

62 വി.ഖുർആൻ 2:228

63 വി.ഖുർആൻ 65:4

"നിങ്ങളുടെ സ്ത്രീകളിൽ നിന്നും ആർത്തവത്തെപ്പറ്റി നിരാശരായവരെ സംബന്ധിച്ചിടത്തോളം അവരുടെ ഇദ്ദ കാര്യത്തിൽ സംശയാലുക്കളാണെങ്കിൽ, അത് മൂന്ന് മാസമാകുന്നു. ആർത്തവ മുണ്ടായിട്ടില്ലാത്തവരുടെതും അങ്ങനെ തന്നെ."64

പതിവായി ഋതുമതിയാകുന്ന ഒരു സ്ത്രീക്ക്, മുലയൂട്ടുക, രോഗിയാവുക തുടങ്ങിയ കാരണത്താൽ ആർത്തവമുണ്ടാകാൻ താമസം നേരിട്ടാൽ അതുണ്ടാകുന്നത് വരെ കാത്തിരിക്കണം. ഉണ്ടാകാതിരിക്കാനുള്ള കാരണം നീങ്ങി, എന്നിട്ടും ഋതുമതി യാകുന്നില്ലെങ്കിൽ നീങ്ങിയത് മുതൽ ഒരു വർഷമാണ് അവൾ ഇദ്ദയാചരിക്കേണ്ടത് എന്ന അഭിപ്രായമാണ് മത തത്വങ്ങളോട് കൂടുതൽ യോജിക്കുന്നത്. കാരണം ഇത്തരം സന്ദർഭത്തിൽ പ്രത്യേക കാരണമില്ലാതെ ആർത്തവം അപ്രത്യക്ഷമാകുന്ന സ്ത്രീകളുടെ ഗണത്തിലാണ് അവൾ ഉൾപ്പെടുന്നത്. അത്തരം സ്ത്രീകൾ ഒരു വർഷം ഇദ്ദയാചരിക്കേണ്ടതാണ്. ഒമ്പത് മാസം സൂക്ഷ്മതക്ക് വേണ്ടിയും മൂന്ന് മാസം ആർത്തവമില്ലാത്തവൾക്ക് നിശ്ചയിക്കപ്പെട്ട ഇദ്ദ കാലവും. സാധാരണ ഗതിയിൽ ഗർഭകാലം ഒമ്പത് മാസമായി കണക്കാക്കപ്പെടുന്നു.

---

64 വി.ഖുർആൻ 65:4

വിവാഹം കഴിഞ്ഞെങ്കിലും സഹശയനമോ ലൈംഗിക വേഴ്ചയോ ഉണ്ടാകുന്നതിന് മുമ്പ് വിവാഹമോചനം ചെയ്യപ്പെട്ടവൾ ഇദ്ദയാചരിക്കേണ്ടതില്ല. അല്ലാഹു പറയുന്നു

يا أيها الذين آمنوا إذا نكحتم المؤمنات ثم طلقتموهن من قبل أن تمسوهن فما لكم عليهن من عدة تعتدونها( الاحزاب ٤٩)

"സത്യവിശ്വാസികളേ നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് നിങ്ങൾ അവരെ സ്പർശിക്കുന്നതിന് മുമ്പ് വിവാഹമോചനം നടത്തുകയുംചെയ്താൽ നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദയാചരിക്കേണ്ട ബാധ്യത അവർക്ക് നിങ്ങളോടില്ല.[65]

## (9) ഗർഭമില്ലെന്ന് സ്ഥിരീകരിക്കൽ

സ്ത്രീ ഗർഭിണിയാണോ അല്ലേ എന്ന് സ്ഥിരീകരിക്കേണ്ട ഘട്ടങ്ങൾ പല പ്രശ്നങ്ങളിലും ഉണ്ടാകാറുണ്ട്. ഉദാഹരണമായി ഒരു സ്ത്രീയുടെ ഗർഭസ്ഥശിശു അനന്തരാവകാശിയാകുന്ന അവസ്ഥയിൽ ഒരാൾ മരിച്ചു എന്ന് കരുതുക.[66] എങ്കിൽ അവൾ

---

65 വി.ഖുർആൻ 33:49

66 ഒരാളുടെ അനന്തരാവകാശിയാകുവാൻ അയാൾ മരണപ്പെടുന്ന സമയത്ത് ജീവിച്ചിരിക്കുന്നവർക്ക് മാത്രമേ അവകാശമുള്ളൂ. ഗർഭസ്ഥശിശു ജീവിച്ചിരിക്കുന്നവരിൽ ഉൾപ്പെടുന്നു.

ഗർഭിണിയാണോ അല്ലേ എന്ന് വ്യക്തമാകുകയോ അവൾക്ക് ആർത്തവമുണ്ടാവുകയോ ചെയ്യുന്നത് വരെ അവളുമായി ഭർത്താവ് ലൈംഗിക ബന്ധം പുലർത്താൻ പാടില്ല. ഗർഭമുണ്ട് എന്ന് വ്യക്തമായാൽ ഗർഭസ്ഥശിശുവിന് അനന്തരാവകാശം ലഭിക്കും. കാരണം അയാൾ മരണപ്പെടുമ്പോൾ ശിശു ഉണ്ടായിരുന്നതായി കണക്കാക്കപ്പെടും. ആർത്തവമുണ്ടായാൽ ഗർഭാവസ്ഥ യിലുള്ള അനന്തരാവകാശി ഇല്ല എന്ന് മനസ്സിലാക്കാം അഥവാ ആർത്തവം നിമിത്തമാണ് ഗർഭമില്ലെന്ന് സ്ഥിരീകരിക്കുക എന്നർത്ഥം.

## (10) കുളിക്കൽ

ശുദ്ധി പ്രാപിച്ചു കഴിഞ്ഞാൽ നിർബന്ധമായും അവൾ കുളിക്കേണ്ടതാണ്. കാരണം ഹുബൈഷിൻെറ മകൾ

---

ഒരാൾ മരണപ്പെടുന്നു അയാൾക്ക് ഭാര്യയോ മക്കളോ ഇല്ല. പിതാവും ജീവിച്ചിരിക്കുന്നില്ല. അയാളുടെ മാതാവ് പുനർവിവാഹം ചെയ്യപ്പെടുകയും ഭർത്താവിനോടൊപ്പം ജീവിക്കുകയും ചെയ്യുന്നു. എങ്കിൽ മകൻ മരിക്കുമ്പോൾ മാതാവിൻെറ ഗർഭാശയത്തിൽ വളരുന്ന ശിശു അടക്കമുള്ള സഹോദരീ സഹോദരന്മാർ അയാളുടെ അനന്തരാവകാശികളിൽ ഉൾപെടും.

എന്നാൽ മകൻെറ മരണവേളയിൽ മാതാവ് ഗർഭിണിയാണോ അല്ലേ എന്ന് സംശയമുണ്ടാകുന്ന സാഹചര്യത്തിൽ അവരുമായി ലൈംഗിക ബന്ധം പുലർത്താൻ പുതിയ ഭർത്താവിന് പാടില്ല. ഒന്നുകിൽ ഗർഭമുണ്ട് എന്ന് ഉറപ്പാകുന്നത് വരെ അല്ലെങ്കിൽ അടുത്ത ആർത്തവം വരെ. ആർത്തവമുണ്ടായാൽ ഗർഭമില്ലെന്ന് വിധിയെഴുതാം.

ഫാത്വിമയോട് നബി (സ) പറഞ്ഞു: ആർത്തവമുണ്ടായാൽ നമസ്കാരം ഉപേക്ഷിക്കുക. ആർത്തവം കഴിഞ്ഞാൽ കുളിക്കുകയും നമസ്കരിക്കുകയും ചെയ്യുക.

മുടിയുടെ അടിഭാഗമടക്കം ശരീരം മുഴുവൻ കഴുകുന്നതോടെ കുളിയുടെ അനിവാര്യ രൂപം നിർവ്വഹിച്ചു എന്നു പറയാം. എന്നാൽ ഏറ്റവും അഭികാമ്യമായ കുളിയുടെ രൂപം ശക്ലിന്റെ മകൾ അസ്മ(റ) യുടെ ഹദീസിൽ വന്നിട്ടുണ്ട്. അവർ നബി (സ) യോട് ചോദിച്ചു: ഋതുമതി കുളിക്കേണ്ടത് എങ്ങനെയാണ്? അവിടുന്ന് പറഞ്ഞു: "താളിയും വെള്ളവും എടുക്കുക. ശരീരം നന്നായികഴുകിയ ശേഷം താളിവെള്ളം തലയിലൊഴിച്ച് ശരിക്കും തേച്ചു വൃത്തിയാക്കുക. പിന്നെ ധാരാളം വെള്ളമൊഴിക്കുക. ശേഷം കസ്തൂരി[67] മണപ്പിച്ച പരുത്തി കൊണ്ട് വൃത്തിയാക്കുക." അസ്മാഅ് ചോദിച്ചു: പരുത്തി ഉപയോഗിച്ചു വൃത്തിയാക്കുകയോ? അതെങ്ങനെ? നബി (സ) പറഞ്ഞു : "സുബ്ഹാനല്ലാഹ്"[68] അപ്പോൾ ആയിഷ (റ) അവൾക്ക്

---

67 മാലിന്യവും ദുർഗന്ധവും നീങ്ങി വൃത്തിയാകുന്നതോടൊപ്പം സുഗന്ധവും ഉണ്ടാകണം എന്നർത്ഥം. നബി(സ) യുടെ കാലത്ത് താരതമ്യേന കസ്തൂരി യുടെ ഉപയോഗം കൂടുതലായിരുന്നു.

68 താൻ പറയുന്നതിന്റെ ഉദ്ദേശം അസ്മ(റ)ക്ക് മനസ്സിലാകാത്തതിൽ അത്ഭുതവും, കൂടുതൽ തെളിച്ചു പറയുന്നതിൽ ലജ്ജയും തോന്നിയപ്പോൾ അത് പ്രകടിപ്പിക്കുകയാണ് "സുബ്ഹാനല്ലാഹ്" എന്ന വാക്കിലൂടെ. അത് കേട്ടപ്പോൾ ആയിശ(റ) അസ്മ(റ)യെ അകത്തേക്ക് കൊണ്ട്പോയി നബി(സ) പറഞ്ഞതിന്റെ പൊരുൾ പറഞ്ഞു കൊടുക്കുകയാണുണ്ടായത്.

പറഞ്ഞുകൊടുത്തു. രക്തപ്പാടുകളൊക്കെ അതുപയോഗിച്ച് തുടച്ചു വൃത്തിയാക്കുക എന്നർത്ഥം.69

മുടിയുടെ താഴെ വെള്ളമെത്താത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്നില്ലെങ്കിൽ തലമുടി തിക്കകെറ്റി കഴുകണമെന്നില്ല. ഉമ്മു സലമ (റ) നബിയോട് പറഞ്ഞു. " തിങ്ങിയ മുടിയുള്ളവളാണ് ഞാൻ. അശുദ്ധി നിമിത്തം കുളിക്കുമ്പോൾ ഞാൻ തിക്കകെറ്റി കഴുകേണ്ടതുണ്ടോ? നബി (സ) പറഞ്ഞു " വേണ്ട നീ മൂന്നു പ്രാവശ്യം തലയിൽ വെള്ളമൊഴിക്കുക. പിന്നെ ശരീരം നന്നായി കഴുകുക. അതുമതി.70

ശുദ്ധി പ്രാപിക്കുമ്പോൾ നമസ്കാര സമയ മാണെങ്കിൽ എത്രയും പെട്ടെന്ന് കുളിച്ച് നിർണ്ണിത സമയത്ത് തന്നെ നമസ്കരിക്കണം. വെള്ളം ലഭ്യമല്ലാത്ത അവസ്ഥയിലും വെള്ളമുപയോഗിക്കുന്നത് ദോഷ കരമാണെന്നോ രോഗം മൂർഛിക്കാനിടവരുമെന്നോ ഭയപ്പെടുന്ന അവസ്ഥയിലും കുളിക്കുന്നതിന് പകരം തയമ്മും71 ചെയ്താൽ മതി.

---

69 ബുഖാരി 314, 315, 7357 മുസ്ലിം, അദ്ധ്യായം ആർത്തവം 61

70 മുസ്ലിം 330(അദ്ധ്യായം ആർത്തവം 50)

71 രണ്ടു കൈകളും ശുദ്ധമായ മണ്ണിലോ ഉപരിതലത്തിലോ അടിച്ച ശേഷം മുഖവും കൈപത്തികളും അവകൊണ്ട് ഓരോ പ്രാവശ്യം തടവുന്നതിനാണ് 'തയമ്മും' എന്നു പറയുന്നത് വെള്ളമുപയോഗിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ അംഗശുദ്ധി (വുദൂഅ്) വരുത്തുന്നതിനും കുളിക്കുന്നതിനും പകരം തയമ്മും

വെള്ളമുപയോഗിക്കാനാവുമ്പോൾ കുളിക്കുകയും ചെയ്യുക.

നമസ്കാരസമയം കഴിയുന്നതിന് മുമ്പ് ശുദ്ധി പ്രാപിച്ചാലും ചില സ്ത്രീകൾ കുളിക്കുന്നത് നീട്ടിവെക്കാറുണ്ട്. ഇപ്പോൾ "വിശദമായി കുളിക്കാൻ" നേരമില്ല എന്നാണവർ പറയാറുള്ളത്. അത് ശരിയല്ല. കാരണം നമസ്ക്കാരം നിശ്ചിത സമയത്ത്തന്നെ നിർവ്വഹിക്കൽ നിർബന്ധമാണ്. അതിനാൽ പെട്ടെന്ന് കുളിച്ച് നമസ്കാരം നിർവ്വഹിക്കണം. പിന്നീട് വേണമെങ്കിൽ "വിശദമായി" കുളിക്കാമല്ലോ.

## രക്തസ്രാവം

ഒരിക്കലും രക്ത സാന്നിദ്ധ്യം നിലയ്ക്കാതിരിക്കുക അല്ലെങ്കിൽ, മാസത്തിൽ ഒന്നോ രണ്ടോ ദിവസം അഥവാ വളരെ ചുരുങ്ങിയ സമയം മാത്രം നിലയ്ക്കുക ഇത്തരം അവസ്ഥയാണ് "ഇസ്തിഹാദത്ത്" അഥവാ (രക്തസ്രാവം). മേൽ പറഞ്ഞ രണ്ടവസ്ഥയും നബി (സ) യുടെ കാലത്ത് കാണപ്പെട്ടിരുന്നു.

ആയിശാ (റ) പറയുന്നു: അബൂ ഹുബൈശിന്റെ

---

ചെയ്യാവുന്നതാണ് (വി. ഖു.4:43,5:6 നോക്കുക.)

മകൾ ഫാത്വിമ നബി (സ) യോട് പറഞ്ഞു;72 "ദൈവദൂതരെ ഞാൻ ശുദ്ധി പ്രാപിക്കുന്നേയില്ല." മറ്റൊരു റിപ്പോർട്ട് പ്രകാരം. "എനിക്കെപ്പോഴും രക്തം സ്രവിക്കുന്നു, ശുദ്ധി വരുന്നേയില്ല." ഇതാണ് ഒന്നാമത്തെ അവസ്ഥ. ജഹ്ശിന്റെ മകൾ ഹംന (റ) യുടെ ഹദീസിൽ കാണാം അവൾ നബി (സ) യുടെ അടുക്കൽ വന്നു പറഞ്ഞു : "ദൈവദൂതരെ എനിക്കുണ്ടാവുന്ന രക്തസ്രാവം ശക്തവും ഭീകരവുമാണ്"73. ഇത് രണ്ടാമത്തെ അവസ്ഥയാണ്

## മൂന്നു അവസ്ഥകൾ

രക്തസ്രാവമുണ്ടാകുന്ന സ്ത്രീകളെ മൂന്നായി തരം തിരിക്കാം.

(ഒന്ന്) രക്തസ്രാവമുണ്ടാകുന്നതിന് മുമ്പ് കൃത്യമായി മാസമുറ ഉണ്ടായിരുന്നവൾ. ഇത്തരം സ്ത്രീകൾ സാധാരണ മാസമുറയുണ്ടാകുന്ന ദിവസങ്ങൾ ഋതുമതിയായി കണക്കാക്കി ബാക്കി ദിവസങ്ങൾ "ഇസ്തിഹാദത്തായി" ഗണിക്കണം. ഉദാഹരണമായി എല്ലാ മാസവും ആദ്യത്തെ ആറ് ദിവസം ഋതുമതിയാകാറുണ്ടായിരുന്ന ഒരു സ്ത്രീ യാദൃച്ഛികമായി രക്തസ്രാവമുള്ളവളായി. എങ്കിൽ എല്ലാ

---

72 മുസ്ലിം 333 ബുഖാരി 306

73 അബൂ ദാവൂദ് 287,തിർമിദി128

മാസവും ആദ്യത്തെ ആറ് ദിവസം ഋതുമതിയായും ബാക്കി ദിവസങ്ങൾ രക്തസ്രാവമുള്ളവളായും ഗണിക്കണം. കാരണം ആയിഷാ (റ) പറയുന്നു: അബൂ ഹുബൈഷിൻെറ മകൾ ഫാത്വിമ നബി (സ) അടുത്ത് വന്നു പറഞ്ഞു. ദൈവദൂതരെ എനിക്ക് രക്ത സ്രാവമുണ്ടാകുന്നു. ശുദ്ധി പ്രാപിക്കുന്നേ ഇല്ല. ഞാൻ നമസ്കാരം ഉപേക്ഷിക്കാൻ പാടുണ്ടോ? നബി (സ) പറഞ്ഞു; പാടില്ല, ഇത് ധമനിയെ ബാധിക്കുന്ന ഒരസുഖമാണ്. അതിനാൽ നീ എത്ര ദിവസമാണോ ഋതുമതി ആകാറുണ്ടായിരുന്നത് അത്രയും ദിവസം നമസ്കാരം ഉപേക്ഷിക്കുക. പിന്നീട് കുളിക്കുകയും നമസ്കരിക്കുകയും ചെയ്യുക.74 ജഹ്ഷിൻെറ മകൾ ഉമ്മു ഹബീബയോടും നബി (സ) ഇതേ മറുപടി പറയുകയുണ്ടായി75

അപ്പോൾ കൃത്യമായി മാസമുറയുണ്ടാകുന്നവൾ രക്തസ്രാവമുള്ളവളായാൽ മാസമുറയുടെ അത്രയും ദിവസങ്ങൾ ആർത്തവമായി കണക്കാക്കി, അത് കഴിയുന്നതോടെ കുളിച്ച് നമസ്കാരം തുടങ്ങണം. രക്ത സാന്നിദ്ധ്യം പ്രശ്നമാക്കേണ്ടതില്ല.

(രണ്ട്) മാസമുറ എത്ര ദിവസമാണെന്ന് അറിഞ്ഞി

---

74 ബുഖാരി 325, 228, 306, 331. മുസ്ലിം 333 അദ്ധ്യായം, ആർത്തവം.

75 മുസ്ലിം 334

ട്ടില്ലാത്തവൾ. അതായത് ഋതുമതിയാകാൻ തുടങ്ങിയത് മുതൽ തന്നെ രക്തസ്രാവ മുള്ളവളായിമാറി. അതിനാൽ എത്ര ദിവസമാണ് മാസമുറ എന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. ഇത്തരം സന്ദർഭങ്ങളിൽ രക്തത്തിൻെറ വർണ്ണ വ്യത്യാസവും സ്വഭാവവും മറ്റും പരിശോധിച്ച് ആർത്തവ രക്തവും അല്ലാത്തതും വേർതിരിക്കുകയും തദനുസാരമായ വിധിവിലക്കുകൾ പാലിക്കുകയുമാണ് ചെയ്യേണ്ടത്.

ഉദാഹരണം; ഋതുമതിയായത് മുതൽ തന്നെ രക്തം നിലയ്ക്കാതെ തുടരുന്ന ഒരു സ്ത്രീ ആദ്യത്തെ പത്ത്ദിവസം രക്തത്തിൻെറ നിറം കറുപ്പും പിന്നീട് ചുകപ്പുമായി കണ്ടു. അല്ലെങ്കിൽ കട്ടിയുള്ളതും പിന്നീട് നേർത്തതുമായാണ് കണ്ടത്. അതുമല്ലെങ്കിൽ പത്ത് ദിവസം ആർത്തവ ഗന്ധത്തോടെയും പിന്നീട് അതില്ലാതെയുമാണ്. എങ്കിൽ കറുപ്പു നിറമോ കട്ടിയോ ആർത്തവ ഗന്ധമോ കണ്ട ആദ്യത്തെ പത്ത് ദിവസം ഋതുരക്തമായും ബാക്കി ദിവസങ്ങൾ ഇസ്തിഹാദത്തായും വിധിയെഴുതണം. കാരണം, ഫാതിമ ബിൻത് ജഹ്ഷിനോട് നബി (സ) പറഞ്ഞു; "ഋതുരക്തം തിരിച്ചറിയാൻ പറ്റും. കറുത്ത നിറമായിരിക്കും. അത് കണ്ടാൽ നീ നമസ്കാരം ഉപേക്ഷിക്കുക. അല്ലാത്ത അവസ്ഥയിൽ അംഗശുദ്ധി വരുത്തി നീ നമസ്കരിച്ചോളൂ. കാരണം അപ്പോഴത്

അസുഖമാണ്"[76].

ഈ ഹദീസിന്റെ പരമ്പരയും ഉള്ളടക്കവും കുറ്റമറ്റതല്ല.[77] എങ്കിലും പ്രയോഗത്തിൽ പണ്ഡിതൻമാർ ഇതംഗീകരിക്കുന്നു. അവളെപ്പോലുള്ള മറ്റു സ്ത്രീകൾക്കെല്ലാം ശരാശരി എത്ര ദിവസം മാസമുറയുണ്ടാവുന്നു എന്ന് നോക്കി അത്രയും ദിവസം അവളും ആർത്തവമായി കണക്കാക്കി ബാക്കി ദിവസങ്ങൾ ഇസ്തിഹാദത്തായി പരിഗണിക്കുകയാണ് വേണ്ടത് എന്നൊരഭിപ്രായവുമുണ്ട് പക്ഷെ ആ അഭിപ്രായത്തെക്കാൾ പ്രായോഗികമായ വീക്ഷണം ആദ്യത്തേതാണ്.

(മൂന്ന്) കൃത്യമായി മാസമുറയില്ല. എപ്പോഴും ഒരേ പോലെയായതിനാൽ രക്തത്തിന്റെ നിറമോ സ്വഭാവമോ നോക്കി നിർണ്ണയിക്കാൻ സാധിക്കുന്നുമില്ല. എങ്കിൽ മറ്റു സ്ത്രീകൾക്കെല്ലാം സാധാരണ എത്ര ദിവസമാണ്

---

76 അബൂ ദാവൂദ് 286,304, നസാഈ 201

77 "ഹദീസിന്റെ പരമ്പര കുറ്റമറ്റതല്ല" എന്ന പ്രയോഗം ശരിയാണെന്ന് തോന്നുന്നില്ല. ഇതിന്റെ എല്ലാ പരമ്പരകളും പരിശോധനാ വിധേയമാക്കിയ ശേഷം ഈ ഹദീസ് പ്രബലമാണ് എന്ന് പ്രശസ്ത ഹദീസ് പണ്ഡിതനായ ശൈഖ് നാസ്വിറുദ്ദീൻ അൽബാനി രേഖപ്പെടുത്തിയിട്ടുണ്ട്. ("ഇർവാഉൽ ഗലീൽ" വാള്യം 1 പേജ് 223 "സ്വഹീഹ് അബൂദാവൂദ്" 283 നോക്കുക. ഗ്രൻഥ കർത്താവ് തന്നെ "ശറഹുൽ മുമ്തിഅ് അലാ സാദിൽ മുസ്തഖ്നിഅ്" എന്ന തന്റെ കൃതിയിൽ ആ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. പേ 1/426)

മാസമുറയുണ്ടാവാറുള്ളത് എന്ന് നോക്കുക. അതിൻെറ അടിസ്ഥാനത്തിൽ രക്ത സാന്നിദ്ധ്യം കണ്ടത് മുതൽ ഒരോ മാസവും ആദ്യത്തെ ആറോ ഏഴോ ദിവസങ്ങൾ ആർത്തവമായും ബാക്കി ഇസ്തിഹാദത്തായും ഗണിക്കണം.

ഉദാഹരണം; അഞ്ചാം തിയ്യതിയാണ് ആദ്യമായി രക്ത സാന്നിദ്ധ്യമുണ്ടാകുന്നത് എന്ന് വെക്കുക. പിന്നീടത് തുടർന്നു കൊണ്ടിരുന്നു. അവസാനിച്ചില്ല. നിറം കൊണ്ടോ മറ്റു ബാഹ്യ ലക്ഷണങ്ങൾ കൊണ്ടോ വേർതിരിച്ചു മനസ്സിലാക്കാൻ കഴിയുന്നുമില്ല. എങ്കിൽ, എല്ലാ മാസവും അഞ്ചാം തിയ്യതി മുതൽ ആറോ ഏഴോ ദിവസം അവൾ ഋതുമതിയായി കണക്കാക്കണം.

കാരണം ജഹ്ഷിൻെറ മകൾ ഹംന(റ) നബി (സ) യോട് പറഞ്ഞു. ദൈവദൂതരെ എനിക്ക് ശക്തിയായ രക്തസ്രാവമുണ്ടാവുന്നു. നമസ്കാരവും നോമ്പും നിർവ്വഹിക്കാൻ കഴിയുന്നില്ല. ഞാൻ എന്ത് ചെയ്യണം? അവിടുന്ന് പറഞ്ഞു; പഞ്ഞി ഉപയോഗിക്കുന്ന രീതി ഞാൻ നിനക്ക് പറഞ്ഞു തരാം. അത് രക്തത്തെ തടഞ്ഞുകൊള്ളും. അവൾ പറഞ്ഞു; അത് ഉപയോഗിച്ചാൽ തന്നെയും കാര്യമില്ലാത്ത അവസ്ഥയാണെൻേറത്.... തുടർന്ന് അവിടുന്ന് പറഞ്ഞു; ഇതൊരു പൈശാചിക ധ്വംസനം തന്നെ. അതിനാൽ നീ ആറോ ഏഴോ ദിവസം ഋതുമതിയായി ഗണിക്കുക. പിന്നെ കുളിക്കുക.

വൃത്തിയായി എന്ന് ബോധ്യമായാൽ നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുക. ഇരുപത്തി നാലോ ഇരുപത്തിമൂന്നോ ദിവസം.78

നബി (സ) "ആറോ ഏഴോ" എന്നു പറഞ്ഞത് രണ്ടിൽ ഇഷ്ടമുള്ള ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാം എന്ന അർത്ഥത്തിലല്ല. മറിച്ച് തന്റെ പ്രായവും പ്രകൃതിയുമുള്ള മറ്റു സ്ത്രീകളുടെ മാസമുറ നോക്കി ആറ് ദിവസമോ ഏഴ് ദിവസമോ ഏതാണ് തനിക്ക് അനുയോജ്യമെന്ന് തിട്ടപ്പെടുത്തണമെന്ന അർത്ഥത്തിലാണ്.

# രക്തസ്രാവത്തോട് സാദൃശ്യമുള്ള ചില അവസ്ഥകൾ.

ഗർഭാശയ സംബന്ധമായ ശസ്ത്രക്രിയ മൂലവും മറ്റും ചിലപ്പോൾ നേരിയ തോതിൽ രക്തമൊലിക്കുന്ന അവസ്ഥയുണ്ടാവാം. ഇത്തരം സ്ത്രീകളെ രണ്ടായി വിഭജിക്കാം.

(a) ഗർഭാശയം പൂർണ്ണമായി നീക്കം ചെയ്തത് കൊണ്ടോ, ഗർഭാശയ മുഖം അടച്ചു കളഞ്ഞതുകൊണ്ടോ

78 അദ്ധ്യായം. ശുദ്ധി. അബു ദാവൂദ് 287, തുർമുദി128

**ഇനി ആർത്തവമുണ്ടാവാൻ സാദ്ധ്യതയില്ല എന്ന് ബോദ്ധ്യമായ സ്ത്രീ**

ഇത്തരം സ്ത്രീകൾ രക്തസ്രാവത്തിന്റെ വിധിയല്ല, പ്രത്യുത ശുദ്ധിയായ ശേഷം വർണ്ണവ്യത്യാസമുള്ള സ്രവമോ ഈർപമോ കാണുമ്പോഴുള്ള വിധിവിലക്കുകളാണ് പാലിക്കേണ്ടത്. അഥവാ അവൾ നമസ്കാരമോ നോമ്പോ ഉപേക്ഷിക്കാൻ പാടില്ല. അവളുമായി ലൈംഗിക വേഴ്ച നടത്തുന്നതിന് വിരോധമില്ല. അവൾക്ക് നിർബന്ധമായ കുളിയില്ല. എന്നാൽ നമസ്കരിക്കാൻ വേണ്ടി രക്തം കഴുകി വൃത്തിയാക്കണം. രക്തം കിനിയുന്നത് തടയാൻ ജനനേന്ദ്രിയത്തിൽ തുണിയോ മറ്റോ വെക്കണം. പിന്നീട് അംഗ ശുദ്ധി വരുത്തി നമസ്കരിക്കണം. സമയ ബന്ധിതമായ നിർബന്ധ നമസ്കാരങ്ങൾക്കും മറ്റും സമയമായ ശേഷം മാത്രം അംഗശുദ്ധി വരുത്തുക. അല്ലാത്തവയ്ക്ക് നമസ്കരം ഉദ്ദേശിക്കുമ്പോഴും.

**(b) ആർത്തവമുണ്ടാകുന്നതിന് തടസ്സം നേരിടാത്ത രീതിയിലുള്ള ശസ്ത്രക്രിയക്ക് വിധേയമായ സ്ത്രീ**

ഇത്തരം സ്ത്രീകളിൽ കാണുന്ന രക്ത സാന്നിദ്ധ്യം രക്തസ്രാവത്തിന്റെ ഗണത്തിൽ ഉൾപ്പെടും. "അത് ആർത്തവമല്ല. ധമനിയെ ബാധിച്ച അസുഖമാണ്. അതിനാൽ ആർത്തവ സമയമെത്തിയാൽ നീ നമസ്കാരം

ഉപേക്ഷിക്കുക"[79] എന്ന് നബി (സ) ഫാതിമയോട് പറഞ്ഞതിൽ നിന്നും ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്. "ആർത്തവ സമയമെത്തിയാൽ" എന്ന നബി (സ) യുടെ പ്രയോഗം രക്ത സ്രാവത്തിന്റെ വിധിവിലക്കുകൾ ബാധകമാകുന്നത് ആർത്തവ സാദ്ധ്യതയുള്ള സ്ത്രീകൾക്കാണെന്ന് മനസ്സിലാക്കി തരുന്നു. എന്നാൽ ആർത്തവ സാദ്ധ്യത ഇല്ലാത്തവരെ സംബന്ധിച്ചേടത്തോളം എന്നും രക്ത ധമനിയെ ബാധിച്ച ഒരസുഖമായി തന്നെ അത് നിലനിൽക്കും.

# രക്തസ്രാവമുള്ള സ്ത്രീകൾ പാലിക്കേണ്ട വിധിവിലക്കുകൾ.

സ്ത്രീകളിൽ കാണപ്പെടുന്ന രക്തസാന്നിദ്ധ്യം ആർത്തവമായി ഗണിക്കേണ്ടതെപ്പോഴാണ്? രക്തസ്രാവമായി ഗണിക്കേണ്ടതെപ്പോഴാണ്? അതുപോലെ ആർത്തവമുള്ളവൾക്ക് ബാധകമാവുന്ന പ്രത്യേക വിധിവിലക്കുകൾ എന്തെല്ലാമാണ്? എന്നീ കാര്യങ്ങൾ നാം വിവരിച്ചു കഴിഞ്ഞു. ഇനി രക്ത സ്രാവമുള്ളവൾക്ക് ബാധകമാവുന്ന വിധിവിലക്കുകൾ എന്തെല്ലാമാണ് എന്ന് നമുക്ക് പരിശോധിക്കാം.

---

79 ബുഖാരി 325 മുസ്ലിം 333

അശുദ്ധിയില്ലാത്ത സാധാരണ അവസ്ഥയും രക്ത സ്രാവമുള്ള പ്രത്യേക അവസ്ഥയും മത ദൃഷ്ട്യാ ഒരു പോലെയാണ്. രണ്ട് പേരും ഏതാനും കാര്യങ്ങളിലല്ലാതെ വ്യത്യാസമില്ല. അവ താഴെ വിവരിക്കാം.

(1) രക്തസ്രാവമുള്ളവൾ ഒരോ നമസ്കാരത്തിനും വെവ്വേറെ അംഗശുദ്ധി വരുത്തണം. കാരണം ജഹ്ഷിന്റെ മകൾ ഫാതിമയോട് നബി (സ) പറഞ്ഞു. നീ ഒരോ നമസ്കാരത്തിനും സമയമാകുമ്പോൾ "വുദൂഅ്" എടുക്കുക.[80] അഥവാ സമയ നിർണ്ണിതമായ നമസ്കാരങ്ങൾക്ക് സമയമായ ശേഷവും അല്ലാത്തവയ്ക്ക് നമസ്കാരം ഉദ്ദേശിക്കുമ്പോഴും മാത്രമേ അവൾ അംഗശുദ്ധി വരുത്തുവാൻ പാടുള്ളൂ എന്നർത്ഥം.

(2) "വുദൂഅ്" എടുക്കും മുമ്പ് രക്താവശിഷ്ടങ്ങൾ കഴുകി വൃത്തിയാക്കണം. ജനനേന്ദ്രിയ ഭാഗത്ത് രക്തമൊഴുകി വരാതിരിക്കാൻ പരുത്തിയോ മറ്റോ വെക്കണം. കാരണം ഹംനയോട് നബി (സ) പറഞ്ഞു. പരുത്തി ഉപയോഗിക്കുന്ന രീതി ഞാൻ പറഞ്ഞു തരാം. അത് രക്തത്തെ തടഞ്ഞു കൊള്ളും. അവൾ പറഞ്ഞു; എന്റെ അവസ്ഥ അതിനെല്ലാം അതീതമാണ്. അവിടുന്ന്

80 ബുഖാരി 228

പറഞ്ഞു; എന്നാൽ നീ തറ്റുടുത്തു നോക്കുക.. അവൾ പറഞ്ഞു; അതിനും അതീതമാണ് എന്റെ സ്ഥിതി. അവിടുന്ന് പറഞ്ഞു: എങ്കിൽ നീ ശീല വെച്ചു നോക്കുക. അവൾ പറഞ്ഞു; അതിനും അതീതമാണ് എന്റെ സ്ഥിതി.[81] തുടർന്ന് നമസ്കാര സമയമെത്തിയാൽ പരമാവധി വൃത്തിയാക്കി നമസ്കാരം നിർവ്വഹിക്കാനാണ് നബി (സ) അവരോട് നിർദ്ദേശിച്ചത്.

തടയാനുള്ള മുൻ കരുതൽ ചെയ്തിട്ടും രക്തം പുറത്ത് വരുന്നുണ്ടെങ്കിൽ അത് പ്രശ്നമാക്കേണ്ടതില്ല. കാരണം നബി (സ) ഫാത്വിമ ബിൻത് അബീ ഹുബൈഷ് (റ) യോട് പറഞ്ഞു; ആർത്തവ സമയമെത്തിയാൽ നീ നമസ്കാരം ഉപേക്ഷിക്കുക. അത് കഴിഞ്ഞാൽ കുളിച്ച് വൃത്തിയാവുക. പിന്നെ ഓരോ നമസ്കാരത്തിനും അംഗശുദ്ധി വരുത്തി നമസ്കരിച്ചോളൂ. നമസ്കാര പ്പായയിൽ രക്തം ഇറ്റി വീണാലും ശരി.[82]

---

81 തുർമുദി 128
82 'നമസ്കാരപ്പായയിൽ രക്തം ഇറ്റി വീണാലും' എന്ന വാക്യം പ്രബലമായ റിപ്പോർട്ടുകളിൽ ഇല്ല. അഹ്മദ്, ഇബ്നുമാജ തുടങ്ങിയ മഹാൻമാർ റിപ്പോർട്ടു ചെയ്ത പ്രസ്തുത ഹദീസിന്റെ പരമ്പര ദുർബലമാണ്. (അൽബാനി. "ഇർവാഉൽ ഗലീൽ" 1/225) എന്നാൽ അനിയന്ത്രിതമായ രക്തസ്രാവമുണ്ടെങ്കിലും, അത് പ്രശ്നമാക്കാതെ നമസ്കരിക്കാമെന്ന ഹദീസിന്റെ ആശയം സ്ഥിരപ്പെട്ടതാണ്. നബി (സ) യോടൊപ്പം പള്ളിയിൽ ഭജനമിരുന്നിരുന്ന അവിടുത്തെ പത്നിമാരിൽ ചിലർക്ക് ഈ

# ലൈംഗിക വേഴ്ച.

ആർത്തവകാലത്തെപ്പോലെ തന്നെ രക്തസ്രാവമുണ്ടാവുമ്പോഴും ലൈംഗിക വേഴ്ച അനുവദനീയമല്ല എന്ന അഭിപ്രായമുള്ള പണ്ഡിതൻമാരുണ്ട്. എന്നാൽ അത് ശരിയല്ല. നിരുപാധികം അനവദനീയമാണത്. കാരണം നബി (സ) യുടെ കാലത്ത് രക്ത സ്രാവമുണ്ടായ ധാരാളം സ്ത്രീകൾ[83] ഉണ്ടായിരുന്നു. അല്ലാഹുവോ റസൂലോ അവരുമായി ലൈംഗിക ബന്ധം നടത്തുന്നത് വിലക്കിയിട്ടില്ല. മാത്രമല്ല, ആർത്തവ കാലത്ത് സ്ത്രീകളെ വെടിഞ്ഞ് നിൽക്കുക എന്ന് മാത്രമെ അല്ലാഹു പറഞ്ഞിട്ടുള്ളൂ. അല്ലാത്ത സന്ദർഭങ്ങളിൽ വെടിയേണ്ടതില്ല എന്നതിൻെറ രേഖയാണിത്. മറ്റൊരു കാരണം അവൾക്ക് നമസ്കരിക്കാമെന്നതാണ്. രക്തസ്രാവമുള്ള അവസ്ഥയിൽ നമസ്കരം നിർവ്വഹിക്കാമെങ്കിൽ അതിനെക്കാൾ നിസ്സാരമാണ് ലൈംഗികവേഴ്ച.

---

പ്രശ്നമുണ്ടായിരുന്നെന്നും അതിനാൽ ഇറ്റിവീഴുന്ന രക്തം പള്ളിയിലാകാതിരിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിക്കൊണ്ടായിരുന്നു അവർ നമസ്കരിച്ചിരുന്നതെന്നും ബുഖാരിയിൽ കാണാം (ഹദീസ് 309,310,311,2037)

83 ഇത്തരം പത്തിലധികം സ്ത്രീകളെപ്പറ്റി ഹദീസുകളിൽ പരാമർശം കാണാം.

ഋതുമതിയുമായി ലൈംഗിക വേഴ്ച നടത്തുന്നതിനോട് ഇതിനെ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. കാരണം ലൈംഗിക വേഴ്ച പാടില്ലെന്ന് വാദിക്കുന്നവർ പോലും രണ്ട് പേരും തുല്യമാണെന്ന് പറയുന്നില്ല. രണ്ടും വ്യത്യാസമുണ്ടായിരിക്കെ പരസ്പരം താരതമ്യപ്പെടുത്തുന്നതിൽ അർത്ഥവുമില്ല.

## "നിഫാസ്"

## അഥവാ പ്രസവാശുദ്ധി

പ്രസവം നിമിത്തം ഗർഭാശയത്തിൽ നിന്ന് പുറത്ത് വരുന്ന രക്തമാണ് "നിഫാസ്". അത് പ്രസവത്തോടൊപ്പമാകാം അതിന് ശേഷമാകാം രണ്ടോ മൂന്നോ ദിവസം മുമ്പുമാകാം. അതിനോടൊപ്പം പ്രസവ വേദനയുണ്ടാകും

പ്രസവ വേദന തുടങ്ങിയ ശേഷം ഉണ്ടാവുന്ന രക്തമെന്നല്ലാതെ രണ്ടോ മൂന്നോ ദിവസമെന്ന പരിധിയൊന്നും അതിനില്ല; എന്നാണ് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ: പറഞ്ഞത്

പ്രസവത്തോടനുബന്ധിച്ചുണ്ടാകുന്ന അശുദ്ധി ചുരുങ്ങിയത് എത്ര ദിവസമുണ്ടാവും? കൂടിയാൽ എത്ര

ദിവസം വരെ നീണ്ടു നിൽകും? പണ്ഡിതൻമാർക്കിടയിൽ അഭിപ്രായ വ്യത്യാസമുള്ള കാര്യമാണിത്.

ശൈഖുൽ ഇസ്ലാം പറയുന്നു; അങ്ങനെയൊരു പരിധിയൊന്നും ഇതിനില്ല. നാൽപതോ അറുപതോ എഴുപതോ ദിവസം അശുദ്ധിയുണ്ടായ ശേഷമാണ് അവസാനിച്ചതെങ്കിലും അതൊക്കെ "നിഫാസ്" തന്നെയാണ്. എന്നാൽ അവിരാമം തുടരുന്നവരെ സംബന്ധിച്ചേടത്തോളം നാൽപത് ദിവസമെന്ന് പരിധി നിശ്ചയിക്കാമെന്നാണ് ഇവ്വിഷയകമായി നബി (സ) യുടെ അനുചരൻമാരിൽ നിന്നും വന്ന റിപ്പോർട്ടുകൾ മനസ്സിലാക്കി തരുന്നത്.84

ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നാൽപത് ദിവസത്തിൽ കൂടുതൽ അശുദ്ധി നീണ്ടു നിൽക്കുന്നു വെങ്കിൽ അവൾ എന്ത് ചെയ്യണം?

അശുദ്ധി നീങ്ങാനടുത്ത ലക്ഷണം കാണുകയോ ഏതാനും ദിവസങ്ങൾ കൂടി കഴിഞ്ഞാൽ ശുദ്ധി പ്രാപിക്കു കയാണ് സാധാരണ പതിവ് എന്ന് മനസ്സിലാവുകയോ ചെയ്താൽ അവൾക്ക് കാത്തിരിക്കാം. പ്രശ്നമില്ല. ഇതൊന്നുമില്ലെങ്കിൽ പിന്നെ നാൽപത് ദിവസം

---

84 رسالة في الاسماء التي علق الشارع الاحكام بها ـ ص ٣٧

കഴിയുന്നതോടെ കുളിച്ച് സാധാരണ പോലെ നമസ്കാരവും മറ്റും ആരംഭിക്കണം.എന്നാൽ തനിക്ക് ആർത്തവമുണ്ടാകാറുള്ള ദിവസങ്ങളിലാണ് നാൽപത് തികയുന്നതെങ്കിൽ അത്രയും ദിവസങ്ങൾ കൂടി കാത്തിരിക്കണം. അതിൽ ശുദ്ധി പ്രാപിച്ചാൽ ഭാവിയിൽ അതനുസരിച്ചവൾക്ക് പ്രവർത്തിക്കാം. എന്നാൽ ശുദ്ധി വരാതെ പിന്നെയും അശുദ്ധി തുടരുന്നുവെങ്കിൽ രക്തസ്രാവമായി കണക്കാക്കി അതിനനുസരിച്ചുവേണം അവൾ പ്രവർത്തിക്കാൻ.

നാൽപത് ദിവസം പൂർത്തിയാകുന്നതിന്റെ മുമ്പ് അശുദ്ധി നീങ്ങിയാൽ പിന്നെ കാത്തിരിക്കാതെ കുളിച്ച് നമസ്കാരവും നോമ്പും ആരംഭിക്കണം. അവൾ ശുദ്ധിയുള്ളവളാണ്. അവൾക്ക് ഭർത്താവുമായി ലൈംഗിക ബന്ധവുമാവാം.

അവയവങ്ങൾ രൂപപ്പെട്ടുതുടങ്ങിയ (organogenesis) ഗർഭം പ്രസവിക്കുന്നത് മൂലം മാത്രമേ "നിഫാസ്" ആയി പരിഗണിക്കപ്പെടുകയുള്ളൂ. രൂപം പ്രാപിച്ചിട്ടില്ലാത്ത അവസ്ഥയിൽ ഗർഭം അലസിയാൽ അത് അസുഖം നിമിത്തമുണ്ടായതും രക്തസ്രാവത്തിന്റെ വിധിവിലക്കുകൾക്ക് വിധേയവുമാണ്[85]. മനുഷ്യാവയവങ്ങൾ രൂപപ്പെട്ടുവരുന്നത് ചുരുങ്ങിയത് എൺപത് ദിവസവും പൊതുവിൽ തൊണ്ണൂറു ദിവസവും ഗർഭത്തിന് പ്രായമാകുമ്പോഴാണ്.

മജ്ദ്ബ്നു തൈമിയ്യ പറയുന്നു: പ്രസവവേദനയും തുടർന്നു രക്തവും കണ്ടാൽ നമസ്കാരവും നോമ്പും ഉപേക്ഷിക്കാവുന്നതാണ്. പിന്നീടത് പ്രസവാശുദ്ധി അല്ലായിരുന്നു എന്ന് ഉറപ്പായാൽ സാധാരണ അവസ്ഥയിലേക്ക് മടങ്ങുകയും നഷ്ടപ്പെട്ട ആരാധനാ

---

85 ഹമ്പലീ മദ്ഹബിലെ അംഗീകൃത വീക്ഷണമാണിത്. ഈ അഭിപ്രായ പ്രകാരം എൺപത് ദിവസമാകുന്നതിന് മുമ്പ് ഗർഭം അലസിപ്പോയാൽ നമസ്കാരവും മറ്റു ആരാധനാ കർമ്മങ്ങളും സാധാരണ പോലെ നിർവ്വഹിക്കേണ്ടതുണ്ട്. നിഫാസുമായി ബന്ധപ്പെട്ട വിധിവിലക്കുകളൊന്നും അവൾക്ക് ബാധകമല്ല. എന്നാൽ ഭ്രൂണം ഏത് ഘട്ടത്തിൽ അലസിപ്പോയാലും നിഫാസിന്റെ പരിധിയിൽ ഉൾപ്പെടുമെന്നാണ് ശാഫഈപണ്ഡിതന്മാരുടെ വീക്ഷണം.

ഖണ്ഢിതമായ പ്രമാണങ്ങളുടെ അഭാവത്തിൽ ലഭ്യമായ തെളിവുകൾ മുന്നിൽവെച്ച് മഹാന്മാരായ പണ്ഡിതന്മാർ നടത്തിയ ഗവേഷണങ്ങളിൽ വീക്ഷണ വ്യത്യാസം സ്വാഭാവികമാണ്. ഇവിടെ ശാഫഈപണ്ഡിതന്മാരുടെ വീക്ഷണം

കർമ്മങ്ങൾ വീണ്ടെടുക്കുകയും ചെയ്യുക. ഉറപ്പു വരുന്നില്ലെങ്കിൽ സാധാരണ അവസ്ഥയിലേക്ക് മടങ്ങേണ്ടതില്ല. പ്രത്യക്ഷത്തിൽ മനസ്സിലാക്കിയ നിഗമനത്തിൽ തുടർന്നാൽ മതി.

# "നിഫാസു"മായി ബന്ധപ്പെട്ട വിധിവിലക്കുകൾ

പ്രസവം മൂലമുണ്ടാകുന്ന അശുദ്ധിയും ആർത്തവം മൂലമുണ്ടാകുന്ന അശുദ്ധിയും തമ്മിൽ വിധിവിലക്കുകളിൽ തികച്ചും ഒരുപോലെയാണ്.[86] ഏതാനും പ്രശ്നങ്ങളിൽ മാത്രമേ വ്യത്യാസമുള്ളൂ. അവ താഴെ പറയുന്നവയാണ്.

## (1) ദീക്ഷാകാലം

ദീക്ഷാകാലം കണക്കാക്കുന്നതിന് നിഫാസുമായി യാതൊരു ബന്ധവുമില്ല. ത്വലാഖ് നടന്നതെപ്പോഴാണെന്നു

---

കൂടുതൽ അനുയോജ്യമായി തോന്നുന്നു. കാരണം ഗർഭത്തിന്റെ വിവിധ ഘട്ടങ്ങൾക്കിടയിൽ വ്യത്യാസം കൽപിക്കാൻ തൃപ്തികരമായ ന്യായീകരണം കാണുന്നില്ല. (والله أعلم)

86 "ആർത്തവമുള്ള സ്ത്രീകൾ പാലിക്കേണ്ട വിധിവിലക്കുകൾ" എന്ന അദ്ധ്യായം നോക്കുക.

മാത്രമാണ് നോക്കേണ്ടത്. ഗർഭാവസ്ഥയിലാണെങ്കിൽ പ്രസവിക്കുന്നതോടെ ഇദ്ദ കാലം കഴിഞ്ഞു. പ്രസവത്തിന് ശേഷമാണെങ്കിൽ മൂന്ന് മാസമുറ കഴിയുന്നതോടെയും. പ്രസവാശുദ്ധി നീങ്ങിയോ ഇല്ലയോ എന്നത് ഇവിടെയൊന്നും പ്രശ്നമാകുന്നില്ല.

## (2) "ഈലാഅ്" ന്റെ സമയ പരിധി

"ഈലാഅ്" ന്റെ കാലപരിധിയിൽ ആർത്തവകാലം ഉൾപ്പെടും "നിഫാസ്" എണ്ണുകയില്ല.

ഒരാൾ തന്റെ ഭാര്യയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നത് എന്നന്നേക്കും, അല്ലെങ്കിൽ നാലു മാസത്തിൽ കൂടുതൽ നീണ്ടു നിൽകുന്ന സമയത്തേക്ക് സ്വയം നിഷിദ്ധമാക്കി ശപഥം ചെയ്യുന്നതിനാണ് "ഈലാഅ്"എന്നു പറയുന്നത്. അത്തരം ശപഥം ചെയ്ത ഒരാളോട് തന്റെ ഭാര്യ ലൈംഗികാവശ്യം നിർവ്വഹിക്കാനുള്ള താൽപര്യം പ്രകടിപ്പിച്ചാൽ അവൻ അതിന് വഴങ്ങണം. ഇല്ലെങ്കിൽ നാലു മാസം വരെ അവന് സമയം അനുവദിക്കണം. എന്നിട്ടും ശപഥത്തിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ അവൾക്ക് വേണമെങ്കിൽ അവനുമായുള്ള വിവാഹ ബന്ധം വേർപെടുത്താവുന്നതാണ്. ഇതാണ് "ഈലാഇ"ന്റെ ഇസ്ലാമിക വിധി.

പ്രസ്തുത നാലു മാസം കണക്കാക്കുന്നതിൽ "നിഫാസ്" എണ്ണുകയില്ല. ആർത്തവ കാലം ഉൾപ്പെടുകയും ചെയ്യും. അഥവാ ശപഥ കാലത്താണ് ഭാര്യ പ്രസവിച്ചതെങ്കിൽ നിഫാസിൻെറ ദിവസങ്ങൾ കഴിച്ച് നാല് മാസം വരെ ഭർത്താവിന് സമയം നൽകണമെന്നർത്ഥം. ആർത്തവ കാലം സാധാരണ ദിവസങ്ങളെപ്പോലെ എണ്ണുകയും ചെയ്യും.

## (3) പ്രായ പൂർത്തി.

ഋതുമതിയാകുന്നതോടെയാണ് സ്ത്രീ പ്രായ പൂർത്തിയാവുന്നത്. പ്രസവിക്കുന്നതോടെയല്ല. കാരണം അണ്ഡോൽപാദനം ഇല്ലാതെ ഗർഭിണിയാവുകയില്ലല്ലോ. അണ്ഡോൽപാദനത്തോടെ പ്രായപൂർത്തിയെത്തുന്നു.

## (4) ഇടയ്ക്ക് നിന്നാൽ ?

ആർത്തവം ഇടയ്ക്ക് നിന്ന് വീണ്ടും സാധാരണ പോലെ ഉണ്ടായാൽ ഇത് ഋതുരക്തം തന്നെയാണ്. ഉദാഹരണം സാധാരണ നിലയിൽ എട്ടു ദിവസം ഋതുമതി ആകാറുള്ള സ്ത്രീക്ക് നാലു ദിവസം കഴിഞ്ഞപ്പോൾ രക്തസാന്നിദ്ധ്യം ഇല്ലാതായി രണ്ട് ദിവസം കഴിഞ്ഞ് ആറും ഏഴും ദിവസങ്ങളിൽ വീണ്ടും ഉണ്ടായി. എന്നാൽ രണ്ടാമത് ഉണ്ടായതും ഋതുരക്തമായി തന്നെയാണ് കണക്കാക്കുക.

അതുപോലെ നാൽപത് ദിവസങ്ങൾ കഴിയുന്നതിന് മുമ്പ് "നിഫാസ്" നിൽക്കുകയും നാൽപതാം ദിവസം വീണ്ടും ആരംഭിക്കുകയും ചെയ്തു എന്നു കരുതുക. എങ്കിൽ രണ്ടാമത് ഉണ്ടായത് ഏത് ഇനത്തിൽ പെടും എന്ന കാര്യം സംശയാസ്പദമാണ് എന്നത്രെ ഹമ്പലീ മദ്ഹബിലെ പ്രസിദ്ധ അഭിപ്രായം. അതിനാൽ അവൾ നിർബന്ധ നമസ്കാരങ്ങളും നോമ്പും നിർണ്ണിത സമയത്ത് തന്നെ നിർവ്വഹിക്കണം. നിർബന്ധമല്ലാത്ത കർമ്മങ്ങളിലെല്ലാം ഋതുമതിയെപ്പോലെ വിലക്കുകൾ പാലിക്കണം പിന്നീട് ശുദ്ധി കൈവരിച്ച ശേഷം നോമ്പ് പോലെയുള്ള കർമ്മങ്ങൾ വീണ്ടും നിർവ്വഹിച്ച് "ഖദാ" വീട്ടുകയും വേണമെന്ന് അവർ വാദിക്കുന്നു.

എന്നാൽ ഈ അഭിപ്രായം ശരിയല്ല. "നിഫാസായി" ഗണിക്കാവുന്ന കാലയളവിനുള്ളിൽ ഉണ്ടാവുന്നതൊക്കെ "നിഫാസായി" തന്നെ ഗണിക്കാം. അതിന് ശേഷമാണെങ്കിൽ ആർത്തവമായും (ഇടക്ക് നിന്നോ ഇല്ലേ എന്നൊന്നും നോക്കേണ്ടതില്ല) അവിരാമമായി തുടരുമ്പോഴാകട്ടെ രക്തസ്രാവമായും. ഏകദേശം ഈ അഭിപ്രായമാണ് ഇമാം മാലിക്ക് രേഖപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു; രക്തം നിൽക്കുകയും രണ്ടോ മൂന്നോ ദിവസം കഴിഞ്ഞ് വീണ്ടും കാണുകയും ചെയ്താൽ അത് "നിഫാസ്" തന്നെയാണ്. അല്ലെങ്കിൽ (കൂടുതൽ നീണ്ടുനിന്നാൽ) അത്

ആർത്തവമായി കണക്കാക്കും87

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ: സ്വീകരിച്ച വീക്ഷണത്തിന്റെ താൽപര്യവുമതാണ് അദ്ദേഹം പറയുന്നു: വാസ്തവത്തിൽ സംശയാസ്പദമായ ഒരവസ്ഥയൊന്നും രക്തത്തിന്റെ കാര്യത്തിൽ ഇല്ല. സംശയമെന്നത് ആപേക്ഷികമാണ്. ആളുകളുടെ അറിവും പരിചയവുമനുസരിച്ച് അതിൽ വ്യത്യാസം കാണും. എന്നാൽ ഖുർആനിലും ഹദീസിലും എല്ലാ കാര്യങ്ങളുടെയും വ്യക്തമായ വിശദീകരണമുണ്ട്. ഒരേ നോമ്പ് അല്ലെങ്കിൽ ഒരേ "ത്വവാഫ്" രണ്ട് പ്രാവശ്യം നിർവ്വഹിക്കാൻ അല്ലാഹു കൽപിച്ചിട്ടില്ല. വീണ്ടും ചെയ്തെങ്കിലല്ലാതെ പരിഹരിക്കപ്പെടാത്ത വല്ല വീഴ്ചയും ആദ്യത്തേതിൽ വന്നെങ്കിലൊഴികെ. താൻ കൽപിക്കപ്പെട്ട കാര്യം കഴിവിന്റെ പരമാവധി നിർവ്വഹിച്ചതോടെ തന്റെ ബാദ്ധ്യതയിൽ നിന്നും അവൻ ഒഴിവാകുന്നു. അല്ലാഹു പറയുന്നു;

لا يُكَلِّفُ اللَّهُ نَفْسًا إِلاَّ وُسْعَهَا (البقرة ٢٨٦)

"തന്റെ കഴിവിൽ പെട്ടതല്ലാതെ ഒരാളോടും അല്ലാഹു കൽപിക്കുന്നില്ല."88 വീണ്ടും പറയുന്നു

فَاتَّقُوا اللَّهَ مَا اسْتَطَعْتُمْ (تغابن ١٦)

---

87 മുഗ്നി. ഇബ്നു ഖുദാമ.പേജ്.1-349

88 വി.ഖുർആൻ2:286

"നിങ്ങളുടെ കഴിവനുസരിച്ച് നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക"89

## ലൈംഗിക വേഴ്ച.

സാധാരണ ആർത്തവം അവസാനിക്കുന്ന സമയമാകുന്നതിന് മുമ്പ് തന്നെ ആർത്തവമുള്ളവൾ ശുദ്ധി പ്രാപിച്ചാൽ അവളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതിന് യാതൊരു വിരോധവുമില്ല. എന്നാൽ പ്രസവിച്ചവൾ നാൽപത് ദിവസം കഴിയുന്നതിന് മുമ്പ് ശുദ്ധി പ്രാപിച്ചാൽ അവളുമായി ലൈംഗികബന്ധം അഭികാമ്യമാണോ?

അഭികാമ്യമായ കാര്യമല്ല എന്നാണ് ഹമ്പലീ മദ്ഹബിലെ പ്രസിദ്ധമായ അഭിപ്രായം. എന്നാൽ ഈ അഭിപ്രായം ശരിയല്ല എന്നത്രെ ഭൂരിഭാഗം പണ്ഡിതൻമാരും പറഞ്ഞത്. കാരണം, ഒരു കാര്യം മതദൃഷ്ട്യാ അഭികാമ്യമല്ല എന്നു പറയാൻ പ്രമാണം വേണം. ഇവിടെ അത്തരം പ്രമാണങ്ങളൊന്നുമില്ല.

ഇമാം അഹ്മദ് ബിൻ ഹമ്പൽ അവലംബിക്കുന്നത്

---

89 വി.ഖുർആൻ64:16

ഉസ്മാൻ ബിൻ ആസ്(റ)ൽ നിന്നും ഉദ്ധരിക്കപ്പെടുന്ന ഒരു സംഭവം മാത്രമാണ്. അദ്ദേഹത്തിന്റെ ഭാര്യ പ്രസവിച്ച് നാൽപത് ദിവസം കഴിയുന്നതിന് മുമ്പ് അദ്ദേഹത്തെ സമീപിക്കുകയുണ്ടായി. അപ്പോൾ അവളുടെ ആവശ്യത്തിന് അദ്ദേഹം വഴങ്ങിയില്ല. മാറി നിൽക്കാൻ കൽപിച്ചു. ഇതാണാസംഭവം.90 ഈ സംഭവത്തിന്റെ വെളിച്ചത്തിൽ ലൈംഗിക ബന്ധം അഭികാമ്യമല്ലെന്ന് പറയാൻ പറ്റില്ല. കാരണം ഉസ്മാൻ(റ) വഴങ്ങാതിരുന്നത് അവൾ ശുദ്ധി പ്രാപിച്ചിട്ടില്ല എന്ന് ധരിച്ചത് കൊണ്ടാവാം. അല്ലെങ്കിൽ ബന്ധപ്പെടുന്നത് വീണ്ടും രക്തസാന്നിദ്ധ്യത്തിന് ഇടവരുത്തുമെന്ന് ഭയപ്പെട്ടത് കൊണ്ടാവാം അല്ലെങ്കിൽ മറ്റെന്തെങ്കിലു കാരണം കൊണ്ടാവാം. ഏതായാലും അതൊരു പ്രമാണമല്ല.

## ആർത്തവ ചക്രത്തിൽ കൃത്രിമമായി മാറ്റമുണ്ടാക്കാമോ?

(A) ആർത്തവം തടയാനുള്ള കൃത്രിമ മാർഗങ്ങൾ സ്വീകരിക്കുന്നത് രണ്ട് നിബന്ധനകൾക്ക് വിധേയമാണ്.

---

90 ഇമാം ദാറഖുഥ്നി ഉദ്ധരിച്ച പ്രസ്തുത സംഭവം ശരിയാണെങ്കിൽ പോലും പ്രമാണമല്ല. എന്നാൽ ഇതിന്റെ നിവേദനപരമ്പര ദുർബലവുമാണ്. ( അൽബാനി. ഇർവാഉൽ ഗലീൽ വാള്യം 1/പേ: 226 നമ്പർ 212 നോക്കുക.)

(1) അത് മൂലം ശാരീരികമായി യാതൊരു ദോഷവും ഉണ്ടാകാൻ പാടില്ല. ദോഷകരമാണെന്ന് അറിഞ്ഞുകൊണ്ട് അത്തരം കൃത്രിമ മാർഗങ്ങൾ ഉപയോഗിക്കുന്നത് ഹറാമാണ്. കാരണം അല്ലാഹു പറയുന്നതിങ്ങിനെയാണ്:

وَ لاَ تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ

"നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിലേക്ക് തള്ളി വിടരുത്"[91]

وَ لاَ تَقْتُلُوا أَنْفُسَكُمْ إِنَّ اللَّهَ بِكُمْ رَحِيمًا

"നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. അല്ലാഹു നിങ്ങളോട് കൃപയുള്ളവനാണ്."[92]

(2) ഭർത്താവിന്റെ അവകാശങ്ങളുമായി ആർത്തവം ഏതെങ്കിലും നിലയ്ക്ക് ബന്ധപ്പെടുന്നുണ്ടെങ്കിൽ അദ്ദേഹത്തിന്റെ സമ്മതം അനിവാര്യമാണ്. ഉദാ: വിവാഹമോചിതയാണെങ്കിൽ മൂന്നു മാസമുറ കഴിയുന്നത്വരെയാണ് 'ഇദ്ദ' ആചരിക്കേണ്ടത്. 'ഇദ്ദ' കാലത്ത് അവൾക്ക് ജീവനാംശം നൽകാൻ കടപ്പെട്ടവൻ

---

91 വി.ഖുർആൻ 2:195

92 വി.ഖുർആൻ 4:29

ഭർത്താവാണ്. ആർത്തവമുണ്ടാകുന്നത് തടയാനുള്ള മാർഗങ്ങൾ സ്വീകരിക്കുമ്പോൾ അവളുടെ ഇദ്ദകാലം സ്വാഭാവികമായും നീണ്ടു പോകും. അതോടൊപ്പം ഭർത്താവിൻെറ ബാദ്ധ്യതയും. അതിനാൽ അദ്ദേഹത്തിൻെറ സമ്മതത്തോടെയല്ലാതെ അവൾ ആർത്തവം തടയാനുള്ള കൃത്രിമ മാർഗങ്ങൾ സ്വീകരിക്കാൻ പാടില്ല. അതുപോലെ ആർത്തവം ഇല്ലാതാക്കുന്നത് മുഖേന ഗർഭധാരണം തടയപ്പെടുമ്പോഴും ഭർത്താവിൻെറ സമ്മതം അനിവാര്യമായിത്തീരും.

അനുവദനീയമാണെങ്കിലും അനിവാര്യ ഘട്ടങ്ങളിലല്ലാതെ ഇത്തരം കൃത്രിമ മാർഗങ്ങൾ അവലംബിക്കരുത്. കാരണം പ്രകൃതിയെ അതേ നിലക്ക് നിലനിർത്തുന്നതാണ് ഏത് നിലക്കും സുരക്ഷിതവും ആരോഗ്യകരവും.

(B) ആർത്തവം നേരത്തെ ഉണ്ടാകുന്നതിനുള്ള കൃത്രിമ മാർഗങ്ങൾ സ്വീകരിക്കുന്നതും നിബന്ധനകൾക്ക് വിധേയമാണ്.

(1) നിർബന്ധ കർമ്മങ്ങൾ നിർവ്വഹിക്കുന്നതിൽ നിന്നും രക്ഷപ്പെടാനുള്ള ഒരു സൂത്രമാകാൻ പാടില്ല. റമളാൻ മാസമടുക്കുമ്പോൾ നോമ്പ് നോൽക്കാതിരിക്കാൻ വേണ്ടി കൃത്രിമമായി ആർത്തവമുണ്ടാക്കുക. അല്ലെങ്കിൽ നമസ്കാരം

ഉപേക്ഷിക്കാനുള്ള ഒരു മാർഗമെന്ന നിലക്ക് ഉപയോഗ പ്പെടുത്തുക മുതലായവ ഉദാഹരണങ്ങൾ.

(2) ഇവിടെയും ഭർത്താവിൻെറ സമ്മതം വേണം. കാരണം തനിക്ക് അനുവദിക്കപ്പെട്ട ലൈംഗിക വേഴ്ചയിൽ നിന്ന് കൃത്രിമമായി തടയപ്പെടുകയാണിവിടെ. വിവാഹ മോചിതയാണെങ്കിൽ മൂന്ന് മാസമുറയുണ്ടാകുന്നതിന് മുമ്പ് അവളെ വീണ്ടും ഭാര്യയായി സ്വീകരിക്കാനുള്ള അവകാശം ഭർത്താവിനുണ്ട്. ആ അവകാശകാലം കൃത്രിമമായി ചുരുക്കുമ്പോഴും അദ്ദേഹത്തിൻെറ സമ്മതം വേണം

## ഗർഭ ധാരണം തടയാനുള്ള മാർഗങ്ങൾ സ്വീകരിക്കാമോ?

ഇത് രണ്ട് രീതിയിലുണ്ടാവാം

(ഒന്ന്) വന്ധ്യംകരണം അഥവാ താൽക്കാലികമല്ലാതെ എന്നേയ്ക്കുമായി ഗർഭധാരണം തടയുക.

ഇത് അനിസ്ലാമികമാണ്. ചെയ്യാൻ പാടില്ല. കാരണം ഇസ്ലാമിക സമൂഹം വർദ്ധിക്കണമെന്ന മത താൽപര്യത്തിന് വിരുദ്ധമായി സന്താനങ്ങൾ കുറഞ്ഞു

പോകുകയാണ് ഇതിൻെറ ഫലം. കൂടാതെ ജീവിച്ചിരിക്കുന്ന മക്കൾ മരണപ്പെട്ടു പോകുന്ന ഒരു മാതാവിന് വീണ്ടും മക്കളുണ്ടാകാനുള്ള സാധ്യതയില്ലാതാകുമ്പോൾ എന്നെന്നും സന്താന ഭാഗ്യമില്ലാത്തവളായി ജീവിക്കേണ്ടി വരുന്നു.

(രണ്ട്) താൽക്കാലിക ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിക്കുക. ഉദാഹരണമായി വർദ്ധിച്ച പ്രസവവും ഗർഭധാരണവും വഴി അങ്ങേയറ്റം ക്ഷീണിച്ചു ദുർബലയായി തീർന്ന സ്ത്രീ പ്രസവം രണ്ടു വർഷത്തിലൊരിക്കൽ എന്ന രീതിയിലോ മറ്റോ വ്യവസ്ഥാപിതമാക്കണമെന്ന് ആഗ്രഹിക്കുന്നു. ഇത്തരം സന്ദർഭത്തിൽ ഭർത്താവിൻെറ കൂടി അനുമതിയോടെ താൽക്കാലിക ഗർഭ നിരോധന മാർഗ്ഗങ്ങൾ സ്വീകരി ക്കാവുന്നതാണ്. കാരണം നബി (സ) യുടെ കാലത്ത് അവിടുത്തെ അനുചരൻമാർ ഗർഭ ധാരണം ഉണ്ടാകാതിരിക്കാൻ "അസ്ൽ" (onanism) ചെയ്യാറു ണ്ടായിരുന്നു. എന്നാൽ നബി തിരുമേനി അവരെ അതിൽ നിന്ന് വിലക്കുകയുണ്ടായില്ല.[93]

---

93 സ്ഖലനത്തോടടുക്കുമ്പോൾ പിൻവലിക്കുന്ന രീതിയാണ് "അസ്ൽ" കൊണ്ട് വിവക്ഷിക്കുന്നത്.

# ഗർഭം ഒഴിവാക്കാമോ?

പൊതുവിൽ ഇത് രണ്ടു തരത്തിലാകാം.

## (1) ഭ്രൂണഹത്യ അഥവാ ഗർഭച്ഛിദ്രം

ഗർഭച്ഛിദ്രം (Abortion) നടത്തുന്നത് ഹറാമാണെന്നതിൽ സംശയമില്ല. കാരണം ജീവൻ അനർഹമായി കൊല ചെയ്യപ്പെടുകയാണത്. ഖുർആനും ഹദീസും "ഇജ്മാളും" അക്കാര്യം നിഷിദ്ധമാണെന്ന് പഠിപ്പിക്കുന്നു.

എന്നാൽ ജീവൻ നൽകപ്പെടുന്നതിന്റെ മുമ്പാണെങ്കിലോ? ഇവ്വിഷയകമായി പണ്ഡിതൻമാർക്ക് ഏകാഭിപ്രായമല്ല. ചിലർ നിഷിദ്ധമാണെന്ന് പറയുമ്പോൾ മറ്റു ചിലർ വിരോധമില്ലെന്ന് പറയുന്നുണ്ട്. അഭിപ്രായങ്ങൾ വേറെയും കാണാം.

എന്നാൽ അനിവാര്യ ഘട്ടങ്ങളിലല്ലാതെ ഗർഭച്ഛിദ്രം നടത്താതിരിക്കുകയാണ് ഏറ്റവും സൂക്ഷ്മമായ നിലപാട്. ഉദാഹരണമായി രോഗം നിമിത്തം ഗർഭം ധരിക്കാൻ പാടില്ലാത്ത ഒരു സ്ത്രീ ഗർഭിണിയായി എന്നുവെക്കുക. ഇത്തരം സങ്കീർണ ഘട്ടങ്ങളിൽ ഭ്രൂണത്തിന് അവയവരൂപം കൈവരുന്നതിന് മുമ്പ് ഗർഭഛിദ്രം അനുവദനീയമാണ്. والله أعلم

## (2) ഗർഭം പ്രസവിപ്പിക്കുക.

പ്രസവിക്കേണ്ട അവധി എത്തിയ ശേഷമോ എത്താറാകുമ്പോഴോ ബോധപൂർവ്വം പ്രസവം നടത്തുന്നതിന് വിരോധമില്ല; അത്വഴി മാതാവിനോ ശിശുവിനോ ദോഷമില്ലെന്ന് ഉറപ്പുണ്ടെങ്കിൽ.

## ശസ്ത്രക്രിയ നടത്താമോ?

ഗർഭം പുറത്തെടുക്കാൻ ശസ്ത്രക്രിയ നടത്തുന്നതിന് നാല് അവസ്ഥകളുണ്ട്.

(1) മാതാവും ഗർഭസ്ഥ ശിശുവും ജീവനോടിരിക്കുന്ന സാധാരണ അവസ്ഥ.

സ്വാഭാവിക പ്രസവം അസാദ്ധ്യമാകുമ്പോൾ മാത്രമേ ശസ്ത്രക്രിയ നടത്താവൂ. കാരണം ശരീരം ഒരു അമാനത്താണ്. ശരീരത്തിന്റെ സ്വാഭാവികാവസ്ഥക്ക് ഭംഗമുണ്ടാകുമെന്ന് പേടിക്കുന്ന രീതിയിൽ ശരീരത്തിൽ കൈക്രിയ നടത്തൽ അതിനേക്കാൾ വലിയ നേട്ടത്തിന് വേണ്ടി മാത്രമേ പാടുള്ളൂ. ശസ്ത്രക്രിയ ദോഷകരമല്ലെന്ന് ധരിക്കപ്പെടുമ്പോൾ തന്നെ അത് ദോഷകരമായി ഭവിക്കാറുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

(2) മാതാവും ഗർഭസ്ഥ ശിശുവും മൃതിയടഞ്ഞ അവസ്ഥ.

ഇത്തരം സന്ദർഭത്തിൽ ശസ്ത്രക്രിയ നടത്താൻ പാടില്ല. കാരണം അത്കൊണ്ട് യാതൊരു നേട്ടവും ലഭിക്കുന്നില്ല.

(3) മാതാവ് ജീവനോടിരിക്കുന്നു. ഗർഭസ്ഥ ശിശു മൃതിയടഞ്ഞിരിക്കുന്നു.

ഈ സന്ദർഭത്തിൽ കുഞ്ഞിനെ പുറത്തെടുക്കാൻ ശസ്ത്രക്രിയ നടത്തണം. പ്രത്യേക ഘട്ടത്തിലെത്തിയ ശേഷം മൃതിയടയുന്ന ഗർഭസ്ഥ ശിശു ശസ്ത്രക്രിയ കൂടാതെ പുറത്ത് വരില്ല എന്നാണ്ഞാൻ മനസ്സിലാക്കിയത് (അല്ലാഹുവിന്നറിയാം). അപ്പോൾ അത് ഗർഭ പാത്രത്തിൽ അവശേഷിച്ചാൽ തുടർന്നുള്ള ഗർഭസാദ്ധ്യത ഇല്ലാതാകുമെന്ന് മാത്രമല്ല മാതാവിന് ഏറെ ദോഷകരവുമാണത്. ഗർഭാവസ്ഥയിൽ ഇദ്ദ ഇരിക്കുന്നവളാണെങ്കിൽ പ്രസവം നടക്കാത്ത തിനാൽ പുനർ വിവാഹം ചെയ്യപ്പെടാതെ അവളുടെ ദീക്ഷാകാലം നീണ്ടു പോവുകയും ചെയ്യും.

(4) മാതാവ് മൃതിയടയുകയും ഗർഭസ്ഥ ശിശു ജീവിച്ചിരിക്കുകയും ചെയ്യുന്നു.

ശസ്ത്രക്രിയയിലൂടെ കുഞ്ഞിനെ ജീവനോടെ പുറത്തെടുക്കാൻ സാധിക്കുമെങ്കിൽ മൃതശരീരത്തിന്റെ വയർ കീറി കുഞ്ഞിനെ പുറത്തെടുക്കണം.

ഹമ്പലീ മദ്ഹബിലെ പല പ്രമുഖ പണ്ഡിതൻമാരും മൃതശരീരത്തിൻ പരുക്കേൽപ്പിക്കുന്നത് വിരോധിക്കപ്പെട്ടതിനാൽ വയർ കീറി കുഞ്ഞിനെ പുറത്തെടുക്കാൻ പാടില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ആ അഭിപ്രായം ശരിയല്ല. പ്രമുഖ ഹമ്പലീ പണ്ഡിതൻ ഇബ്നു ഹുബൈറ പറഞ്ഞതുപോലെ അതിന് വിരോധമില്ല.

ശസ്ത്രക്രിയ നടത്തുന്നത് വഴി മൃതശരീരം വെട്ടി മുറിക്കുകയാണെന്ന് പറയുന്നത് ശരിയല്ല. പ്രത്യേകിച്ച് ഈ യുഗത്തിൽ. കാരണം വയർ കീറി മുറിച്ചിടുകയല്ല, പിന്നീടത് തുന്നി ശരിപ്പെടുത്തുകയും കൂടി ചെയ്യാറുണ്ട്. സർവ്വോപരി മൃതശരീരത്തിന് നൽകുന്നതിനേക്കാൾ കൂടുതൽ പവിത്രത നൽകേണ്ടത് ജീവനാണ്. അതു പോലെ നിരപരാധിയായ കുഞ്ഞിനെ നാശത്തിൽ നിന്ന് രക്ഷപ്പെടുത്തുകയെന്നത് നിർബന്ധ ബാധ്യത കൂടിയാണ്. ഏറ്റവും അറിയുന്നവൻ അല്ലാഹുവത്രെ.

മേൽ സന്ദർഭങ്ങളിലെല്ലാം ഗർഭത്തിനുത്തരവാദിയായ ഭർത്താവിന്റെ അംഗീകാരവും പരിഗണിക്കപ്പെടേണ്ടതാണ്.

***    *****    ***

ഇവ്വിഷയകമായി നാം ഉദ്ദേശിച്ച കാര്യങ്ങൾ വിവരിച്ചു കഴിഞ്ഞു. കർമ്മശാസ്ത്രപരമായ പ്രശ്നങ്ങളിൽ അവലംബിക്കാവുന്ന മൗലിക തത്വങ്ങളും മാനദണ്ഡങ്ങളും മാത്രമേ നാം ഇവിടെ പരാമർശിച്ചിട്ടുള്ളൂ. അതിലെ ശാഖാപരമായ പ്രശ്നങ്ങളിലേക്കും സ്ത്രീകൾക്കുണ്ടാവുന്ന ഒരോ കാര്യങ്ങളിലേക്കും പ്രവേശിച്ചാൽ കരകാണാക്കടൽ പോലെ വിഷയം നീണ്ടുപോകും. എന്നാൽ കാര്യം ഗ്രഹിക്കാൻ കഴിയുന്നവന് ഈ തത്വങ്ങളും മാനദണ്ഡങ്ങളമുപയോഗിച്ച് ശാഖാപരമായ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയും.

## മതവിധി നൽകുന്നവരോട് പ്രത്യേകം.

ദൂതൻമാർ മുഖേന അല്ലാഹു നൽകിയ സന്ദേശം സൃഷ്ടികൾക്ക് എത്തിച്ചുകൊടുക്കുന്നവരാണ് മതവിധി നൽകുന്നവർ. അതിനാൽ അവർ മനസ്സിലാക്കണം; ഖുർആനിലും സുന്നത്തിലും എന്തുണ്ട്? എന്നാണ് ജനം അവരോട് ചോദിക്കുന്നതെന്ന്. കാരണം അവ രണ്ടുമാണ് മതത്തിന്റെ മൂല പ്രമാണങ്ങൾ. അവ രണ്ടും ഗ്രഹിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനുമാണ് മനുഷ്യൻ കൽപിക്കപ്പെട്ടത്. അവ രണ്ടിനും വിരുദ്ധമായതെല്ലാം

തെറ്റാണ്. ആരാണോ ആ തെറ്റു പറഞ്ഞത് അവരിലേക്കു തന്നെയത് തിരിച്ചുവിടുക നിർബന്ധമാണ്. നാം അതനുസരിച്ച് പ്രവർത്തിക്കാൻ പാടില്ല. അബദ്ധം പിണഞ്ഞ വ്യക്തി എപ്പോഴും കുറ്റക്കാരനാവണം എന്നില്ല. ആത്മാർത്ഥമായി അവൻ നടത്തിയ ഗവേഷണത്തിന്റെ ഫലമായിരിക്കും അവന്റെ അഭിപ്രായം. അതിനാൽ അവൻ അല്ലാഹുവിങ്കൽ പ്രതിഫലാർഹനാണ്. എന്നാൽ അത് തെറ്റാണെന്ന് മനസ്സിലാക്കുന്ന മറ്റു വ്യക്തികൾ അത് സ്വീകരിക്കുന്നതാകട്ടെ തികച്ചും നീതീകരണമില്ലാത്ത കാര്യമാണ്.

മതവിധി നൽകുന്നവൻ അല്ലാഹുവിനോട് ആത്മാർത്ഥത പുലർത്തുന്നവനാകണം. തന്നോട് ചോദിക്കപ്പെടുന്ന പ്രശ്നത്തിൽ ശരിയുത്തരം നൽകാനുള്ള തൗഫീഖും സ്ഥൈര്യവും ലഭിക്കാൻ വേണ്ടി അല്ലാഹുവോട് സഹായം തേടണം.

അവൻ പരിഗണിക്കേണ്ടത് ഖുർആനിലും സുന്നത്തിലും വന്ന കാര്യങ്ങളാണ്. അവ രണ്ടിലുമാണവൻ പ്രശ്ന പരിഹാരം പരതേണ്ടതും ചിന്തിക്കേണ്ടതും. അവ ഗ്രഹിക്കാനാവശ്യമായ രീതിയിൽ പണ്ഡിത വാക്യങ്ങളുടെ സഹായവും തേടാം. പലപ്പോഴും മനുഷ്യർ അവർക്കെന്തെങ്കിലും പ്രശ്നങ്ങളിൽ മതവിധി ലഭിക്കേണ്ടി വരുമ്പോൾ തനിക്ക് ലഭ്യമാകുന്ന ഏതെങ്കിലും

സംതൃപ്തമായ മതവിധി ലഭിക്കുകയില്ല. ചിലപ്പോൾ തന്റെ പ്രശ്നത്തെപ്പറ്റി ഒരാളും ഒന്നും പറഞ്ഞിട്ടുപോലും ഉണ്ടാവില്ല. എന്നാൽ അവൻ നിഷ്കളങ്ക മനസ്സോടെ ആത്മാർത്ഥമായി ഖുർആനിലേക്കും ഹദീസിലേക്കും മടങ്ങിയാൽ പ്രശ്നത്തിന്റെ യഥാർത്ഥ മതവിധി സുവ്യക്തവും സുഗ്രാഹ്യവുമായി അവന് ലഭിക്കുന്നത് കാണാം.

മതവിധി നൽകുന്നവൻ സാവകാശം കൈകൊള്ളൽ അനിവാര്യമാണ്. ധൃതി കാണിക്കരുത്. ധൃതിപ്പെട്ട് നൽകിയ എത്രയെത്ര മതവിധികളാണ് പുനഃപരിശോധന നടത്തുമ്പോൾ തെറ്റായിരുന്നുവെന്ന് ബോധ്യമാവുക! അത്തരം സന്ദർഭങ്ങളിൽ ഖേദിക്കുമെന്ന് മാത്രമല്ല ചിലപ്പോൾ താൻ നൽകിയ വിധി എന്തായിരുന്നുവെന്ന് പോലും ഗ്രഹിക്കാൻ കഴിഞ്ഞെന്ന് വരില്ല! ഉറപ്പു വരുത്തി, സാവകാശത്തോടെ മാത്രമേ മതവിധി നൽകുകയുള്ളു എന്ന് ഒരാളെപ്പറ്റി ജനങ്ങൾ മനസ്സിലാക്കുമ്പോഴാണ് അവന്റെ വാക്കുകൾ അവർ പരിഗണിക്കുക. ധൃതികാണിക്കുന്നവന് തെറ്റുപറ്റും. ധൃതികാണിക്കുന്നവനാണെന്ന് ഒരാളെപ്പറ്റി മനസ്സിലാക്കിയാൽ പിന്നെ അവന്റെ മത വിധിയിൽ ജനങ്ങൾക്ക് വിശ്വാസം ഉണ്ടാവില്ല. അപ്പോൾ ധൃതി കാരണം തന്റെ കൈവശമുള്ള ശരിയായ അറിവ് പോലും മറ്റുള്ളവർക്ക് പ്രയോജനപ്പെടാതെ പോകുന്നു.

നമ്മെയും നമ്മുടെ സഹോദരങ്ങളെയും നേർവഴിക്ക് നടത്തണേ എന്ന് അല്ലാഹുവിനോട് നാം പ്രാർത്ഥിക്കുന്നു. തന്റെ പ്രത്യേക ശ്രദ്ധയാലും പരിഗണനയാലും വീഴ്ചകൾ ഉണ്ടാകുന്നതിൽ നിന്നും നമ്മെ അവൻ കാത്തു രക്ഷിക്കട്ടെ. അവൻ ഉദാരനും മാന്യനുമാണ്.

وصلى الله على محمد وآله وسلم

സ്വാലിഹ് അൽ ഉഥൈമീൻ
ശഅബാൻ 14 വെള്ളി 1392.

വിവ: എൻ.വി. സകരിയ്യ, അരീക്കോട്
റമദാൻ 27 വെള്ളി 1416.

# الدماء الطبيعية للنساء

(المليبارية)

## محتوى الكتاب

مقدمة – **الحيض**: معنى الحيض و حكمته - زمن الحيض - مدة الحيض – حيض الحامل – الطوارىء على الحيض – أحكام الحيض: (١) الصلاة (٢) الصيام (٣)الطواف بالبيت (٤) سقوط طواف الوداع عنها (٥) المكث في المسجد (٦) الجماع (٧) الطلاق (٨) العدة (٩) الحكم ببراءة الرحم (١٠) الغسل - **الاستحاضة**: أحوال الاستحاضة - حال من شبه بالمستحاضة - أحكام الاستحاضة - **النفاس**: أحكام النفاس - استعمال ما يمنع الحيض – استعمال ما يمنع الحمل - اسقاط الحمل – عملية جراحية. تنبيه لمن يقوم بالافتاء .

# الدماء الطبيعية للنساء

## (المليبارية)


**فضيلة الشيخ محمدبن صالح العثيمين**

(عضو هيئة كبار العلماء، ورئيس قسم العقيدة بجامعة
الامام محمد بن سعود الاسلامية ، فرع القصيم،
وخطيب الجامع الكبير بعنيزة، المملكة العربية السعودية )

ترجمه و علق عليه : محمد زكريا نوتان فيدان
(خريج كلية أصول الدين، جامعة الامام محمد بن سعود الاسلامية بالرياض)



هذه الطبعة

تمت بإشراف المكاتب التعاونية للدعوة والإرشاد
بالبديعة والصناعية الجديدة

# الدماء الطبيعية للنساء

تاليف فضيلة الشيخ

محمد بن صالح العثيمين

ترجمةُ للمليبارية وعلق عليه

محمد زكريا نوتان فيدان

سنة الطبع ١٤١٩هـ

طبع على نفقة أحد المحسنين
غفر الله له ولوالديه ولجميع المسلمين

المكاتب التعاونية للدعوة والإرشاد بالبديعة والصناعية الجديدة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
ص.ب ٢٤٩٣٢ الرياض ١١٤٥٦ - البديعة: تلفون ٤٣٣٠٨٨٨ (أربعة خطوط)
الصناعية: تلفون ٤٣٠٣٥٧٢ - فاكس ٤٣٠١١٣٢ المملكة العربية السعودية